LR
R12

~~ഇ~~

വൃക്തിമുദ്രകൾ

ഒസ്സ്. പൊന്നക്കാട്ട്.

വ്യക്തിമുദ്രകൾ

ഗ്രന്ഥകർത്താ:
സുകുമാരൻ പൊറെക്കാട്ട്

DHARMARAM COLLEGE LIBRARY
BANGALORE.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

1953 ജൂൺ 30

ഒന്നാംപതിപ്പ്: കോപ്പി 1000
രണ്ടാംപതിപ്പ്: കോപ്പി 1000

വില: 1 ക. 4 ണ.

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

ഉള്ളടക്കം

1. ഡോക്ടർ എസ്. രാധാകൃഷ്ണൻ 1
2. സർദാർ കെ. എം. പണിക്കർ 11
3. ചക്രവത്തി രാജഗോപാലാചാരി 17
4. ഡോക്ടർ പട്ടാഭി സീതാരാമയ്യ 24
5. ജനറൽ കാരിയപ്പ 30
6. എസ്. കെ. പട്ടീൽ 36
7. ഡോക്ടർ ബി. സി. റോയി 42
8. ജഗജ്ജീവൻറാം 49
9. കമലാദേവി 54
10. ഡോക്ടർ ജോൺ മത്തായി 60
11. മൌലാനാ ആസാദ് 66
12. ജവഹർലാൽ നെഹ്റു 72



ഡോക്ടർ എസ്. രാധാകൃഷ്ണൻ.

ഡോക്ടർ എസ്. രാധാകൃഷ്ണൻ

ഒരു സന്ദേശത്തോടുകൂടി ജീവിക്കുന്ന ആധുനിക ലോകത്തിലെ അപൂർവ്വം ചില പ്രതിഭാശാലികളിലൊന്നാമനാണ് രാധാകൃഷ്ണൻ. സുവ്യക്തവും സുദൃഢവുമായ ആ സന്ദേശം മന്ദ്രമധുരമായ ഒരു മണിമുഴക്കംപോലെ ലോകത്തിന്റെ ചിന്താമണ്ഡലത്തിലാസകലം മാറ്റൊലിക്കൊള്ളുന്നു. ലോകം തീരെ ചെവിക്കൊള്ളാത്തതും അവശ്യം ചെവിക്കൊള്ളേണ്ടതുമാണ് അതിന്റെ സ്വരം. വ്യക്തിമാത്സര്യത്തിന്റെയും ദുരയുടേയും പുക ബാധിക്കാത്ത അന്തരീക്ഷത്തിൽനിന്നു നോക്കുന്നവർക്ക് ആ സന്ദേശത്തിന്റെ മൂല്യം എത്രയെത്ര മഹത്തരമാണെന്നു ബോധ്യപ്പെടാതിരിക്കയില്ല. അഹിംസയുടേയും സത്യത്തിന്റേയും ശ്രീകോവിലിലേയ്ക്കു നയിക്കുന്ന സംസ്കാരത്തിന്റെ രാജവീഥി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മനുഷ്യസമുദായത്തിന്റെ നായകന്മാർ ഋജുവും പരിശുദ്ധവുമായ ആ മാർഗ്ഗം സ്വീകരിക്കാത്തിടത്തോളം ലോകസമാധാനം വെറും ദിവാസ്വപ്നവും വഞ്ചനയുമാണെന്നു രാധാകൃഷ്ണൻ പലവട്ടം പ്രഖ്യാപിച്ചിട്ടുണ്ട്.

സൌഖ്യവും സമാധാനവും പുറമേ തേടുന്ന രാഷ്ട്രങ്ങൾ സ്വന്തം ഹൃദയത്തിലേയ്ക്കു ദൃഷ്ടി തിരിച്ച് ഒരാത്മപരിശോധന നടത്തണമെന്നാണ് അദ്ദേഹത്തിന്റെ നിർദ്ദേ

ശം. യുനെസ്കോവിന്റെ ബെർലിൻ സമ്മേളനത്തിൽവെച്ചു രാധാകൃഷ്ണൻ തന്റെ സമാധാനത്തിനുവേണ്ടി തുടിക്കുന്ന ഹൃദയം ലോകത്തിനു തുറന്നു കാട്ടി. "വിദ്യാഭ്യാസവും വിജ്ഞാനവും സംസ്കാരവുമാണ് ഇന്നാരാവുമധികം അവഗണിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾ. യുദ്ധം വരാതെ നോക്കാനല്ല, വന്നാലെങ്ങനെ ജയിക്കണമെന്നതിലാണ് നമ്മുടെ പരിശ്രമം മുഴുവനും. ആത്മീയമായ കരുവില്പുവമുണ്ടാകാതെ ലോകത്തിനു രക്ഷയില്ല. അഹന്ത, സ്വാർത്ഥം, വൈരം, അനീതി എന്നിവ അടിക്കല്ലിട്ട് ഒരു നല്ല ലോകം കെട്ടിപ്പൊക്കാനാവുകയില്ല."

ഭാരതീയതത്ത്വശാസ്ത്രത്തിന്റെ അഗാധഹൃദയങ്ങൾ മുന്നിത്തപ്പി രാധാകൃഷ്ണൻ പ്രദർശിപ്പിക്കുന്ന ചിന്താരത്നങ്ങൾ ലോകത്തിന്റെ ഭാവനയെ വല്ലാതെ വശീകരിച്ചിട്ടുണ്ട്. ആഭ്യന്തരസംസ്കാരം അജയ്യമാണെന്നും വരാനിരിക്കുന്ന തലമുറകൾക്കുകൂടി അതിന്റെ പ്രചോദനം ആരോഗ്യകരമാണെന്നും അദ്ദേഹം വിശ്വസിക്കുന്നു. പക്ഷേ കേവലം അന്ധമായ ആഭ്യന്തരസംസ്കാരത്തിന്റെ കോമരമല്ല രാധാകൃഷ്ണൻ. പാശ്ചാത്യസംസ്കാരത്തിനു അർഹിക്കുന്ന സ്ഥാനം വിലയിരുത്തിക്കൊടുക്കാനും അദ്ദേഹം തയ്യാറുണ്ട്. ഫീഗൽ, ഷോപ്പനോർ, ബർഗ്സൺ എന്നീ പാശ്ചാത്യദാർശനികലോകത്തിലെ തേജോവലയങ്ങളോട് അദ്ദേഹം അടുത്തിടപഴകിയിട്ടുണ്ട്. ഒരിക്കലും രാധാകൃഷ്ണന്റെ ചിന്ത ഭൌതികജീവിതം മരണാനന്തരസൌഭാഗ്യത്തിനു തിരുമുല്കാഴ്ച വെയ്ക്കേണ്ടതാണെന്നവരെ കാട്ടുകയറിയിട്ടില്ല. ആത്മീയതത്വവും ഭൌതികാഭിവൃദ്ധിയും പര

സ്വരം ശത്രുക്കളല്ല. ഭൌതികതപം ആത്മീയതപത്തിന്റെ യജമാനനാകരുതെന്നും നേരെമറിച്ചേ പാടുള്ളുവെന്നും മാത്രമാണ് അദ്ദേഹത്തിന്റെ താക്കീത്.

കിഴിഞ്ഞിനെപ്പോലെ കിഴക്കു കിഴക്കാണെന്നും പടിഞ്ഞാറു പടിഞ്ഞാറാണെന്നും അദ്ദേഹത്തിനു ശാഠ്യമില്ല. മഹാകവി ടാഗോർ സിദ്ധാന്തിച്ചതുപോലെ 'East Plus West Much the Best' എന്നാകുന്നു രാധാകൃഷ്ണന്റെ വിശ്വാസം. ആഷ്ടസംസ്കാരത്തെപ്പറ്റി ശ്രുഷ്ടപണ്ഡിതന്മാർ സചിത്രപിച്ചുകാണുന്ന വാടമുഖങ്ങൾക്കും അദ്ദേഹത്തിന്റെ നിലപാടിനുമിടയ്ക്കു ഗണനീയമായ വിടവുണ്ട്. സനാതനധർമ്മം, വെച്ചു പൂജിക്കുകമാത്രം ചെയ്യേണ്ട ഒരു നിർജ്ജീവവസ്തുവോ വെയിൽ തട്ടുന്നതോടുകൂടി വാടിത്തളരുന്ന ഒരു ദുർബ്ബലഭാവനയോ അല്ല. പൂജാവിധികൾക്കോ മന്ത്രോച്ചാരണത്തിനോ ധ്യാനത്തിനോ മാത്രമുള്ളതല്ല, ജീവിക്കുവാനും വികസിക്കുവാനും ഭൌതികാഭ്യുദയങ്ങൾ നേടാനും മതിയായ ഒരക്ഷയചൈതന്യകേന്ദ്രമാണെന്നു സപ്രജീവിതംമുഖേന അദ്ദേഹം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്.

പൌരസ്ത്യചിന്താമണ്ഡലത്തിലെ ഒരു തേജോഗോളമാണ് മനസ്സാക്ഷിയുടെ വക്താവായ രാധാകൃഷ്ണൻ. പ്രശസ്തചിന്തകനായ ബർട്രാൻഡ് റസ്സൽ അദ്ദേഹത്തെ പൌരസ്ത്യദേശത്തിന്റെ ആത്മീയസന്ദേശവാഹകനെന്നു പണ്ടേ സംബോധന ചെയ്തിട്ടുണ്ട്. അദ്ദേഹത്തെപ്പോലെ പൌരസ്ത്യതത്ത്വശാസ്ത്രത്തിന്റെ ആഴത്തോളം കൺചെന്ന ദാർശനികനില്ലെന്നത്രേ അതിന്റെ പൊ

രുൾ. പലതുകൊണ്ടും കിഴക്കേ ദിക്കിന്റെ ആധുനിക കാലഘട്ടത്തിലെ ഏറ്റവും മഹനീയമായ ഒരു കാൽവെപ്പാണ് രാധാകൃഷ്ണന്റെ ജീവിതം. നാളതുവരെ ഏഷ്യക്കുകേ കവാടമടച്ചിട്ടിരുന്ന 'ഹിബ്ബെർട്ട് ജേർണൽ' എന്ന പത്രത്തിലൂടെയാണ് അദ്ദേഹത്തിന്റെ ആദ്യത്തെ അരങ്ങേറ്റംകുടി. അതിനുമുമ്പു യാതൊരേഷ്യക്കാരനും അതിന്റെ പംക്തികൾ സ്ഥലമനുവദിച്ചിട്ടില്ല. അതുപോലെ ഇടംപ്രഥമമായിട്ടാണ് ഓക്സ്ഫോർഡ് സർവ്വകലാശാല ഒരിന്ത്യക്കാരനെ അതിന്റെ അധികാരപീഠത്തിലിരുത്തി ബഹുമാനിച്ചതും. അസൂയാർഹമായ പ്രതിഭാവിലാസം മാത്രമാണ് രാധാകൃഷ്ണനു കൈവന്ന പ്രസ്തുതബഹുമതികളുടെ ഒരേ ഒരടിസ്ഥാനം. സി. ഇ. എം. ജോഡ് മുതലായ മഹാമതിമാന്മാർ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ വർണ്ണപ്പകിട്ടോടുകൂടി വർണ്ണിക്കുന്നതിന്റെ ഹേതുവും മറ്റൊന്നുല്ല.

1888 സെപ്തമ്പർ 5-ാംനു- ഒരിടത്തരം നിയോഗികുടുംബത്തിലാണ് രാധാകൃഷ്ണന്റെ ജനനം. തെക്കേ ഇന്ത്യയിലെ ഒരു തീർത്ഥയാത്രാസങ്കേതമായ തിരുത്തണിയാകുന്നു ജന്മദേശം. ഒരു റവന്യൂഇൻസ്പെക്ടരായിരുന്ന പിതാവു തന്റെ പുത്രനു സവിശേഷമായ വിദ്യാഭ്യാസം നല്കുന്ന സംഗതിയെപ്പറ്റി നല്ലവണ്ണം മനസ്സിരുത്തി. മദ്രാസ് ക്രസ്ത്യൻകോളേജായിരുന്നു രാധാകൃഷ്ണന്റെ ഉന്നതവിദ്യാഭ്യാസരംഗം. അക്കാലത്തു ബൈബിളും ക്രൈസ്തവമതാദർശങ്ങളും അദ്ദേഹം സവിസ്തരം മനസ്സിലാക്കി. സ്വർണ്ണമെഡലോടുകൂടി അദ്ദേഹം 'ഫിലോസഫി'യ്ക്ക്

എം. എ. ബിരുദം നേടി. സംസ്ഥാനത്തിലൊന്നാംസ്ഥാനവും രാധാകൃഷ്ണനുതന്നെ സിദ്ധിച്ചു. അന്ന് 21 വയസ്സുമാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രായം.

മദ്രാസ് പ്രസിഡൻസി കോളേജിലെ ലക്ചററെന്നനിലയ്ക്കു രാധാകൃഷ്ണൻ ഔദ്യോഗികജീവിതത്തിലേയ്ക്കു പ്രവേശിച്ചു. തദനന്തരം മൈസൂർസർവ്വകലാശാലയിലേയ്ക്കു മാറി. കല്ക്കത്താസർവ്വകലാശാലാദർശനത്തിനു പ്രാമുഖ്യം അനുവദിച്ചതോടുകൂടി ആശുതോഷ് മുഖർജ്ജി രാധാകൃഷ്ണനെ അങ്ങോട്ടു ക്ഷണിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ആശാവഹമായ ഒരു നേട്ടമാണ് കല്ക്കത്താജീവിതം. അവിടെ ആ ചിന്തോത്സുകന്റെ സ്വതഃസിദ്ധമായ പ്രവണതകൾക്കു വികസിയ്ക്കാവുന്ന സാഹചര്യം കിട്ടി.

ആന്ധ്ര, ബെനാറീസ് എന്നീ സർവ്വകലാശാലകളിലെ വൈസ് ചാൻസലർപദവിയും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. ആന്ധ്രാസർവ്വകലാശാലയ്ക്കു നല്ല കെട്ടിടങ്ങൾ പണിയുന്നതിലും പ്രാപ്തന്മാരായ അധ്യാപകന്മാരെ സമ്പാദിക്കുന്നതിലും രാധാകൃഷ്ണൻ കാണിച്ച ശ്രദ്ധാന്തി കുറച്ചൊന്നുമല്ല. അദ്ദേഹംതന്നെയാണ് ബനാറീസ്സർവ്വകലാശാലയുടെ തകർന്നുകൊണ്ടിരുന്ന സാമ്പത്തികസ്ഥിതിയെ ഭദ്രമായ ഒരടിസ്ഥാനത്തിലുറപ്പിച്ച വൈസ് ചാൻസലർ. അങ്ങനെ ഇന്ത്യയിലെ പല സർവ്വകലാശാലകളുടേയും ചരിത്രത്തിലെ ഒരധ്യായമായിത്തീർന്നിട്ടുണ്ട് രാധാകൃഷ്ണൻ. അതുകൊണ്ടാണ് സർവ്വകലാശാലാവിദ്യാഭ്യാസം പുനഃസംവിധാനംചെയ്യുന്നതിനുവേണ്ടി നിശ്ചയി

ച്ച കമ്മിറ്റിയുടെ ചെയർമാൻസ്ഥാനത്തേയ്ക്ക് ഇന്ത്യാ ഗവമേണ്ടു് അദ്ദേഹത്തെത്തന്നെ തിരഞ്ഞെടുത്തതും. അദ്ദേഹം തയ്യാറാക്കിക്കഴിഞ്ഞ റിപ്പോർട്ട നമ്മുടെ സവ്വകലാശാലാവിദ്യാഭ്യാസത്തിലെ പ്രകടമായ ഒരു ന്യൂതിയാനം കുറിക്കുന്നുണ്ടു്.

രാധാകൃഷ്ണനായിരുന്നു കാക്സ്ഫോർഡിൽവെച്ചു ചേന്ന 1926-ലെ സവ്വകലാശാലാസമ്മേളനത്തിനു് ഇന്ത്യയുടെ പ്രതിനിധി. അക്കാലത്തു് അപ്പടൺടസ്റ്റിനുവേണ്ടി അദ്ദേഹം ഇംഗ്ലണ്ടിൽവെച്ചു ചെയ്ത പ്രസംഗങ്ങൾ പാശ്ചാത്യചിന്തകന്മാരുടെ കൺവിടത്തിയിട്ടുണ്ടു്. ഭാരതീയതത്ത്വശാസ്ത്രത്തിന്റെ രഹസ്യവാദങ്ങൾ ഗ്രഹിക്കാപ്രായമാക്കി പാശ്ചാത്യർക്കു വിതരണം ചെയ്യുന്ന രീതിയായിരുന്നു അവ. പ്രൌഢസുന്ദരമായ ഭാഷാശൈലികൊണ്ടു പൊതിഞ്ഞ ആ പ്രസംഗങ്ങൾ അവക്കു രുചിച്ചതോടൊപ്പം രാധാകൃഷ്ണന്റെ പ്രശസ്തി വാനോളം പൊങ്ങി! അമേരിക്കൻ ഐക്യനാടുകൾ സന്ദർശിച്ചു് അദ്ദേഹം ചിക്കാഗോസവ്വകലാശാലയിൽവെച്ചു ചെയ്ത 'ഹാസ്കൽ' പ്രസംഗപരമ്പരയും വീണ്ടും ഇംഗ്ലണ്ടു് സന്ദർശിച്ചു നടത്തിയ 'ഹിബ്ബെർട്ട്' പ്രസംഗപരമ്പരയും ഇവിടെ വിസ്മരണീയമല്ല. ഭാരതം കേവലം പാമ്പാട്ടികളുടേയും മന്ത്രവാദികളുടേയും നാടല്ലെന്നും ശാശ്വതസത്യങ്ങൾ സാക്ഷാൽക്കരിച്ച ഋഷിപുംഗവന്മാരുടേതാണെന്നും ആ പ്രസംഗപരമ്പര പ്രതീചിയെ ബോധ്യപ്പെടുത്തി. അതേ, കാൽനൂറ്റാണ്ടിനുമുമ്പു് സ്വാമിവിവേകാനന്ദൻ സാധിച്ച സേവനം രാധാകൃഷ്ണൻ ആവത്തിച്ചു. നമ്മുടെ സം

സ്കാരത്തിന്റെ സന്ദേശം വഹിച്ച് അദ്ദേഹം ചൈനയും സന്ദർശിച്ചിട്ടുണ്ട്.

രാധാകൃഷ്ണൻ ന്യൂശതമാനവും ഭാരതത്തിന്റേതാണെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു സാവ്വലൌകികമായ ഒരു പശ്ചാത്തലമുണ്ട്. 'എൻസൈക്ലോപീഡിയാബ്രിട്ടാനിക്ക' എന്ന വിശ്വവിജ്ഞാനകോശത്തിന്റെ പ്രസാധകന്മാർ അദ്ദേഹത്തെ അംഗീകരിച്ചതിന്റെ ഫലമാണ് അതിലുള്ള അദ്ദേഹത്തിന്റെ ഭാരതീയദർശനത്തെ പരാമർശിയ്ക്കുന്ന ഉപന്യാസം. മഹാകവിയുടെതന്നെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായ 'ടാഗോറിന്റെ തത്വചിന്ത' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം ഇവിടെ അനുസ്മരിക്കാതെ നിവൃത്തിയില്ല. പോൾ ആർതർസ്കിൽപ്പ് എന്ന അമേരിക്കൻചിന്തകൻ താമസിയാതെ രാധാകൃഷ്ണന്റെ തത്വദർശനത്തെ പുരസ്കരിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിയ്ക്കുമെന്നറിയുന്നു. മൂർ, റസ്സൽ, വൈറ്റ്ഹെഡ്, ഐൻസ്റ്റീൻ മുതലായ ദാർശനികന്മാരെപ്പറ്റി അദ്ദേഹം കാരോ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ആ താവഴിയിലുൾപ്പെട്ട സ്കില്പ്പിന്റെ മറെറാരു പഠനമാണ് രാധാകൃഷ്ണനെപ്പറ്റിയുള്ള പുസ്തകം. ലോകം അദ്ദേഹത്തോട് കാണിയ്ക്കുന്ന മതിപ്പിന്റെ സമർത്ഥമായ പ്രഖ്യാപനങ്ങളാണിവ. ഇംഗ്ലീഷിലെ ഒരു തൂലികാചിത്രകാരൻ അഭിപ്രായപ്പെട്ടതുപോലെ, ഫിലോസഫിയ്ക്ക് ഒരു നോബൽ സമ്മാനം ഏർപ്പെടുത്തുന്ന പക്ഷം അതു രാധാകൃഷ്ണനു നിഷ്പ്രയാസം ലഭിക്കുമായിരുന്നു. അത്രയേറെ സമുന്നതമാണ് ചിന്താലോകത്തിലെ അദ്ദേഹത്തിന്റെ തലയെടുപ്പ്.

രാധാകൃഷ്ണന്റെ ദിനചര്യയിലെ അതിപ്രധാനമായ രണ്ടിനങ്ങളാകുന്നു ഗീതാപാരായണവും മഹാഭാരതപഠനവും. ശുഭ്രവസ്ത്രധാരിയായിട്ടല്ലാതെ കരിയ്ക്കുലും അദ്ദേഹം ബഹുജനദൃഷ്ടികൾക്കു വിഷയീഭവിക്കുകയില്ല. ഉയർന്ന ചിന്തയും എളിയ ജീവിതവുമെന്ന ഭാരതീയാദർശത്തിന്റെ ഉടലെടുപ്പാണ് അദ്ദേഹം. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ സംപൂജ്യപീഠത്തിലിരുന്നു പ്രാചിയുടെ ചൈതന്യരശ്മികൾ സാക്ഷാൽക്കരിച്ചു സമസ്തലോകത്തിനും ആത്മീയപാഠങ്ങൾ ഉപദേശിയ്ക്കുന്ന രാധാകൃഷ്ണനു തീച്ചയായും ആധുനികയുഗത്തിലെ ഒരു മഹർഷിവരേണ്യന്റെ മട്ടുണ്ട്.


യുനെസ്കോവിന്റെ ആരംഭംതൊട്ടേ അതിലെ ഇന്ത്യൻപ്രതിനിധിയാണ് അദ്ദേഹം. ലോകത്തിന്റെ വിദ്യാഭ്യാസപരവും ശാസ്ത്രീയവും സാംസ്കാരികവുമായ അഭ്യുദയത്തിനുവേണ്ടി നിലകൊള്ളുന്ന ആ സാവ്വലൌകികസംഘടന രാധാകൃഷ്ണന്റെ ആദർശങ്ങൾക്കു തികച്ചും അനുരൂപമായിട്ടുണ്ട്. അദ്ദേഹം പ്രതിനിധാനംചെയ്യുന്ന സംസ്കാരത്തിന്റെ ഒരു തനിപ്പകർപ്പാകുന്നു അതു്. ഇന്ത്യയുടെ സന്ദേശങ്ങൾ അദ്ദേഹം അവിടെ എത്ര പ്രഗത്ഭമായാവിഷ്കരിയ്ക്കുന്നുണ്ടെന്നു് അതിന്റെ റിപ്പോർട്ടുകൾ വിളിച്ചു പറയുന്നു. അദ്ദേഹത്തെപ്പോലെ യുനെസ്കോവിന്റെ സാരാംശത്തോടു സാത്മ്യംപ്രാപിച്ച വ്യക്തികൾ സവ്വലോകരംഗത്തിലുണ്ടെന്നു തോന്നുന്നില്ല. അതിന്റെ പാരീസ്സമ്മേളനത്തിൽവെച്ചു രാധാകൃഷ്ണർ ചെയ്ത പ്രസംഗം ലോകത്തിന്റെ ശ്രദ്ധയെ കടിഞ്ഞാൺചിടിച്ചു നി

ത്തിയിട്ടുണ്ട്. യുനെസ്കോവിന്റെ ലക്ഷ്യവും പരിപാടിയും വേണ്ടംപടി ആവിഷ്കരിച്ചുവെന്ന ബഹുമതിയുള്ള മറ്റൊരാളെക്കാളുമേറെ ഇന്ത്യൻപ്രതിനിധിസംഘമാണ് ഉത്തരവാദപ്പെട്ടിരിക്കുന്നതെന്നു സുപ്രസിദ്ധ ഇംഗ്ലീഷു സാഹിത്യകാരനായ ജെ. ബി. പ്രീസ്റ്റ്ലി സമ്മതിയ്ക്കുന്നു. വ്യക്തിത്വം സ്ഫുരിക്കുന്ന ആശയങ്ങളും അഗാധമായ ചിന്തയും പ്രൌഢഗംഭീരമായ ശൈലിയുമാണ് രാധാകൃഷ്ണന്റെ പ്രസംഗത്തിനു മാറ്റുകൂട്ടുന്ന ഗുണങ്ങൾ.

ദാർശനികമായ കാഴ്ചപ്പാടിൽക്കൂടി മിയ്ക്ക വിഷയങ്ങളും അദ്ദേഹം വിശകലനം ചെയ്ത് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ സംഭവവികാസങ്ങളോരോന്നും ആ പ്രതിഭാസമ്പന്നന്റെ ചിന്താഫലകത്തിൽക്കൂടി കടന്നു കാന്തി ചിതറുന്ന കാഴ്ചയ്ക്ക് എന്തെന്നില്ലാത്ത ഒരു ചന്തമുണ്ട്. ഒരിയ്ക്കലും അദ്ദേഹം രാഷ്ട്രീയപ്രശ്നങ്ങളോട് സജീവമായിടപെട്ടിട്ടില്ല. പക്ഷേ രാഷ്ട്രീയനേതാക്കന്മാരുടെ സിദ്ധാന്തങ്ങളേക്കാളേറെ എന്നും ആദരം അദ്ദേഹത്തിന്റെ രാഷ്ട്രീയവീക്ഷണങ്ങൾക്കു വിലമതിച്ചുപോന്നിട്ടുണ്ട്.

രാധാകൃഷ്ണൻതന്നെയാണ് ഇന്ത്യയുടെ റഷ്യൻ അമ്പാസഡർസ്ഥാനത്തിന് ഏറ്റവും സമുചിതനായ വ്യക്തി. ലോകത്തിന്റെ നേരെ ഇന്ത്യ നീട്ടിക്കാണിച്ച ആ സാംസ്കാരികസന്ദേശത്തെ റഷ്യയ്ക്കു പതിച്ചുകൊടുക്കുകയാണ് ഈ നിയമനംകൊണ്ടു വ്യക്തമാകുന്ന തത്വം. റഷ്യ ബഹുമാനിയ്ക്കുന്ന ഇന്ത്യയുടെ മഹത്വമെന്തോ അതിന്റെ ലക്ഷണം തികഞ്ഞ മാതൃകയാകുന്നു അദ്ദേഹം.

മഹാഭാരതവും വേദാന്തഗ്രന്ഥങ്ങളും റഷ്യൻഭാഷയിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്കാരത്തിന്റെ ആചാര്യത്വം പുലർത്തിവരുന്ന സംസ്കൃതഭാഷയ്ക്കും റഷ്യയിലെ കലാശാലകൾ സമ്മാന്യമായ ഒരു സ്ഥാനം അനുവദിച്ചിട്ടുണ്ട്. കമ്മ്യൂണിസത്തിന്റെയോ ഭൌതികചിന്തയുടെയോ അനുഭാവികൂടിയല്ലെങ്കിലും റഷ്യ നടത്തിയ വിജയകരമായ പരീക്ഷണങ്ങളോടേയും തൽഫലമായ പരിവർത്തനങ്ങളോടേയും പ്രാധാന്യം അദ്ദേഹം മനസ്സിലാക്കുന്നു. ഇതരവിദേശപ്രതിനിധികളുടെ സേവനങ്ങൾക്കു താഴികക്കുടം ചൂടുന്നതായിരിയ്ക്കും രാധാകൃഷ്ണന്റെ ഔദ്യോഗികജീവിതമെന്നു തികച്ചും വിശ്വസിക്കുവാനവകാശമുണ്ട്.



സർദാർ കെ. എം. പണിക്കർ.

സർദാർ കെ. എം. പണിക്കർ

സമസ്തൈന്ത്യാപ്രശസ്തിയും അതിനപ്പുറവും സമാർജ്ജിച്ച കേരളീയർ നമുക്ക് ഇന്ന് ഒട്ടും കുറവല്ല. പക്ഷേ ആ അനുഗൃഹീതന്മാരുടെ ജന്മഭൂമി മലയാളരാജ്യമെന്നല്ലാതെ അവർ മലയാളികളാണെന്ന നമുക്കു തികച്ചും അഭിമാനിയ്ക്കാനാവതുണ്ടോ? എനിക്കു സംശയമുണ്ട്. ആ കിടയിലേയ്ക്കുയർന്ന നൂറുശതമാനവും മലയാളിയായ ഒരേ ഒരു വ്യക്തി മേജർ സർദാർ കെ. എം. പണിക്കർ ബി എ, ബാർ അറ്റ് ലോവാണെന്ന് എനിയ്ക്കു തോന്നുന്നു, പക്ഷാന്തരത്തിനൊരു പഴുതടച്ചു പറയുതല്ല.

നാഷണൽ കോൺഗ്രസ്സിൽക്കൂടി അരങ്ങേറിയ പണിക്കർ അവിടെനിന്നെല്ലാം മാറിമറിഞ്ഞു് ഔദ്യോഗിക മണ്ഡലത്തിന്റെ പല പടവുകളും കയറിപ്പറ്റി. പക്ഷേ എവിടേയും വിജയം പണിക്കരോടൊപ്പമുണ്ടായിരുന്നു എന്ന വസ്തുത അദ്ദേഹത്തിന്റെ വ്യക്തിപ്രാഭവത്തിനു മാറ്റു കൂട്ടുകതന്നെ ചെയ്യുന്നുണ്ട്. നാട്ടരാജാക്കന്മാരോടു ബന്ധപ്പെട്ടതാണു് പണിക്കരുടെ ജീവിതത്തിന്റെ സിംഹഭാഗവും. അദ്ദേഹംതന്നെ ഒരു രാജസ്ഥാനവാദിയാണെന്ന സംഗതി ഇവിടെ അനുസ്മരിയ്ക്കേ തീരൂ. വളരെക്കാലം നരേന്ദ്രമണ്ഡലത്തിന്റെ നെടുംതൂണായിരുന്ന അദ്ദേഹം. നാട്ടരാജാക്കന്മാരുടെ ഭാവനയെ പണിക്കർ അത്രയേറെ വശീകരിച്ചിട്ടുണ്ടെങ്കിലും സ്വന്തം വ്യക്തിത്വത്തെ ഒരിക്കലും പണയപ്പെടുത്തിയില്ലെന്ന വ്യക്തമാക്കുന്ന ദൃഷ്ടാ

ന്തങ്ങളുണ്ട്. അതാണ് സർദാറിന്റെ സമ്മാന്യമായ ഒരു സവിശേഷത.

മധ്യതിരുവിതാംകൂറിലെ കായലമെന്ന സ്ഥലത്തെ ചാലയിലെന്ന സമ്പന്നമായ ഒരു നായർത്തറവാട്ടിലാണ് പണിക്കരുടെ ജനനം. കോട്ടയത്തായിരുന്നു ഹൈസ്കൂൾവിദ്യാഭ്യാസം. എതിരാ ബുദ്ധിവൈഭവമൊന്നും അക്കാലത്ത് ഈ വിദ്യാർത്ഥി പ്രദർശിപ്പിച്ചിട്ടില്ല. മദിരാശി ക്രസ്ത്യൻകോളേജിൽനിന്നു പണിക്കർ എഫ്. എ. പരീക്ഷ ജയിച്ചു. ഉപരിവിദ്യാഭ്യാസാർത്ഥം അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെട്ടു.

മറ്റൊന്നിനേക്കാളുമേറെ പണിക്കരുടെ ഭാവിയെ കരുപ്പിടിച്ച ഘടകം കാക്സ്ഫോർഡിലെ വിദ്യാഭ്യാസജീവിതമാണെന്നു വേണം പറയുക. അന്നത്തെ അത്യന്തം ഹൃദ്യമായ അനുഭവവിശേഷങ്ങളെപ്പറ്റി അദ്ദേഹംതന്നെ ചില നല്ല മലയാളപ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. ക്രൈസ്റ്റ് ചർച്ച് കോളേജിലെ പഠനങ്ങളോടൊപ്പം വള്ളംകളിയിലും ദേശസഞ്ചാരത്തിലും പണിക്കർ തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. ഒന്നാംക്ലാസായി കാക്സ്ഫോർഡ് ബിരുദം നേടിയെങ്കിലും നേരെ ഐ. സി. എസ്സിലേയ്ക്കു പ്രവേശിക്കാതെ അദ്ദേഹം ഇന്ത്യയിലേയ്ക്കു മടങ്ങി.

കട്ടം താമസിയാതെ അലിഗർ സർവ്വകലാശാലയിലെ ചരിത്രപ്രൊഫസർസ്ഥാനം പണിക്കരെ എതിരേറ്റു. പക്ഷേ ഏറെക്കാലം അദ്ദേഹം പ്രസ്തുത ഉദ്യോഗം വഹിച്ചില്ല. പണിക്കർ ഇന്ത്യയിലെ ഒരു പ്രമുഖചരിത്രപ

ണ്ഡിതനാണെന്ന പരമാത്ഥം ഇവിടെ നമുക്കോർമ്മിക്കുക. മലബാറിലെ പോർച്ചുഗീസുകാർ, മലബാറിലെ ഡച്ചുകാർ, കാശ്മീർസ്ഥാപകനായ ഗുലാബ്സിങ്ങ് എന്നീ ചരിത്രനിരീക്ഷണങ്ങൾക്കു അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ഈയിടെ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 'എ സർവ്വേ ഓഫ് ഇന്ത്യൻ ഹിസ്റ്ററി' എന്ന ബൃഹദ്ഗ്രന്ഥം ആ വിപുലമായ ചരിത്രപരിജ്ഞാനത്തിന്റെ മറ്റൊരു സ്മാരകമുദ്രമാത്രമാണ്.

പത്രപ്രവർത്തനമായിരുന്നു തദനന്തരം പണിക്കരെ ആകർഷിച്ച മണ്ഡലം. മുമ്പത്തെ മദ്രാസ് പ്രധാനമന്ത്രി ശ്രീ. ടി. പ്രകാശം നടത്തിവന്ന 'സ്വരാജ്യ'യുടെ പത്രാധിപസമിതിയിലെ ഒരംഗമെന്ന നിലയ്ക്കാണ് അദ്ദേഹം കരിനോമ്പ് ജോലിനോക്കി. മാളവ്യജി ഹിന്ദുസ്ഥാൻ ടൈംസ് സ്ഥാപിച്ചതോടുകൂടി അദ്ദേഹം ഡൽഹിയിലേയ്ക്കു മാറി. പക്ഷേ പണിക്കർ മാളവ്യജിയോടു വിളംബംവിനാ തെറ്റിപ്പിരിഞ്ഞു. പിന്നീട് അദ്ദേഹം പത്രപ്രവർത്തനജീവിതത്തിലേയ്ക്കു തിരിഞ്ഞുനോക്കിയിട്ടില്ല.

വീണ്ടും വിദ്യാഭ്യാസോന്നമനത്തിലേയ്ക്കുതന്നെ പണിക്കർ ശ്രദ്ധ തിരിച്ചു. അദ്ദേഹം ഇംഗ്ലണ്ടിലെത്തി ബാർ-അറ്റ്-ലോ ബിരുദം കരസ്ഥമാക്കി. യൂറോപ്യൻപര്യടനമായിരുന്നു അടുത്ത പരിപാടി. യൂറോപ്പിലെ എല്ലാ രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചു. ഈ പര്യടനം പണിക്കർക്കു യൂറോപ്പിലെ തലയെടുത്ത രാഷ്ട്രീയവിശാരദന്മാരോടു നേരിട്ടു സൌഹാർദ്ദം പുലർത്താനവസരം നല്കി.

പിൽക്കാലത്തെ അദ്ദേഹത്തിന്റെ ജീവിതവും നമ്മു

ടെ നാട്ടുരാജ്യങ്ങളുടെ ചരിത്രവും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നു. 1928 തൊട്ട് പടിപടിയായ ഉയച്ച് പണിക്കരെ അങ്ങോളം മുന്നോട്ട നയിച്ചു. കാശ്മീർമഹാരാജാവിന്റെ സിക്രട്ടറി, നരേന്ദ്രമണ്ഡലം സിക്രട്ടറി, ബട്ലർകമ്മിറ്റിമെമ്പർ, മൂന്നു വട്ടമേശസമ്മേളനങ്ങളിലേയും പ്രതിനിധി, പട്യാലയിലെ വിദേശകാര്യമന്ത്രി, ബിക്കാനീറിലെ വിദ്യാഭ്യാസമന്ത്രി, എക്സിക്യൂട്ടീവു കൌൺസിലിന്റെ വൈസ്പ്രസിഡന്റ്—അങ്ങനെ അദ്ദേഹം വഹിച്ച ഉദ്യോഗപരമ്പരകളുടെ നെടുനീണ്ട കരുപട്ടിക തന്നെ തയ്യാറാക്കാനുണ്ട്.

ഇംഗ്ലീഷ്, മലയാളം, സംസ്കൃതം, ഫ്രഞ്ച് എന്നീ നാലു ഭാഷകളിലും പണിക്കർക്ക് ഗണ്യമായ അവഗാഹമുണ്ട്. ഗ്രന്ഥപരിചയത്തിന്റെ വൈപുല്യംകൊണ്ട് അദ്ദേഹത്തെ വെല്ലുവിളിക്കാവുന്നവർ ഇന്ത്യയിലാകെത്തിരഞ്ഞാലും അധികമുണ്ടാവില്ല. നരേന്ദ്രമണ്ഡലംവക ഒൽഥിയിലുള്ള ആ മികച്ച ലൈബ്രറിയിലെ മിക്ക പുസ്തകങ്ങളും പണിക്കർ വായിച്ചു പഠിച്ചിട്ടുണ്ടെന്നാണ് പ്രസ്താവം.

അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ഗ്രന്ഥങ്ങളിലെല്ലാം അഗാധമായ പാണ്ഡിത്യത്തിന്റെ സുവർണ്ണരേഖകൾ പതിഞ്ഞിരിക്കുന്നു. മനസ്സിരുത്തിപ്പഠിച്ച വിഷയങ്ങളെപ്പറ്റി സഗൌരവം ചിന്തിച്ചെഴുതിയ ഗ്രന്ഥങ്ങളാണവ. അവയ്ക്ക് ആദരണീയമായ കരു മഹത്വം വിദ്വാന്മാർ വകവെച്ചിട്ടുണ്ട്—ഭരണഘടനാപരവും അന്താരാഷ്ട്രീയവുമായ പണിക്കരുടെ അവലോകനങ്ങൾക്ക് വിശേഷിച്ചും.


ഇന്ത്യയിലെ നാട്ടരാജ്യങ്ങൾ, ഫെഡറൽ ഇന്ത്യ, ദക്ഷിണപൂർവ്വേഷ്യയുടെ ഭാവി എിന്നിവയാണ്. പണിക്കരുടെ മേത്തരം ഇംഗ്ലീഷുഗ്രന്ഥങ്ങൾ. ലണ്ടൻ ടൈംസിലും മോഡേൺ റവ്യൂവിലും കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന ഇദ്ദേഹത്തിന്റെ ഉപന്യാസങ്ങളും ഇതോടൊപ്പം വിലയിരുത്തേണ്ടതുതന്നെയാണ്.

ഇന്ത്യയുടേയോ ലോകത്തിന്റേയോ വിശാലമായ പശ്ചാത്തലത്തിലാണ് ഇതേവരെ നാം കണ്ട പണിക്കരുടെ വിഭിന്നചിത്രങ്ങൾ. പക്ഷേ കേരളീയരെസ്സംബന്ധിച്ചിടത്തോളം സർവ്വോപരി ഒരു സാഹിത്യകാരനാണദ്ദേഹം. ആഖ്യായികാകാരൻ, നിരൂപകൻ, ഉപന്യാസകർത്താവ്, നാടകകർത്താവ്, കവി—മലയാളസാഹിത്യത്തിന്റെ വിവിധതുറകളിലും അദ്ദേഹം കൈവെച്ചിട്ടുണ്ട്, ഹാസ്യകവനങ്ങൾതൊട്ട പ്രൌഢഗംഭീരമായ പദ്യനാടകങ്ങൾവരെ. ശരി, എങ്കിലും സുനിയതമായ ഒരു പരിപാടിയോടുകൂടി പണിക്കർ മലയാണ്മയുടെ ഇഴുകിപ്പിലേയ്ക്ക് എത്രയേറെ സംഭാവനകൾ ചെയ്തിട്ടുണ്ട്? ആധുനിക പ്രശ്നങ്ങളിലേയ്ക്ക് ഇവിടെ നമുക്ക് പ്രവേശിക്കേണ്ടതില്ല. വിശ്രമവേളകളിലെ വിനോദയാത്രകളെന്ന നിലയ്ക്കാണ് അദ്ദേഹത്തിന്റെ കൈരളീസേവനമത്രയും. തജ്ജന്യമായ ഒരു ലഘുഭാവം മിക്ക കൃതികളിലും നിഴലടിക്കുന്നുമുണ്ട്. പക്ഷേ സദാപി രാജ്യതന്ത്രവ്യാപൃതനായ ഒരു വ്യക്തിയാണ് പണിക്കരെന്ന സംഗതി നമുക്ക് വിസ്മരിച്ചുകൂടാ. എന്നിട്ടും ഈ എളിയ മലയാളത്തോട്ടം കൂടിടാത്ത അദ്ദേഹം കേരളീയരുടെ മുക്തകണ്ഠമായ അഭിനന്ദനത്തെ വേണ്ടുവോളമർഹിക്കുന്നുണ്ട്.

പണിക്കർ ഇന്നു ചീനയിലെ ഇന്ത്യൻ അമ്പാസഡർസ്ഥാനം അലങ്കരിക്കുന്നു. ഏഷ്യയിലെ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ആ സുഹൃൽരാഷ്ട്രത്തിലേയ്ക്കു പോയ ഈ സന്ദേശവാഹകൻ ഇരുരാഷ്ട്രങ്ങളുടേയും ചരിത്രാതീതമായ സൌഹാർദ്ബന്ധത്തെ പുഷ്കലാധികം ദൃഢീഭവിപ്പിക്കുകതന്നെ ചെയ്യും.

കേവലം 53 വയസ്സുമാത്രം പ്രായംചെന്ന പണിക്കരുടെ ജീവിതത്തെ ഇനിയും പല മഹത്തായ കാര്യങ്ങളും കാത്തിരിപ്പുണ്ട്.

പഴയ ഇന്ത്യാഗവമ്മേണ്ടിനേയും പുതിയ ഇന്ത്യാഗവമ്മേണ്ടിനേയും കൂട്ടിവിളക്കുന്ന ചില സുവർണ്ണകണ്ണികളാണ് ഗിരിജാശങ്കർ ബാജ്പൈ, കെ. എം. പണിക്കർ മുതലായ ഉദ്യോഗസ്ഥപ്രമുഖന്മാർ. അവർ ത്യാഗശീലന്മാരോ ആദർശവാദികളോ അല്ല, പ്രായോഗികപരിജ്ഞാനം നേടിയ പ്രതിഭാശാലികൾ. ബ്രിട്ടീഷ് ഗവമ്മേണ്ടിനെ അച്ചടക്കത്തോടുകൂടി അവർ സേവിച്ചു. അതോടൊപ്പം ബ്രിട്ടീഷ് ഭരണത്തിന്റെ ചട്ടക്കൂട്ടിൽനിന്നു ചില അമൂല്യമായ പാഠങ്ങൾ അവർ മനസ്സിലാക്കി. ത്യാജ്യഗ്രാഹ്യവിവേചനബുദ്ധിയോടുകൂടി ആ പാഠങ്ങൾ ഉപയോഗപ്പെടുത്തി അവർ ഇന്നത്തെ ഇന്ത്യാഗവമ്മേണ്ടിനെ സേവിക്കുന്നു. കാര്യക്ഷമതയുടെ കൈവഴികൾ മാത്രമാണവർ. രാഷ്ട്രീയമായ നിറംമാറ്റങ്ങളോട് അവർക്കു തെല്ലും വേഴ്ചയില്ല.



രാജഗോപാലാചാരി

ചക്രവത്തി രാജഗോപാലാചാരി

അനചത്ഥസംജ്ഞമായ ആ മഹോന്നതപദവിയിലേയ്ക്കു കാലൂന്നിക്കഴിഞ്ഞിരിക്കയാണ് ചക്രവത്തി രാജഗോപാലാചാരി. ഇന്ത്യാഡൊമീനിയന്റെ ഇന്ത്യക്കാരനായ കന്നാമത്തെ ഗവണ്ണർ ജനറൽ! കരിന്ത്യക്കാരന്റെ അങ്ങേ അറത്തെ പ്രത്യാശയുടെ താഴികക്കുടം!! രാജാജിയുടെ വ്യക്തിത്വത്തെ വിലമതിക്കാവുന്നവർ അയഥാർത്ഥമായ കരുതലച്ചയാണതെന്ന് കരിക്കലും സിദ്ധാന്തിക്കയില്ല.

പ്രാദേശികനേതൃത്വത്തിൽനിന്ന് അഖിലേന്ത്യയിലേയ്ക്കു നീങ്ങിയ കരു നേതാവല്ല രാജാജി. നേരേ മറിച്ച രാഷ്ട്രീയമണ്ഡലത്തിലേയ്ക്കു പ്രവേശിച്ച നാൾതൊട്ടേ സി. ആർ. കരു സമസ്തേന്ത്യാപ്രാമാണികനെന്ന നിലയ്ക്കു സമാദരിക്കപ്പെട്ടിട്ടുണ്ട്. 1942-ലെ കൊടുങ്കാറിലൊഴികെ, ഇദ്ദേഹത്തിന്റെ പ്രശസ്തിനാളം മങ്ങിയുലഞ്ഞ സന്ദർഭം വേറെ ഉണ്ടായിട്ടില്ല.

മെലിഞ്ഞ ശരീരം, വലിയ തല, ദീർഘമായ നാസിക—ഈ അസാമാന്യസത്വം മുന്തിനില്ക്കുന്ന സവിശേഷതകൾ വളരെയില്ല. പക്ഷേ ആ കനത്ത കണ്ണടയുടെ പിറകേ വത്തിക്കുന്ന മസ്തിഷ്കം അന്യാദൃശംതന്നെയെന്ന് ആരും വകവെച്ചിട്ടുണ്ട്. അതാണ് കോൺഗ്രസ്സിന്റെ 'ബ്രെയിൻട്രസ്റ്റ്' രാജാജിയാണെന്നവരെ അഭിപ്രായം പാളിപ്പോയതിന്റെ പൊരുൾ. ബങ്കളൂരിലെ 'സെൻട്രൽ

ഹിന്ദുകോളേജ്' മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങൾമാത്രമല്ല, നിരവധി എ. ഐ. സി. സി. സമ്മേളനങ്ങളും നിയമസഭാരംഗങ്ങളും ആ മേധാശക്തി കണ്ടമ്പരന്നിട്ടുണ്ട്. 'ഇൻസൈഡ് ഏഷ്യ'യുടെ കർത്താവായ ജോൺ ഗന്തർ, മൂസ്വെൽട്ടിന്റെ സ്വന്തം പ്രതിനിധിയായ വില്യം ഫിലിപ്സ് എന്നിവർ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചതിന്റെ രഹസ്യവും മറ്റൊന്നല്ല.

സേലം ജില്ലയിലെ ഹോസൂർ എന്ന സ്ഥലമാണ് രാജഗോപാലാചാരിയുടെ ജന്മദേശം. ചെറുപ്പത്തേ കൂട്ടിയെ ബാധിച്ച ഉല്പതിഷ്ണുത്വം അച്ഛനായ ചക്രവർത്തി അയ്യങ്കാരുടെ അപ്രീതിക്കു പലപ്പോഴും ഇടയാക്കിയിട്ടുണ്ട്. കരുത്തനി വൈഷ്ണവബ്രാഹ്മണനായിരുന്നു പിതാവു്. മദിരാശിലാ കോളേജിൽനിന്നു സമർത്ഥനായ ഈ വിദ്യാർത്ഥി വിദ്യാഭ്യാസം പൂർത്തിയാക്കി. തന്റെ പുത്രനെ കരുത്തൻ ഐ. സി. എസ്സു. കാരനാക്കണമെന്ന അച്ഛന്റെ അഭിലാഷം മാത്രം സാധിച്ചില്ല. കാരണം, രാജാജി വൈദേശികവിദ്യാഭ്യാസം ഇഷ്ടപ്പെട്ടില്ല. ലോകപര്യടനം ചെയ്യാത്ത കരം കരബിലേത്യാനേതാവു് ഇദ്ദേഹമല്ല എന്നകൂടി സംശയമുണ്ടു്.

നേട്ടങ്ങളുടെ സാവധാനമായ കരുത്തൈർയാത്രയാണ് സി. ആറിന്റെ ജീവിതം. കുറ്റം താമസിയാതെ സേലം കോടതിയിലെ കുന്നാന്തരമൊരു ക്രിമിനൽ വക്കീലെന്ന നിലയ്ക്കു് ഇദ്ദേഹത്തിന്റെ പേർ പൊങ്ങി. സേലം മുനിസിപ്പാലിറ്റിയുടെ ചെയർമാനായും രാജാജി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ മാതൃകാപരമായ ന

ഗവർണർ ജനറൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ നായകനും കൂടി അഭിമാനാവഹമാണെന്നു പലതുകൊണ്ടും തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രാക്ടീസ് മദിരാശിയിലേയ്ക്കു മാറിയിട്ടും സി. ആറിന്റെ അഭിഭാഷകവൃത്തിക്കു യാതൊരു കോട്ടവും പറ്റിയില്ല. ആനിബസന്റും ലോകമാന്യതിലകനുമായിരുന്ന അക്കാലത്തെയും സി. ആറിന്റെ രാഷ്ട്രീയ ഗുരുനാഥന്മാർ.

രാജാജിയുടെ ജീവിതത്തിലേയ്ക്കു മഹാത്മജി എത്തിനോക്കിയ സുദിനം സർവ്വഥാ ചരിത്രപ്രധാനംതന്നെ. ഭാര്യയുടെ മരണശേഷം സി. ആർ. സേലം കോടതിയോടു വിടവാങ്ങി മദിരാശിയിലെത്തിയ ഘട്ടം—അതായതു് 1919-ാംവർഷം. ഒരു ദിവസം ഇദ്ദേഹം ഹിന്ദുപത്രത്തിന്റെ സ്ഥാപകനും ആദ്യത്തെ പത്രാധിപരുമായ കസ്തൂരിരംഗ അയ്യങ്കാരുടെ വസതിയിലേയ്ക്കു ചെന്നപ്പോഴുണ്ട് അവിടെ മി. എം. കെ. ഗാന്ധി! അവിടെവെച്ചു പരിചയപ്പെട്ട ആ സൌഹാർദ്ദബന്ധത്തെ അനന്തരകാലസംഭവങ്ങൾ വളരെ വിളക്കി ദൃഢമാക്കിയിട്ടുണ്ട്. സി. ആറിന്റെ രണ്ടാമത്തെ മകൾ ലക്ഷ്മിയാണ് ഗാന്ധിജിയുടെ ഇളയ മകൻ ദേവദാസ് ഗാന്ധിയുടെ ഭാര്യ.

1937 വരെ, അറസ്റ്റ്, ജയിൽ, ദേശസേവനം, വീണ്ടും അറസ്റ്റ് എന്ന കോൺഗ്രസ്സ് നേതൃപരമ്പര്യത്തിന്റെ നാലതിരുകൾക്കപ്പുറവും തിളങ്ങിവിളങ്ങാവുന്ന ഒരു രത്നമാണ് രാജാജിയെന്നു തെളിയിയ്ക്കപ്പെട്ടിരുന്നില്ല. മദിരാശിമന്ത്രിസഭയുടെ നായകനെന്ന നിലയ്ക്കു് ഇദ്ദേഹം പ്രദർശിപ്പിച്ച തൻപോടം സർ ബ്രേക്കൺബറിയെ

പ്പോലെ പ്രശസ്തരായ പല രാജ്യതന്ത്രജ്ഞന്മാരുടേയും ഹൃദയപൂർവ്വമായ അഭിനന്ദനം നേടി. പുരോഗമനാത്മകമായ നിരവധി നിയമനിർമ്മാണങ്ങൾക്കു പുറമേ, വില്ലനികൃതിപോലെ അന്നോവരെ കേട്ടുകേൾവിപോലുമില്ലാത്ത ചില സമ്പ്രദായങ്ങൾകൊണ്ടും ആ ഇരുപത്തിരണ്ടു മാസക്കാലത്തെ സംസ്ഥാനഭരണത്തിന് ഇദ്ദേഹം സ്വന്തം വ്യക്തിമുദ്ര പതിച്ചിട്ടുണ്ട്. രാജാജിയുടെ കിടയിലേയ്ക്കുയരുന്ന അഖിലേന്ത്യാനേതാക്കന്മാർ പലരുമുണ്ടെങ്കിലും ഇദ്ദേഹത്തെ അതിശയിക്കാവുന്ന ഭരണതന്ത്രജ്ഞൻ വേറെ ഇന്ത്യയിലില്ലതന്നെ, തീർച്ച.

അനുസ്യൂതമായ വിജയങ്ങളോടൊപ്പം, പല അഗ്നിപരീക്ഷകളേയും സി. ആർ. അഭിമുഖീകരിച്ചിട്ടുണ്ട്. മധുരയിൽവെച്ച് ഇദ്ദേഹത്തിന്റെ മുഖത്തേയ്ക്കു ജനങ്ങൾ ചെരിപ്പു വലിച്ചെറിഞ്ഞു. നാഗപൂർസർവ്വകലാശാലയുടെ കോൺവൊക്കേഷനു ചെന്ന അവസരം കെട്ട കോഴിമുട്ടകൾ രാജാജിക്കു സ്വാഗതം നൽകി. പക്ഷേ കരിത്തിരികലുഷമാതെ സമചിത്തനായി പ്രതികൂലപരിതസ്ഥിതികൾ നേരിടത്തക്ക നെഞ്ചുറപ്പ് ഇദ്ദേഹത്തെ എന്നും അനുഗ്രഹിച്ചിട്ടുണ്ട്.

ക്രാന്തദർശിയായ ഒരു ചിന്തകനാണ് രാജാജി. രാഷ്ട്രീയത്തിന്റെ കോളിളക്കങ്ങൾ കാലേ കണ്ടറിഞ്ഞു കൂറിട്ടുന്ന ഇദ്ദേഹത്തിന്റെ പ്രതിഭാശക്തി അസൂയാർഹമാണെന്നു പറഞ്ഞേ തീരൂ. ചരിത്രം സൃഷ്ടിച്ച സി. ആർ. പലതി ഇദ്ദേഹത്തിന്റെ ദീർഘദർശിത്വത്തിനു സാക്ഷ്യം വഹിയ്ക്കുന്നു. പക്ഷേ, കാലത്തിന്റെ ഗ്രാഹ്യമണ്ഡലത്തിന

പ്പോം പോകുന്ന രാജാജിയുടെ ചിന്തകളും ജനസമൂഹത്തെ വിറളിപിടിപ്പിച്ച സന്ദർഭങ്ങളും അപൂർവ്വമല്ല. പാശ്ചാത്യവും പൌരസ്ത്യവുമായ തത്ത്വശാസ്ത്രങ്ങളും മനസ്സിരുത്തിപ്പഠിച്ച പാണ്ഡിത്യത്തികവും ഇദ്ദേഹത്തിനുണ്ട്. തർക്കവിദ്വാനെന്നനിലയ്ക്ക് ഇന്ത്യയിലെ അദ്വിതീയനാണ് രാജാജി. പരേതനായ ജിന്നമാത്രമായിരുന്ന ആ ദ്വേഹത്തോട് സമശീർഷനായ താർക്കികൻ.

നലം തികഞ്ഞ സാമ്രാജ്യകൃതികളും പ്രൌഢമായ ഫലിതങ്ങളുമാണ് സി. ആറിന്റെ രണ്ടു സവിശേഷതകൾ. ഇദ്ദേഹത്തിന്റെ ഫലിതം മൂഷിപ്പനാണെന്ന് ഡി. എച്ച്. കാരകയെപ്പോലെ ചിലർ ആക്ഷേപിയ്ക്കുന്നുണ്ട്. പക്ഷേ ശ്രോതാക്കളുടെ മനഃശാസ്ത്രമറിഞ്ഞു പ്രയോഗിയ്ക്കുന്ന ആ ഫലിതങ്ങൾ കരിക്കലും കുറിയ്ക്കുകൊള്ളാതെ പോയിട്ടില്ല.

തമിഴരെസ്സംബന്ധിച്ചിടത്തോളം എണ്ണപ്പെടാവുന്ന കരു സാഹിത്യകാരനുംകൂടിയാണ് രാജാജി. വേദോപനിഷൽഗ്രന്ഥങ്ങളുടേയും ഭഗവൽഗീതയുടേയും വ്യാഖ്യാനത്തിനുപുറമേ, അനവധി മേത്തരം ചെറുകഥകളും ഉപന്യാസങ്ങളും ഇദ്ദേഹം തമിഴ്സാഹിത്യത്തിനു സംഭാവന ചെയ്തിട്ടുണ്ട്. സുപ്രസിദ്ധതമിഴ്ദേശീയകവിയായ ഭാരതിയുടെ ഗാനങ്ങൾ ഇംഗ്ലീഷിലേയ്ക്കു പിവർത്തനംചെയ്തതും സി. ആർ.തന്നെ. 1944 മുതൽ ഇടക്കാലഗവർമ്മെണ്ടിലേയ്ക്കു ക്ഷണിക്കപ്പെട്ടന്നതുവരെ തികച്ചും സാഹിത്യനിർമ്മാണവ്യാപൃതനായിരുന്ന ഇദ്ദേഹം.

സർവ്വോപരി, എളിയ ജീവിതരീതിയും ഉയർന്ന ചിന്താഗതിയുമെന്ന ഭാരതീയാദർശത്തിന്റെ മൂർത്തിമൽഭാ

വമാണ് സി. ആർ. പശ്ചിമബങ്കാൾഗവണ്ണർ താമസിയ്ക്കുന്ന ആ കെങ്കേമമായ കെട്ടിടത്തിനു 120 മുറികളുണ്ട്. പക്ഷേ, അവിടെ ജീവിച്ചപ്പോഴും രാജാജിയുടെ തൊണ്ടിനപരിപാടികൾ ഒരു ചെറുക്കുടിലിലെ കർഷകന്റെ തിൽനിന്ന് അത്രയൊന്നും വിഭിന്നമായിരുന്നില്ല. മദ്രാശിപ്രധാനമന്ത്രിയായിരുന്നപ്പോഴും സ്വന്തം വസ്ത്രങ്ങളലക്കൽ രാജാജിയുടെ ദിനചര്യയാണെന്ന വസ്തുത ഇവിടെ മറന്നുകൂടാ. പ്രായം 70 വയസ്സു ചെന്നെങ്കിലും ഇന്നും ആ സപാശ്രയശീലം അദ്ദേഹത്തിന്റെ ദിനചര്യകൾക്കു നിറംപിടിപ്പിക്കുന്നുണ്ട്.

രാജാജി വംഗനാട്ടിന്റെ ശത്രുവാണെന്നായിരുന്നു പൊതുവേ ബങ്കാളികളുടെ വിശ്വാസം. അങ്ങനെ ഒരു സംശയദൃഷ്ടിയോടുകൂടിയാണ് ഈ മദ്രാശിബ്രാഹ്മണനെ അവർ നോക്കിയതെങ്കിലും കുറച്ചു നാൾകൊണ്ട് ബുദ്ധിമാനായ ഗവണ്ണർ ബങ്കാളിന്റെ അരുമയും കണ്ണിലുണ്ണിയുമായെന്ന വസ്തുത അദ്ദേഹത്തിന്റെ മാന്ത്രികമായ നയജ്ഞതയെ വേണ്ടത്ര ഉദാഹരിക്കുന്നുണ്ട്. പക്ഷേ കേവലം ഒരു തന്ത്രജ്ഞൻ എന്ന പദവിയിലേയ്ക്ക് അദ്ദേഹത്തെ ഇറക്കിക്കെട്ടാവുന്നതുമല്ല. ഹരിജനോദ്ധാരണം മുതലായ നിർമ്മാണപരിപാടികൾക്കുവേണ്ടി മഹനീയമായ നട്ടെല്ലോടുകൂടി അദ്ദേഹം നെടുനാൾ പ്രയത്നിച്ചിട്ടുണ്ട്. രാജാജിയുടെ അസാമാന്യമായ ബുദ്ധിവിലാസം നിമിത്തം അതിന്റെ പിറകേ വന്നിക്കുന്ന ത്യാഗശീലത്തിന്റെ ചരിത്രം മിക്കവരും വിസ്മരിക്കുന്നു. ആ രണ്ടു വശങ്ങളും കൂടിച്ചേർന്നതാണ് ഇന്നത്തെ യഥാർത്ഥഗവണ്ണർ ജനറൽ.

സി. ആർ. എപ്പോഴും ഭാവനാവിലാസത്തിനേറയും വികാരനിർഭരതയുടേയും മേഖലയിൽനിന്നു മാറിനില്ക്കുന്നു. അവതന്നെയാണ് രാജാജിയുടെ രണ്ടു പ്രധാനപ്പെട്ട ഗുണങ്ങളും രണ്ടു പ്രധാനപ്പെട്ട ദോഷങ്ങളും. ഭാവന അദ്ദേഹത്തിന്റെ ചിന്തയെ മെഴുക്കിട്ട മൃദുലമാക്കുകയോ വികാരാവേശം വാങ്മുഖങ്ങൾക്കു തീപ്പിടിപ്പിക്കുകയോ ഒരിക്കലും ചെയ്തിട്ടില്ല. അതിനു മകുടോദാഹരണമാണ് ഗയാ കോൺഗ്രസ്സിൽവെച്ചു രാജാജിയും ദേശബന്ധുദാസും ഏറുമുട്ടിയ രംഗം. നിയമസഭാപ്രവർത്തനം ആശാസ്യമല്ലെന്നു രാജാജി വാദിച്ചു. അതു മാത്രമാണ് അഭിലഷണീയമെന്നു ദാസ് ശഠിച്ചു. മോട്ടിലാൽനെഹ്റു ദാസിന്റെ പക്ഷം കൂടി. ആകപ്പാടെ ഗൌരവാവഹമായ ഒരു സമരരംഗം. പക്ഷേ രാജാജിയുടെ മഞ്ഞുപോലെ തണുത്ത നിർവ്വികാരമായ യുക്തികൾ മഹാരഥന്മാരായ ആ എതിരാളികളെ വല്ലാതെ മരവിപ്പിച്ചു. മോട്ടിലാൽ പല്ലുകടിച്ചുചെന്നുകൂടി റിപ്പോർട്ടുണ്ട്.


രാമനാഥ് സുമൻ എന്ന ഹിന്ദിസാഹിത്യകാരൻ രാജാജിയെ ചാണക്യനോടു താരതമ്യപ്പെടുത്തിയിട്ടുണ്ട്. ഗാന്ധിസ്സ്പിരിറ്റിലെ ചാണക്യതന്ത്രത്തിന്റെ സൂക്ഷ്മിപ്പുകാരനാണത്രേ അദ്ദേഹം. തുറന്ന സിദ്ധാന്തങ്ങളുടേതായ ഗാന്ധിസത്തിനു ചാണക്യോചിതമായ തന്ത്രങ്ങൾ ആവശ്യമില്ലെങ്കിലും വേണ്ടിവന്നാലതിനും അദ്ദേഹം പ്രാപ്തനാണെന്നു മാത്രമാകുന്നു അതിന്റെ വിവക്ഷ. ഏതു നിലയ്ക്കും ഭാരതത്തിന്റെ ഭൂതകാലത്തിനെന്നപോലെ ആസന്നമായ ഭാവിക്കും ഒരു വിലപിടിച്ച മുതലെടുപ്പാണ് രാജാജി.

ഡോക്ടർ പട്ടാഭി സീതാരാമയ്യ

കാലേ കൈവരേണ്ടതായ ഒരു സ്ഥാനം കുറച്ചു വൈകിക്കിട്ടിയെന്നുമാത്രമാണ് പുതിയ കോൺഗ്രസ്സുപ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പിനെപ്പറ്റി സവിശേഷം പ്രസ്താവിക്കാവുന്ന പരമാർത്ഥം. കാരണം ഡോക്ടർ പട്ടാഭിയുടെ വ്യക്തിമാഹാത്മ്യവും സേവനസന്നദ്ധതയും ത്യാഗപാരമ്പര്യവും സമസ്തജനതയ്ക്കും എന്നേ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കോൺഗ്രസ്സ് നേതൃത്വത്തിന്റെ പഴയ തലമുറയ്ക്കു മകുടംചൂട്ടുന്ന ഒരു വീരപുരുഷനാണ് അദ്ദേഹം. അതോടൊപ്പം നവീനകാലഘട്ടത്തിന്റെ നിശ്വാസങ്ങൾ മറന്നാർക്കോളുമേറെ അദ്ദേഹമുൾക്കൊണ്ടിട്ടുണ്ടെന്നും വസ്തുത വിസ്മരിക്കാവുന്നതല്ല.

കോൺഗ്രസ്സ് പ്രസിഡണ്ടുപദവിക്ക് കരിന്തൂക്കാരനെ അവനാക്കുന്ന വിശിഷ്ടഗുണങ്ങൾ എന്തോ അവയുടെയെല്ലാം വിളനിലമാകുന്നു ഡോക്ടർ പട്ടാഭി. ഒരു തീവ്രവാദിയുടെ സമരമനോഭാവവും ഒരു മിതവാദിനേതാവിന്റെ വിജ്ഞാനദാഹവും ഒരു ഗാന്ധിസേവകന്റെ ഹൃദയപരിശുദ്ധിയും ഒരു പൌരസ്ത്യപണ്ഡിതന്റെ ദീർഘദർശിത്വവും അദ്ദേഹത്തിലുണ്ട്. ആ സർവ്വതോമുഖമായ വ്യക്തിവിലാസത്തിൽനിന്നു നാഷനൽകോൺഗ്രസ്സിന്റെ ഭാവിക്ക് ആശാവഹമായ ചില മുതലെടുപ്പുകൾ സിദ്ധിക്കാതിരിക്കയില്ല.

68 കൊല്ലങ്ങൾക്കു മുമ്പു ബൊഗരാജു പട്ടാഭി സീതാരാമയ്യ ജനിച്ചു. ആന്ധ്രനാട്ടിലെ മച്ചിലിപ്പട്ടണമാണ്



ഡോക്ടർ പട്ടാഭി സീതാരാമയ്യ.

ജന്മദേശം. ബുദ്ധിശക്തി, അത്യുത്സാഹം, ധീരത മുതലായി പട്ടാഭിയെ ഇന്നത്തെ പട്ടാഭിയാക്കിയ ആ വിശേഷഗുണങ്ങൾ വിദ്യാർത്ഥിജീവിതംമുതല്ക്കുതന്നെ അദ്ദേഹത്തിൽ പ്രതിഫലിച്ചിരുന്നു. ഡോക്ടറെന്ന നിലയ്ക്ക് അദ്ദേഹം ജീവിതരംഗത്തിലേയ്ക്കിറങ്ങി. ഡോക്ടർ പട്ടാഭി ധാരാളം വരുമാനമുണ്ടായിരുന്ന ഒരു വൈദ്യവിചക്ഷണനാണെന്ന സംഗതി അധികംപേരും അറിയുകയില്ല. പക്ഷേ വ്യക്തിഗതമായ എല്ലാ കെട്ടുപാടുകളേയും പരിത്യജിച്ച് 1916 മുതല്ക്കു സജീവമായ രാഷ്ട്രീയമണ്ഡലത്തിൽ അദ്ദേഹം നിലയുറപ്പിച്ചു. അങ്ങിനെ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളുമായി സാത്മീഭവിച്ചുകഴിഞ്ഞ പട്ടാഭിയുടെ ജീവിതകഥ രാഷ്ട്രീയചരിത്രത്തിൽനിന്നു വളരെയൊന്നും വിഭിന്നമല്ല.

പട്ടാഭി ഒരു വക്കീലുംകൂടിയാണെന്നുവേണം പറയുക. നല്ലം തികഞ്ഞ ഒരഭിഭാഷകനു വേണ്ടതു നിയമപരമായ അവഗാഹം അദ്ദേഹത്തിനുണ്ട്. പക്ഷേ, പട്ടാഭി ഒരിക്കലും പ്രാക്ടീസു ചെയ്യുകയുണ്ടായിട്ടില്ല.

മഹാത്മജിയുടെ സ്വാധീനശക്തി കോൺഗ്രസ്സിന്റെ കേന്ദ്രമണ്ഡലങ്ങളിലേയ്ക്കു വ്യാപിക്കുന്നതിനു മുമ്പുതന്നെ പട്ടാഭി അവിടെ ഒരു സമ്മാന്യസ്ഥാനം നേടിയിരുന്നു. പക്ഷേ ഗാന്ധിജി കൊളുത്തിയ മാസ്മരീപം അദ്ദേഹത്തിന്റെ ഭാവനയെ എന്തെന്നില്ലാതെ തട്ടിയുണർത്തി. അതാണ് പട്ടാഭിയുടെ സമസ്തസാധ്യതകളും കോൺഗ്രസ്സിന്റെ ചാലിലേയ്ക്കു തിരിച്ചുവിട്ടതെന്ന സംഗതി വിസ്മരിക്കാവുന്നതല്ല.

സർവ്വോപരി ഗാന്ധിസത്തിന്റെ വ്യാഖ്യാതാവു്, കോൺഗ്രസ്സിന്റെ ചരിത്രകാരൻ എന്നീ നിലകളിലാണു് പട്ടാഭിക്കു കൂടുതൽ പ്രശസ്തി. പക്ഷേ പട്ടാഭി കേവലം ഗാന്ധിസത്തിന്റെ വ്യാഖ്യാതാവു മാത്രമല്ല, വിമർശകനുംകൂടിയാണു്. അദ്ദേഹം കേവലം കോൺഗ്രസ്സിന്റെ ഔദ്യോഗികചരിത്രകാരനുമല്ല ആ സംഘടനയുടെ ധീരോദാത്തനായ ഒരു ശില്പിയുംകൂടിയാണു്.

അദ്ദേഹത്തെ അതിശയിക്കുവുന്ന പണ്ഡിതന്മാർ ഇന്ത്യയിലധികമില്ല. രാഷ്ട്രീയമേഖലയിലെന്നപോലെ വിജ്ഞാനത്തിന്റെ മറ്റു തുറകളിലേയ്ക്കും ആ പാണ്ഡിത്യം പടർന്നുപിടിച്ചിട്ടുണ്ടു്. വിഷയം പ്രധാനമോ അപ്രധാനമോ ആകട്ടെ, അതിനെപ്പറ്റി സൂക്ഷ്മമായ പരിജ്ഞാനവും നിഷ്പക്ഷമായ കണക്കുകളും അദ്ദേഹം ശേഖരിച്ചുവെച്ചിരിക്കും. അതു തന്റെതന്നോടുകൂടി ഉപയോഗപ്പെട്ടതാണെന്ന അദ്ദേഹത്തിനു വശമുണ്ടു്. പട്ടാഭി പ്രസിദ്ധപ്പെടുത്തിയ ബൃഹദ്ഗ്രന്ഥങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. അവ വായിക്കുന്നവർ ആ പ്രതിഭാസമ്പന്നന്റെ അത്യഗാധമായ ധാരണാശക്തിയെപ്പറ്റി അമ്പരക്കാതിരിക്കയില്ല.

ഇംഗ്ലീഷ്, ഹിന്ദി, തെലുങ്കു് എന്നീ മൂന്നു ഭാഷകളിലും കൈകാര്യം ചെയ്യുവുന്ന ഒരു പണ്ഡിതനാണു് പട്ടാഭി. ഹിന്ദി മാതൃഭാഷയായവർക്കുകൂടി അസൂയതോന്നുന്ന വിധം ശുദ്ധവും സമുജ്ജ്വലവുമാണത്രേ അദ്ദേഹത്തിന്റെ ഹിന്ദിപ്രഭാഷണങ്ങൾ. കുറേക്കാലം പട്ടാഭി മച്ചിലിപ്പട്ടണത്തിൽനിന്നു 'ജന്മഭൂമി' എന്ന ഇംഗ്ലീഷു

വാരിക പ്രസിദ്ധപ്പെടുത്തി. ആ വാരികയുടെ പംക്തികളിൽക്കൂടി അദ്ദേഹത്തിന്റെ തൂലിക നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിനു ചില നല്ല സംഭാവനകൾ ചെയ്തിട്ടുണ്ട്.

നാഷണൽ കോൺഗ്രസ്സിന്റെ ആഭ്യന്തരങ്ങൾ നെടുനാൾ അച്ചടക്കത്തോടുകൂടി അനുസരിച്ച ഒരു മുന്നണിപ്പോരാളിയാണ് അദ്ദേഹം. സമാധാനകാലത്തെന്നപോലെ സമരകാലങ്ങളിലും പട്ടാഭി മുന്നണിയിൽനിന്നു പിന്മാറിയിട്ടില്ല. സവിശേഷം പ്രസ്താവിക്കാവുന്നതാണ് ആഗസ്റ്റ് പ്രക്ഷോഭണത്തിലും തജ്ജന്യമായ സംഭവവികാസങ്ങളിലും അദ്ദേഹം വഹിച്ച പങ്ക്. ആഗസ്റ്റ് സമരകാലത്തു ദേശാഭിമാനികൾ കാട്ടിക്കൂട്ടിയെന്നു പറയുന്ന സമസ്താപരാധങ്ങൾക്കും തങ്ങൾ മാത്രമാണ് കാരണഭൂതരെന്നു തുറന്നു സമ്മതിച്ച ആദ്യത്തെ അഖിലേന്ത്യാനേതാവു പട്ടാഭിയല്ലാതെ മറ്റാരുമല്ല.

അദ്ദേഹം കോൺഗ്രസ്സിന്റെ നേതൃത്വം സ്വീകരിക്കുക മാത്രമല്ല അതിനു നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് ദേശീയവിദ്യാഭ്യാസപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു മുമ്പുതന്നെ പട്ടാഭി മച്ചിലിപ്പട്ടണത്ത് ആന്ധ്രജാതീയകലാശാല സ്ഥാപിച്ചു. കോൺഗ്രസ്സിന്റെ ദേശീയവിദ്യാഭ്യാസസംരംഭങ്ങൾക്ക് അടിത്തറ പാകിയ ഒരു സ്ഥാപനമാണ് ആന്ധ്രജാതീയകലാശാല. പരിപൂർണ്ണസ്വാതന്ത്ര്യത്തിൽക്കുറഞ്ഞ യാതൊന്നുകൊണ്ടും അദ്ദേഹത്തിന്റെ ദേശാഭിമാനം തൃപ്തിയടഞ്ഞില്ല. കോൺഗ്രസ്സ് പൂർണ്ണസ്വാതന്ത്ര്യപ്രമേയം അംഗീക

രിക്കുന്നതിനു മുമ്പുതന്നെ പട്ടാഭി അതിനുവേണ്ടി വാദിച്ചു. നാട്ടുരാജ്യനയത്തെസ്സംബന്ധിച്ചിടത്തോളവും അദ്ദേഹം കോൺഗ്രസ്സിനു വ്യക്തമായ നേതൃത്വം കൊടുത്തിട്ടുണ്ട്.

ഭാരതത്തിന്റെ അവിഭാജ്യഘടകങ്ങളാകുന്ന നാട്ടുരാജ്യങ്ങൾ. കോൺഗ്രസ്സിന്റെ പ്രവർത്തനപരിധി നാട്ടുരാജ്യങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നതെന്നുചെച്ച ഹരിപുരസമ്മേളനത്തിലെ പ്രമേയം ശരിയല്ല. പട്ടാഭിയുടെ വിശ്വാസപ്രമാണമായ തത്ത്വങ്ങളാണിവ. ആ തത്ത്വങ്ങൾക്കുവേണ്ടി അദ്ദേഹംചെയ്ത സേവനങ്ങളെപ്പറ്റി എത്ര പറഞ്ഞാലും അധികമായിപ്പോവുകയില്ല. പട്ടാഭിയെപ്പോലെ നാട്ടുരാജ്യപ്രശ്നം പഠിച്ച നേതാക്കന്മാർ വളരെ ചുരുങ്ങും. നാട്ടുരാജ്യങ്ങളിലെ പ്രജാമണ്ഡലങ്ങളുടെ വളർച്ചയ്ക്ക് ഇദ്ദേഹത്തിന്റെ വ്യക്തിത്വത്തോട് കടപ്പാടുണ്ട്. അഖിലേന്ത്യാനാട്ടുരാജ്യപ്രജാസമ്മേളനത്തിന്റെ പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ ഇദ്ദേഹം അലങ്കരിക്കുകയും ചെയ്തിട്ടുണ്ട്.

സ്വയംപ്രകാശമാനമായ വ്യക്തിത്വത്തോടുകൂടിയ ചില നേതാക്കന്മാരുണ്ട്. സംഘടനയുടെ പരിവേഷമില്ലെങ്കിലും അവരുടെ വ്യക്തിത്വം ആരും അംഗീകരിക്കാതിരിക്കയില്ല. അത്തരമൊരു പ്രാമാണികനാണ് പട്ടാഭി സീതാരാമയ്യ. അതാണ് രാഷ്ട്രീയരംഗത്തിലേയ്ക്കു പ്രവേശിച്ചതോടൊപ്പംതന്നെ അദ്ദേഹത്തിനു സമസ്ഥാനത്തിനു തുല്യം നിഷ്പ്രയാസം കൈവന്നതിന്റെ രഹസ്യം.

ഒരു നാട്ടരാജ്യത്തുവെച്ചു സമ്മേളിക്കുന്ന ആദ്യത്തെ കോൺഗ്രസ്സ് വാഷിംകമാണ് ജയപൂർസമ്മേളനം. അതിന്റെ അദ്ധ്യക്ഷപീഠത്തിലേയ്ക്കു പട്ടാഭിതന്നെ തിരഞ്ഞെടുക്കപ്പെട്ടതു് അത്ഥനിർഭരമായിട്ടുണ്ട്. നാട്ടരാജ്യപ്രജകളുടെ ആശാസങ്കേതമെന്നപോലെ ഭാഷാസംസ്ഥാനവാദത്തിന്റെ ഒരു പ്രശസ്തപക്ഷകനുമാണ് അദ്ദേഹം.

നാഷണൽകോൺഗ്രസ്സിന്റെ മസ്തിഷ്കം രാജഗോപാലാചാരിയാണെന്നു് ഉല്ലേഖിക്കുന്നതുപോലെ കോൺഗ്രസ്സിന്റെ നിഘണ്ടുവെന്നു കല്പിക്കാവുന്ന മഹാരഥനാണ് പട്ടാഭി—വൻകിടനേതാക്കന്മാർതൊട്ടു സാധാരണപ്രവർത്തകന്മാർവരെ എല്ലാവക്കും സംശയം തിരുത്തിക്കൊടുക്കുന്ന മഹത്തായ നിഘണ്ടു. ആ പാണ്ഡിത്യരത്നാകരത്തിന്റെ വ്യാപ്തി ജയ്പൂർസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം വേണ്ടതിലേറെ വിളിച്ചുപറയുന്നുണ്ട്. സൂക്ഷ്മവും സ്ഥൂലവുമായ എല്ലാ നൂചാമാല പിടിച്ച പ്രശ്നങ്ങളും തികഞ്ഞ തൻറേടത്തോടും ലാഘവത്തോടുംകൂടി അദ്ദേഹം കൈകാര്യം ചെയ്യുന്നു. തനൂലം രാഷ്ട്രീയസമ്മേളനങ്ങൾക്കെന്നപോലെ പണ്ഡിതസദസ്സുകൾക്കും അലങ്കാരഭൂതനായ ഒരു നവരത്നമാണ് നമ്മുടെ ഇന്നത്തെ രാഷ്ട്രപതി.

ജനറൽ കാരിയപ്പ

1947 ആഗസ്ത് 15 പോലെതന്നെ ഇന്ത്യയുടെ ഭാവിചരിത്രകാരൻ വിലമതിക്കുന്ന മറ്റൊരു തീയ്യതിയായിരിക്കും 1949 ജനവരി 15. ബ്രിട്ടീഷാധിപത്യത്തിന്റെ അന്ത്യമെങ്കിലും അത്യന്തം പ്രധാനമായ അവശിഷ്ടം അന്നോളം ഭാരതത്തിന്റെ മണ്ണിനോടു പിടിവാങ്ങിപ്പിരിഞ്ഞുള്ളൂ. ഇന്ത്യൻസൈന്യത്തിന്റെ നായകത്വം നാടാടെ കരിന്തൃക്കാരന്റെ ഹസ്തങ്ങളിലേയ്ക്കു കൈമാറം ചെയ്യപ്പെട്ട ആ സുദിനം ചരിത്രത്തിനു വിസ്മരിക്കാവുന്നതല്ല. തൽസ്ഥാനം വഹിക്കുന്നതിന് അഹ്നയും ഭാഗ്യവും സിദ്ധിച്ച മഹാരഥന്റെ നാമധേയമാണ് കെ. എം. കാരിയപ്പ.

ആയുധാഭ്യാസനൈപുണ്യവും ക്ലേശസഹിഷ്ണുതയും കൊണ്ടു മാത്രം കരാധുനികസൈന്യാധിപനു യോഗ്യതികയുന്നില്ല. നിഷ്കൃഷ്ടമായ ഭൂമിശാസ്ത്രപരിജ്ഞാനം, കെട്ടുപിണഞ്ഞ പ്രശ്നങ്ങൾക്കു ചെട്ടെന്നു പരിഹാരം കാണത്തക്ക വിവേകം, കാരോ സൈനികനേറെയും വിശ്വാസവും സ്നേഹവും സമാജ്ജിക്കാവുന്ന വ്യക്തിപ്രഭാവം—ഇവയെല്ലാമാണ് നവീനസൈന്യനായകനു വിലപ്പോകുന്ന വിശിഷ്ടഗുണങ്ങൾ. പിഴയ്ക്കാത്തതായിരിക്കണം അദ്ദേഹത്തിന്റെ കാൽചെപ്പുകൾ, പതറാത്തതായിരിക്കണം അദ്ദേഹത്തിന്റെ ബുദ്ധിശക്തി. കാരണം സർവ്വസൈന്യാധിപനു പിണയുന്ന കേവലം നിസ്സാരമായ കരു തെറ്റോ ലഘുതരമായ കരാമ്പിഴയോ രാഷ്ട്രത്തിന്റെ നിലനി



ജനറൽ കാരിയപ്പ.

പ്പിനെത്തന്നെ ബാധിക്കുന്നതായിരിക്കും, ലക്ഷ്യാപലക്ഷ്യത്തിന്റെ ചോരച്ചൊരിച്ചിലിനു വഴിവെയ്ക്കുന്നതായിരിക്കും. ഒരു രാജ്യതന്ത്രജ്ഞനു പാടുന്ന അബദ്ധം അപകടം കൂടാതെ തിരുത്താവുന്നതാണ്. പക്ഷേ ഒരു സവ്വസൈന്യാധിപനു വരുന്ന തെറ്റു തിരുത്താനാവില്ല. സവ്വസൈന്യാധിപന്മാരെ ഗവണ്ണർജനറൽമാരാക്കി രാജ്യഭരണത്തിനു നിയോഗിച്ചിരുന്ന ഇംഗ്ലീഷുകാർ പ്രസ്തുതതത്ത്വം നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ട്. തന്മൂലം ആദ്യത്തെ ഭാരതീയസവ്വസൈന്യാധിപനായ കാരിയപ്പയുടെ വ്യക്തിത്വം നമുക്കു വിശകലനംചെയ്യാതെ നിവൃത്തിയില്ല.

സൈനികാഭിരുചിയ്ക്കു സുവിദിതമായ കുടകുനാട്ടിലാകുന്നു കാരിയപ്പയുടെ ജനനം. ആയുധനിയമത്തിൽനിന്നു ബ്രിട്ടീഷുഗവർമ്മേണ്ടതന്നെ കുടകരെ ഒഴിവാക്കിയിട്ടുണ്ട്. മൃഗയാവിനോദത്തോട് ആഭിമുഖ്യം പ്രദർശിപ്പിക്കാത്ത കുടകനില്ല. അവർക്കു നായാട്ട് ഒരു വെറും വിനോദമല്ല, കലാവിദ്യതന്നെയാണ്. കുടകിന്റെ തലസ്ഥാനനഗരമായ 'മെർക്കാര'തന്നെയാകുന്നു കാരിയപ്പയുടെ ജന്മദേശം. ഒരു കലപ്പ കയ്യിലേന്തി ജീവിതരംഗത്തിലേയ്ക്കിറങ്ങിയ 'ടിമോഷെങ്കോ' ജർമ്മനിയുടെ വക്ത്രത്തിൽനിന്നു തങ്ങളുടെ പിതൃഭൂമിയെ വിമോചിപ്പിയ്ക്കുന്ന സൈന്യാധിപനാകുമെന്ന് ഒരൊറ്റ റഷ്യക്കാരനും പ്രതീക്ഷിച്ചതല്ല. നായാട്ടുനായയോടൊപ്പം കാട്ടിലേയ്ക്കിറങ്ങുന്നതിനു കൌതുകം പ്രദർശിപ്പിച്ച ബാലനായ കാരിയപ്പ ഭാവിഇന്ത്യൻസൈന്യത്തെ നയിക്കുന്ന നായകനാകുമെന്നും ആരും തീർച്ചപ്പെടുത്തിയിട്ടില്ല.

വിനോദസാമർത്ഥ്യവും പഠനൈപുണ്യവും ഒരേ വിദ്യാർത്ഥിയിലിണങ്ങിച്ചേർന്നുകാണുക സാധാരണയല്ല. പക്ഷേ ആ രണ്ടു സവിശേഷതകളുടേയും ഒരു സമഞ്ജസസമ്മേളനമായിരുന്നു കാരിയപ്പ. അദ്ദേഹത്തിന്റെ വിദ്യാഭ്യാസരംഗമായ മെർക്കാറയിലെ 'സെൻട്രൽ ഹൈസ്കൂളി'നു് ആ വിദ്യാർത്ഥിയെപ്പറ്റി പല മധുരസ്മരണകളുമുണ്ടു്. ക്രിക്കറ്റു്, ഫോക്കി, ടെന്നിസ് മുതലായ എല്ലാ വിനോദങ്ങളിലും അദ്ദേഹം കാലേതന്നെ വൈദഗ്ദ്ധ്യം നേടി. പക്ഷേ അദ്ദേഹം ചീട്ടുകളിയോടു കാണിച്ച അതിരറ്റ കമ്പം മാത്രം അധ്യാപകന്മാരുടേയും പിതാവിന്റേയും നീരസത്തിനു പാത്രമാക്കി. മദ്രാസ് പ്രസിഡൻസി കോളേജിലായിരുന്നു കാരിയപ്പയുടെ ഉന്നതവിദ്യാഭ്യാസം.

ഒരേ കാലഘട്ടത്തിലാണു് കാരിയപ്പയുടെ സൈനികജീവിതത്തിന്റെ ആരംഭവും ഒന്നാംലോകയുദ്ധത്തിന്റെ പര്യവസാനവും. പട്ടാളത്തിലെയ്ക്കു നേരിട്ടോടുപ്പംതന്നെ ഇദ്ദേഹത്തിനു സെക്കൻറ് ലഫ്ടനൻറ് പദവി കിട്ടി. 1918-ലായിരുന്നു അതു്. പട്ടാളവേഷമണിഞ്ഞു കാരിയപ്പ പ്രത്യക്ഷപ്പെട്ട ആ ദിവസം ഭാവുകാശംസയോടുകൂടി ഭാവി ഇന്ത്യൻ റിപ്പബ്ലിക്കു് അഭിമാനപുളകം ചാർത്തിയിരിയ്ക്കുണം, സംശയമില്ല.

വിജയം, പിന്നേയും പിന്നേയും വിജയം, അതിലടങ്ങുന്നതാണു് കാരിയപ്പയുടെ സൈനികജീവിതത്തിന്റെ കഥ. റോയൽ മിലിറ്ററികോളേജിൽനിന്നു 'കിങ്ങ്സ് കമ്മീഷൻ' ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരനും കപ്പറ

യിലെ സ്റ്റാഫ് കോളേജിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ആ ട്യത്തെ ഇന്ത്യക്കാരനും കാരിയപ്പയല്ലാതെ മറാരുമല്ല.

ബ്രിട്ടീഷുകാരുടെ വർണ്ണവിദ്വേഷവും പക്ഷപാതനയവും മറെറതിനേക്കാളുമേറെ കൊടികുത്തിവാണ വിഭാഗമാണ് സൈനികവകുപ്പ്. അവിടെയാണ് കാരിയപ്പ കയറിക്കയറിപ്പോയതെന്ന സംഗതിക്ക് സവിശേഷപ്രാധാന്യമുണ്ട്. ഇദ്ദേഹത്തിന്റെ അസൂയാർഹമായ കഴിവുകൾ ബ്രിട്ടീഷുകാരുടെ പക്ഷപാതബുദ്ധിയെ വെല്ലുവിളിച്ചു വളർന്നുവെന്നു പറയുന്നതാണ് കൂടുതൽ ശരി. ഇദ്ദേഹത്തിനുമുമ്പ് മറെറാരിന്ത്യക്കാരനും അത്രയുമെത്തിയിട്ടില്ല.

കന്നാം ലോകയുദ്ധത്തിന്റെ പല രംഗങ്ങളിലും കാരിയപ്പ പയറ്റിയിട്ടുണ്ട്. കൂടെക്കൂടെ പ്രശസ്തമായ 'രാജ്പുട്ട് റെജിമെൻറി'നു ഇദ്ദേഹത്തിന്റെ സേവനം ലഭിച്ചു. അറാക്കൻ രംഗത്തിലെ 'കപാർട്ടർമാസ്റ്റർ ജനറൽ' സ്ഥാനം വഹിച്ച ഇദ്ദേഹം സഖ്യശക്തികൾക്ക് ചില മികച്ച വിജയങ്ങൾ നേടി. എല്ലായ്പോഴും സാധാരണപട്ടാളക്കാരന്റെ നിത്യജീവിതത്തോട് ബന്ധപ്പെട്ടവനും അവന്റെ മനഃശാസ്ത്രം മനസ്സിലാക്കുവാനും കാരിയപ്പ പ്രത്യേകം മനസ്സിരുത്തി. അതാണ് അദ്ദേഹത്തിന്റെ സ്വഭാവഘടനയിലെ ഏറവും ആരോഗ്യകരമായ സവിശേഷത.

1945 വന്നതോടുകൂടി കാരിയപ്പയ്ക്ക് ബ്രിഗേഡിയർസ്ഥാനം കിട്ടി. നാളതുവരെ മറെറാരു ഭാരതീയനും തത്തുല്യമായ പദവി അലങ്കരിച്ചിരുന്നില്ല. ആയോധ

നശാസ്ത്രത്തിന്റെ അധുനാതന വികാസങ്ങൾ അഭ്യസിക്കുന്നതിനുവേണ്ടി താമസിയാതെ അദ്ദേഹം അമേരിക്കയ്ക്കു സന്ദർശിച്ചു. തദനന്തരം കാശ്മീർസമരത്തിന്റെ വിജയകരമായ നടത്തിപ്പിനിന്ന് അദ്ദേഹത്തിൽനിന്നും കൈവന്ന സംഭാവനകൾ നാം മറന്നുകഴിഞ്ഞിട്ടില്ല.

ആരടി പൊക്കം, ബലിഷ്ഠഗാത്രം, ഇരുണ്ട നിറം, നീണ്ട മുഖം, തേജോവിലസിതമായ നയനങ്ങൾ — അങ്ങനെ നമ്മുടെ സർവ്വസൈന്യാധിപനു് ഏതാണ്ടത്തിരക്കിലും കുറെ തലയെടുപ്പുണ്ടു്. നാല്പത്തൊമ്പതാംവയസ്സിലേയ്ക്കു പ്രവേശിച്ചുകഴിഞ്ഞ ഇദ്ദേഹത്തിന്റെ ജീവിതത്തിലെ ഏതു ദശാസന്ധിയിലും ആ തലയെടുപ്പു പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഭാവിയെസ്സംബന്ധിച്ചു സംശയിക്കാനുമില്ല.


നെടുനീണ്ട 27 കൊല്ലത്തെ വിശ്വസ്തസേവനത്തിനുശേഷം കാര്യപ്പുള്ള സിദ്ധിച്ച ബഹുമതി മഹനീയമാണെന്നതിനെപ്പറ്റി സന്ദേഹമില്ല. പക്ഷേ അതുതന്നെ കർത്തവ്യബോധവും അത്യാവശ്യപ്പെടുന്നുണ്ടു്. ജനതയും സൈന്യവും തമ്മിലുള്ള ബന്ധം പൂർവ്വാധികം ദൃഢതരമാക്കുന്നതോടൊപ്പം സൌഹാർദ്ദസുന്ദരമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാനും അദ്ദേഹം പരിശ്രമിക്കാതിരിക്കില്ല. സൈന്യത്തെപ്പറ്റി ഇന്ത്യൻജനസമുദായം സ്വീകരിച്ചിരിക്കുന്ന വീക്ഷണംകൊടുക്കുതന്നെ വ്യക്തമായ വ്യതിയാനം വരുത്തേണ്ടതുണ്ടു്.

ദിഗ്വിജയത്തിനു പെരുമുന്ന ഒരു സംഘടനയല്ല ഇന്നത്തെ ഇന്ത്യൻസൈന്യം. ഡൊഡ്ഡന്നിൽവെച്ചു സൈനികവിദ്യാർത്ഥികളോടു ജവഹർലാൽ ചെയ്ത ഉപദേ

ശം നാം മറന്നിട്ടില്ല, കാരിയപ്പ ഒട്ടും മറന്നിട്ടില്ല. പ്ര ധാനമന്ത്രിയുടെ വാക്കുകൾ ഒരിക്കൽക്കൂടി നമുക്ക് ശ്രദ്ധി ക്കുക: "ഇന്ത്യൻസൈന്യം ഇന്ന് ഒരാക്രമണോപകരണ മല്ല. ചിരപ്രയത്നംകൊണ്ടു സാധിച്ച സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും നാട്ടിനെ ശുശ്രൂഷിക്കുകയുമാണ് അതി ന്റെ മുമതല."

എസ്. കെ. പട്ടീൽ

സമുന്നതമായ ആദർശങ്ങൾ, മഹനീയമായ തത്വ സംഹിതകൾ, കർമ്മോന്മുഖമായ പ്രസംഗങ്ങൾ, അവയെല്ലാംതന്നെയാണ് എല്ലാ രാഷ്ട്രീയകക്ഷികളുടേയും നെറ്റിപ്പട്ടം കെട്ടുന്ന സവിശേഷതകൾ. പക്ഷേ അവയെക്കാളേറെ ഒരു രാഷ്ട്രീയകക്ഷിയുടെ നിലനില്പിനു നിദാനമായ ശക്തി സംഘടനാപരമായ അച്ചടക്കവും കർശനമായ നിയമാവലിയുമാണെന്നതാകുന്നു മഹത്തായ പരമാർത്ഥം. കോൺഗ്രസ്സിനെ അതിന്റെ അസൂയാർഹമായ പദവിയിലേയ്ക്കു നയിച്ച ശക്തി ആദർശപരവും ധാർമ്മികവുമായ അടിസ്ഥാനം മാത്രമല്ല തീക്ഷ്ണപ്രഭയായ അതിന്റെ നേതാക്കന്മാർ പിന്തുടർന്ന വ്യക്തമായ പരിപാടികളും അച്ചടക്കബോധവുമാണെന്നു സൂക്ഷ്മജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ട്. ആർക്കും അതീവ പ്രാധ്യമല്ലെങ്കിലും എല്ലാവർക്കും അത്യന്താപേക്ഷിതമായ ആ അച്ചടക്കവും ക്രിയാത്മകതയും വിട്ടുവീഴ്ചകൂടാതെ ആവശ്യപ്പെടുന്ന ചില വ്യക്തികൾ എല്ലാ രാഷ്ട്രീയകക്ഷികളിലുമുണ്ടായിരിക്കും. അത്തരം നേതാക്കന്മാർ എല്ലാ കോണിൽനിന്നും അധിക്ഷിപ്തരാകുമെങ്കിലും അവർ സാധിക്കുന്ന സേവനങ്ങൾ അവഗണനീയമാണെന്ന് അർത്ഥമാക്കേണ്ടതില്ല. ആ നിയമപാലകന്മാരുടെ അഭാവം രാഷ്ട്രീയകക്ഷികളെ കേവലം കുത്തഴിഞ്ഞ പുസ്തകംപോലെ താറുമാറാക്കുകതന്നെ ചെയ്യും. പ്രസ്തുതകാഴ്ചപ്പാടിൽക്കൂടി വേണം എസ്. കെ. പട്ടീലിന്റെ വ്യക്തിത്വത്തിനു മൂല്യം നി



എസ്സ്. കെ. പട്ടീൽ.

ണ്ണയിക്കുക. പ്രശംസയ്ക്കും അഭിനന്ദനത്തിനുമെന്നപോലെ വളരെ അധികം ആക്ഷേപങ്ങൾക്കും ഭർത്സനങ്ങൾക്കും പാത്രമായ ഒരുവിലേയ്ക്കാണ് നേതാവാണ് അദ്ദേഹം. ആക്ഷേപപരമ്പരകളുടെ പെരുപ്പവും വലിപ്പവുംതന്നെ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെ നല്ലപോലെ മാറ്റുരച്ചുകാണിക്കുന്നുണ്ട്.

കോൺഗ്രസ്സ് നേതൃത്വത്തിന്റെ പുതിയ തലമുറയ്ക്കുമകുടംവെയ്ക്കുന്ന ഒരു നേതാവാണ് പട്ടീൽ. സേവനസന്നദ്ധതകൊണ്ടും കായ്പ്രാപ്തികൊണ്ടും പഴയ തലമുറയ്ക്കു ചേർന്ന ഒരനന്തരവനാണെന്ന് അദ്ദേഹം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഭാവിയിലെ കേന്ദ്രമന്ത്രിസഭാംഗങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുന്നപക്ഷം അതിലെ ഒന്നാമത്തെ നാമധേയം പട്ടീലിന്റേതായിരിക്കുമെന്ന സംഗതിയെപ്പറ്റി ഒട്ടും സംശയത്തിനവകാശമില്ല. അത്രയേറെ ത്യാഗസുരഭിലമായ ഒരു ചരിത്രം കോൺഗ്രസ്സിന്റെ സൌഭാഗ്യത്തിനുവേണ്ടി ആത്മാർപ്പണംചെയ്ത ആ ജീവിതത്തിന്റെ പിന്നിലുണ്ട്.

ബോംബെ കോർപ്പറേഷന്റെ പുതിയ മേയർ പട്ടീലല്ലാതെ മറ്റാരുമല്ല. വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അദ്ദേഹം വിജയം കരസ്ഥമാക്കി. അദ്ദേഹത്തിന്റെ ബഹുവിധമായ പ്രവർത്തനങ്ങൾക്ക് ഏറെക്കാലം സാക്ഷ്യം വഹിച്ച രംഗമാണ് ബോംബെനഗരവും സംസ്ഥാനവും. വ്യാഴവട്ടങ്ങൾക്കുമുമ്പേ ബോംബെനഗരത്തിലെ ഒരു പ്രാമാണികശക്തിയായിരുന്നു പട്ടീൽ. പല നിലകളിലും അദ്ദേഹത്തെ ബോംബേനഗരം കണ്ടിട്ടുണ്ട്: കോൺഗ്രസ്സ് പ്ര

വത്കൻ, തൊഴിലാളിനേതാവ്, കോർപ്പറേഷൻമെമ്പർ, സംസ്ഥാനകോൺഗ്രസ്സ് സിക്രട്ടറി, സംസ്ഥാനകോൺഗ്രസ്സുകമ്മറിപ്രസിഡണ്ട്, കോർപ്പറേഷൻമേയർ. എല്ലാ നിലകളിലും അദ്ദേഹം തന്റെ വ്യക്തിമുദ്ര വിജയപൂർവ്വം പതിച്ചിട്ടുണ്ട്. പട്ടീലിന്റെ സംഭവബഹുലമായ പ്രവത്തനങ്ങൾ ബോംബേനഗരത്തിന്റെയോ സംസ്ഥാനത്തിന്റെയോ സ്മരണയിൽനിന്നു പെട്ടെന്നൊന്നും മാഞ്ഞു പോവുകയുമില്ല. പരേതനായ നരിമാന്റെപോലെ അദ്ദേഹത്തിന്റെ നാമധേയം ബോംബേനഗരത്തോട് സാത്മ്യം പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട്.

1900 ആഗസ്റ്റ് 14-ാംനു-യാണ് പട്ടീലിന്റെ ജനനം. സാവൻദവാഡി എന്ന സ്ഥലമാകുന്നു ജന്മദേശം. 1920-ലെ രാഷ്ട്രീയപ്രസ്ഥാനം ഇന്ത്യയെ പ്രക്ഷുബ്ധമാക്കിയ അവസരം ബോംബെയിലെ സെൻറ്സേവിയേഴ്സ് കോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്ന അദ്ദേഹം. പട്ടീലിന്റെ സ്വാതന്ത്ര്യപ്രബുദ്ധതയെ കോളേജിന്റെ മതില്ക്കെട്ടുകൾക്കു തടഞ്ഞുനിർത്താനായില്ല. കലാലയജീവിതം പരിത്യജിച്ച് അദ്ദേഹം രാഷ്ട്രീയരംഗങ്ങളിലേയ്ക്കിറങ്ങി. അന്നുതുടങ്ങി എട്ടു പ്രാവശ്യം അദ്ദേഹത്തിനു കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. കുറെക്കാലം ഒരു ദേശീയവിദ്യാലയം സ്ഥാപിച്ച് അവിടെ അദ്ദേഹം അധ്യാപകവൃത്തി സ്വീകരിച്ചു. തദനന്തരം 1924-ലാണെന്നു തോന്നുന്നു, പട്ടീൽ വൈദേശികവിദ്യാഭ്യാസത്തിനു പുറപ്പെട്ടു. ലണ്ടനിലെ 'സ്കൂൾ ഓഫ് എക്കണോമിക്സ്' എന്ന മഹൽസ്ഥാപനത്തിൽനിന്ന് അദ്ദേഹം മൂന്നുകൊല്ലം

പത്രപ്രവർത്തനം പഠിച്ചു. വിശ്വവിശ്രുതനായ പ്രൊഫസർ ലാസ്കിയുടെ ഒരു പ്രിയശിഷ്യനായിരുന്നു പട്ടീൽ.

'ബോംബേ ക്രോണിക്കിൾ' പത്രാധിപസമിതിയിലെ ഒരംഗമെന്ന നിലയ്ക്കാണ് അദ്ദേഹം ഉദ്യോഗത്തിലേയ്ക്കു പ്രവേശിച്ചു. പക്ഷേ പത്രാധിപത്യമല്ല, രാഷ്ട്രീയനേതൃത്വമായിരുന്നു വിധി അദ്ദേഹത്തിനു നിശ്ചയിച്ച വ്യാപാരമണ്ഡലം. മൂന്നുകൊല്ലത്തിനുശേഷം അദ്ദേഹം ബോംബേ ക്രോണിക്കിളിനോടു വിടവാങ്ങി രാഷ്ട്രീയരംഗത്തിലേയ്ക്കിറങ്ങി. അതിനുശേഷം പട്ടീൽ നയിച്ച ജീവിതം ബോംബേസംസ്ഥാനത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ അതിപ്രധാനമായ അധ്യായമാകുന്നു. പതിനേഴു നെടുനീണ്ട കൊല്ലങ്ങൾ അദ്ദേഹം ബി. പി. സി. സി. യുടെ സിക്കുറി സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. അങ്ങിനെ ബോംബേസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പട്ടീലിന്റെ പര്യായമാകുന്നു കോൺഗ്രസ്സ്, അഥവാ കോൺഗ്രസ്സിന്റെ പര്യായമാകുന്നു പട്ടീൽ. 1946 മുതല്ക്കാണ് അദ്ദേഹമാണ് ബി. പി. സി. സി. പ്രസിഡണ്ട്.

സമസ്തൈന്ത്യയുടെ മേഖലയിലേയ്ക്കുകൂടി പട്ടീലിന്റെ വ്യക്തിത്വവും സ്വാധീനശക്തിയും വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ടു ദശവത്സരക്കാലം അഖിലേന്ത്യാകോൺഗ്രസ്സ് കമ്മിറ്റിയിലെ അനന്യസാധാരണമായ സാമാജികത്വം അദ്ദേഹം അലങ്കരിച്ചു. ഇന്ത്യൻപാർലിമെന്റിലും പുതിയ കോൺഗ്രസ്സ് പ്രവർത്തകസമിതിയിലും അംഗമാണ് അദ്ദേഹം. സർവ്വോപരി, ഭാവിയുടെ നേതാവെന്ന നിലയ്ക്ക് അസാമാന്യമായ ഒരു സ്ഥാനം അദ്ദേഹത്തിനുണ്ട്.

തൊഴിലാളിലോകത്തിന്റെ വ്യക്തമായ പ്രാതിനിധ്യം അവകാശപ്പെടാവുന്ന ഒരു നേതാവുകൂടിയാണ് പട്ടീൽ. തൊഴിലാളികളുടെ നേതൃത്വം ഇടതുപക്ഷവിഭാഗത്തിന്റെ മാത്രം കുത്തകയല്ലെന്ന് അദ്ദേഹം സപ്രയത്നം കൊണ്ടു പ്രത്യക്ഷീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തൊഴിലാളികൾക്കിടയിലെ സ്വാധീനശക്തി ബോംബെയിലെ ഇടതുപക്ഷവലയത്തിന് ഒരു ദുസ്സ്വപ്നംപോലെ അനുഭവപ്പെട്ടിരുന്നു. ബോംബെസ സ്ഥാനഹിന്ദുസ്ഥാൻ മസ്ദൂർ സേവാസംഘത്തിന്റെ പ്രസിഡണ്ടാണ് പട്ടീൽ.

ഒരു സംഘടനാവിശാരദനെന്ന നിലയ്ക്കു പട്ടീലിന്റെ പ്രാഗത്ഭ്യത്തെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. കോൺഗ്രസ്സിന്റെ ബോംബേ സംസ്ഥാനത്തിലെ ഭദ്രമായ നിലനില്പിന് അദ്ദേഹത്തിന്റെ സേവനശക്തിയോടു കായ്മയ കടപ്പാടുണ്ട്. ആപല്ക്കരമായ പല കൊടുങ്കാറുകളും ബോംബെയിലെ ദൈനന്ദിനരാഷ്ട്രീയജീവിതത്തെ അലട്ടിക്കൊണ്ടിരിക്കുന്നു. അവിടെ കോൺഗ്രസ്സിന്റെ ചിരാജ്ജിതയശസ്സു നിലനിത്താൻതന്നെ പല ഏടാകൂടങ്ങൾക്കും മാറുകാണിക്കേണ്ടതുണ്ട്. ആ ബോംബേ നഗരത്തിലാണ് പട്ടീൽ കോൺഗ്രസ്സിനു പുതിയ പുതിയ നേട്ടങ്ങൾ നേടിക്കൊണ്ടിരിക്കുന്നതെന്നു വസ്തുത സവിശേഷം അനുസ്മരിക്കാതെ നിവൃത്തിയില്ല.

സംഘടനാപരമായ മാർഗ്ഗത്തിലേയ്ക്കാണ് എപ്പോഴും പട്ടീലിന്റെ നോട്ടം. മാറിയ പരിതസ്ഥിതികൾക്കൊപ്പം കോൺഗ്രസ്സിന്റെ ഭരണഘടന മാറിയേ മതിയാവൂ എന്ന് അദ്ദേഹം മനസ്സിലാക്കി. സ്വാതന്ത്ര്യലബ്ധിക്കു


ശേഷം പൊങ്ങിവന്ന അടിയൊഴുക്കുകൾ സധീരം നേരിടുവാനും പരീക്ഷണഘട്ടങ്ങൾ മറികടക്കുവാനും പര്യാപ്തമായ ഒരു ഭരണഘടന കോൺഗ്രസ്സിനാവശ്യമുണ്ട്. അതിനുവേണ്ടി ഉറക്കെ വാദിക്കുകയും ഭരണഘടനാനിർമ്മാണത്തിനുവേണ്ടി നിയമിച്ച കമ്മിറ്റിയിലെ സാമാജികത്വം വഹിക്കുകയും ചെയ്ത ദേഹം പട്ടീലല്ലാതെ മറ്റാരുമല്ല.

രാഷ്ട്രീയരംഗത്തിലെ പരുഷപ്രശ്നങ്ങൾ ദൈനന്ദിനം ഏറുമുട്ടി തഴമ്പിച്ചിട്ടും പട്ടീലിന്റെ കലാബോധത്തിന് കട്ടും കോട്ടും തട്ടിയിട്ടില്ല. സാങ്കേതികസംഗീതകലയോട് അദ്ദേഹം അത്യഗാധമായ ആഭിമുഖ്യം പ്രദർശിപ്പിക്കുന്നു. അസുലഭമായ സംസ്കൃതപാണ്ഡിത്യംകൊണ്ടും അനുഗൃഹീതനാണ് പട്ടീൽ.

ഡോക്ടർ ബി. സി. റോയി

മറ്റു പലതുകൊണ്ടുമെന്നപോലെ രാഷ്ട്രീയപ്രശ്നങ്ങളുടെ അനുസ്യൂതമായ കോളിളക്കങ്ങൾകൊണ്ടും ബങ്കാളിനു നിരുപമമായ ഒരു സ്ഥാനം ഇന്നത്തെ ഇന്ത്യയിലുണ്ട്. രാഷ്ട്രീയകക്ഷികളുടെ വൈപരീത്യവും ആഭ്യന്തരസംഘട്ടനത്തിന്റെ വൈചിത്ര്യവും ഇത്രയേറെ അലയടിക്കുന്ന വേറെ ഭാഗം ഈ മഹാരാജ്യത്തിന്റെ ഭൂപടത്തിലില്ല. പക്ഷേ കൊടുങ്കാറ്റുകൾ പലവട്ടമാഞ്ഞടിച്ചിട്ടും കുലുങ്ങാതെ അവിടെ സ്വയംപ്രകാശമാനമായ വ്യക്തിത്വത്തോടുകൂടി വർത്തിക്കുന്ന ഒരു ശ്രേഷ്ഠപുരുഷനാണ് ഡോക്ടർ ബി. സി. റോയി. ആ നാമധേയം തികച്ചും ആദർശാധിഷ്ഠിതമായ ഒരു നിലപാടിനെ പ്രതിനിധീഭവിക്കുന്നു. സേവനപഥത്തിൽനിന്നു കാൽ പതറുകയോ അധികാരലബ്ധിക്കുവേണ്ടി ഉലയുകയോ അദ്ദേഹം പതിവില്ല. മഹത്തായ വിശ്വാസപ്രമാണത്തിന്റെ പേരിലാണ് ഓരോ കാൽവെപ്പും.

ആത്മാംശത്തിലൂന്നി ഗാന്ധിമാർഗ്ഗത്തിന്റെ മഹാനായ കരുനയായിയാണ് ഡോക്ടർ ബിധൻചന്ദ്രറോയ്. മറിമായങ്ങൾ തല്ക്കാലമെന്തൊക്കെ കാട്ടിക്കൂട്ടിയാലും ശരി, അവസാനവിജയം സത്യത്തിനേറെയും അഹിംസയുടേയുമാവുമെന്ന് അദ്ദേഹത്തിനു ദൃഢനിശ്ചയമുണ്ട്. തന്മൂലം കച്ചപ്പാടുകൾ കെട്ടിപ്പടുക്കാനോ ക്ഷണികവിജയങ്ങൾ നേടിഞെളിയാനോ റോയ് തെല്ലും മെനക്കെട്ടിട്ടില്ല. നിരാഡം



ഡോക്ടർ ബി. സി. റോയി.

ബഹുമുഖവും നിശ്ശബ്ദവുമായ പരിപാടികൾ, സദാപി സേവനോന്മുഖമായ പുരോഗതി—അതാണ് ഏറെക്കാലം നാഷണൽകോൺഗ്രസ്സിന്റെ കേന്ദ്രമണ്ഡലങ്ങൾതന്നെ അലങ്കരിച്ചിട്ടും അദ്ദേഹം ബഹുജനശ്രദ്ധയിലേയ്ക്കു തിരക്കിക്കയറാഞ്ഞതിന്റെ ഹേതു.

ഉടനീളം സഫലമായ പ്രവർത്തനങ്ങൾ പൂവിട്ടതാണ് ബിധൻചന്ദ്രന്റെ ജീവിതം. ബങ്കാൾക്ഷാമത്തിന്റെ കാലത്തു് ഇദ്ദേഹത്തിന്റെ സേവനതൃഷ്ണയും തന്റേടവും അതിന്റെ പരകോടിയോളംതന്നെ പൊങ്ങി. എരിപൊരിക്കൊണ്ട ജനങ്ങൾക്ക് അനുഗ്രഹോദാരമായ കരുസംഭാവനയായിരുന്നു, നെടുനീളെ അദ്ദേഹം സംഘടിപ്പിച്ച നാനാമുഖമായ ക്ഷാമനിവാരണകേന്ദ്രങ്ങൾ. ചൈനാ—ജപ്പാൻ യുദ്ധകാലത്തു് ആ ദീനാനുകമ്പ ഭാരതത്തിന്റെ സീമകൾക്കപ്പുറംകൂടി കവിഞ്ഞൊഴുകി. ചൈനയിലേയ്ക്കയച്ച ഇന്ത്യയുടെ 'മെഡിക്കൽമിഷൻ' റോയുടെ വ്യക്തിഗതമായ നേട്ടമാണെന്ന സംഗതി കരുതെറും പരമാർത്ഥം മാത്രമത്രേ. നമ്മുടെ സാഹോദര്യബോധത്തിന്റെ ആ വിളംബരത്തിനു് ഇദ്ദേഹത്തെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല.

ഇതിനകം പല നിലയ്ക്കും റോയ് ബങ്കാളികളുടെ ഭാവനയെ വശീകരിച്ചുകഴിഞ്ഞിരിക്കുന്നു. സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും കരവിഭാജ്യഘടകംപോലെ അദ്ദേഹം എന്നും വിജയിച്ചുരുളി. ജനങ്ങൾ അദ്ദേഹത്തിലർപ്പിച്ച ആത്മാർത്ഥമായ വിശ്വാസത്തിന്റെയും മതിപ്പിന്റെയും പ്രത്യക്ഷലക്ഷ്യമാണ് കല്ക്കത്താകോ

പ്പ്രൊഷന്റെ മേയർസ്ഥാനം. ആ വിശ്വാസം സത്യമാ
ണെന്നുള്ളതിനു സ്വന്തം പ്രവൃത്തികൾകൊണ്ട്
അദ്ദേഹം തെളിയിച്ചു.

സമസ്തൈന്ദ്രിയാപഗ്രഥനം ചെയ്യുന്ന
പല വിദഗ്ദ്ധസമിതികളിലും ഒരു സജീവഘടകമായിരു
ന്നു റോയ്. ആ ശാസ്ത്രീയസമിതികൾക്കും പദ്ധതികൾ
ക്കും ഇദ്ദേഹം സ്വന്തം വ്യക്തിമുദ്ര പതിച്ചിട്ടുണ്ട്. ഇവ
യിടെ തുടങ്ങിവയ്ക്കപ്പെട്ട ഭോർക്കമ്മിറിക്ക് ഇദ്ദേഹ
ത്തിൽനിന്നു കൈവന്ന നേട്ടങ്ങൾ ചില്ലറയല്ല. കമ്മി
റിയിലെ ഒരു പ്രമുഖാംഗമായ ഇദ്ദേഹം ഇന്ത്യാഗവൺമെന്റിനെ
പരിതാപകരമായ ആരോഗ്യനിലവരത്തെപ്പറ്റി കരളു
രുകി പ്രസ്താവിക്കുന്നു. ആകെ ഒന്നരക്കോടി രൂപമാ
ത്രം ചെലവഴിക്കുന്ന ഇന്നത്തെ സമ്പ്രദായം പൊളിച്ചെ
ഴുതി അമേരിക്കയെപ്പോലെ എട്ടുകോടിയിലധികം രൂപയെങ്കിലും
ആരോഗ്യത്തിനു നീക്കിവെച്ചെങ്കിൽ മതിയാവൂ എന്നാണ്
റോയ് ബങ്കാൾ മെഡിക്കൽകോൺഫ്രൻസിൽവെച്ചു
ചെയ്ത ഉൽബോധനം.

വൈദ്യശ്രീയും സേവനവും എവിടെയെല്ലാം ഇന്ത്യ
ആവശ്യപ്പെടുന്നുവോ അവിടെ തലയെടുപ്പോടുകൂടി ബി.
സി. റോയ് സ്ഥാനം പിടിക്കുന്നു. ഇന്ത്യാഗവൺമെന്റു
സൃഷ്ടിച്ച പുതിയ ശാസ്ത്രവ്യവസായസമിതിയുടെ നിർവ്വാ
ഹകവിഭാഗത്തിലും ഇദ്ദേഹം ഒരംഗംതന്നെ. കുറച്ചുനാൾ
മുമ്പു അല്ലഹബാദ് സർവ്വകലാശാല ജവഹർലാൽനെ
ഹ്രുവിനോടൊപ്പം ഇദ്ദേഹത്തിനും ഡോക്ടർ ഓഫ് സ
യൻസ് എന്ന ബഹുമതിമുദ്ര നല്കിയതു അത്യന്തം ഉചി
തമായിട്ടുണ്ട്.

സർവ്വോപരി, മദിരാശിസർവ്വകലാശാലാവൈസ് ചാൻസലർ സർ. എ. ലക്ഷ്മണസ്വാമിമുതലിയാർ മുതലായവരെപ്പോലെ ഇന്ത്യയിലെ ഒരൊന്നാംകിട വൈദ്യവിചക്ഷണനാണ് ഡോക്ടർ റോയ്. ഇദ്ദേഹത്തിന്റെ ചികിത്സാപ്രാവീണ്യത്തെ വെല്ലുവിളിക്കാവുന്നവർ ലോകത്തിലാകെത്തന്നെ വളരെയില്ലത്രേ!

ഗാന്ധിജിയുടെ വിശ്വസ്തഭിഷഗ്വരനെന്ന നിലയ്ക്കാണ് ഇന്ത്യയിലങ്ങോളം റോയിക്ക് കൂടുതൽ കേൾവി. ബാപ്പുജിയുടെ നിരാഹാരവ്രതത്തിന്റെ പരീക്ഷണഘട്ടങ്ങൾക്ക് റോയുടെ വിദഗ്ധപരിചര്യയോട് കനത്ത കടപ്പാടുണ്ട്. പക്ഷേ തന്നെക്കൂടി അമ്പരപ്പിക്കുന്ന ചില മർമ്മപ്രധാനമായ നിമിഷങ്ങൾ മഹാത്മജി എങ്ങിനെയോ പലതവണ അതിജീവിച്ചിട്ടുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളികളിലൊരാളാണ് ബി. സി. റോയ്. കോൺഗ്രസ്സ് ആഹ്വാനംചെയ്ത എല്ലാ ദേശീയസമരങ്ങൾക്കും അദ്ദേഹം നിഭൃം മുന്നിട്ടിറങ്ങി. നിരവധികാലം കാരാഗൃഹവാസം നയിച്ചു. ഏറെക്കാലം സമഃസ്വാതന്ത്ര്യാകോൺഗ്രസ്സ് പ്രവർത്തകസമിതി അംഗമായിരുന്ന നെടുനീണ്ട സേവനപാരമ്പര്യവുമുണ്ട്. പക്ഷേ എപ്പോഴും ആദർശത്തിനല്ലാതെ കരിക്കുലെങ്കിലും ആർഭാടത്തിനുവേണ്ടി അദ്ദേഹം അരങ്ങേറിയിട്ടില്ല.

സ്വതന്ത്രഭാരതത്തിന്റെ പിറവി അകമഴിഞ്ഞ കൂറോടുകൂടി സ്വന്തം വീരസന്താനത്തെ എതിരേറ്റു. റോ

യിയുടെ യഥാർത്ഥമഹത്വത്തിനു വിലയിരുത്തി സർവ്വഥാ സമ്മാന്യമായ ഒരു പദവിയിലേയ്ക്ക് അദ്ദേഹത്തെ നിയമിച്ചു—ഐക്യസംസ്ഥാനത്തിലെ ഗവണ്മെർസ്ഥാനത്തേയ്ക്ക്. റോയ് അമേരിക്കൻ പര്യടനം കഴിഞ്ഞു മടങ്ങിവരുംവരെ മാത്രം സരോജിനീനായിഡു തൽസ്ഥാനം വഹിക്കണമെന്നായിരുന്നു നിശ്ചയം. പക്ഷേ റോയ് പ്രസ്തുത സ്ഥാനം സസ്നേഹം നിരസിച്ചു. അധികാരപീഠങ്ങളേക്കാളേറെ ജനസേവനവീഥികൾ നിർമ്മാണപരിപാടികളിലാണെന്നു കരുതിയിട്ടാവാം, പേറെ അഭ്യർത്ഥനയ്ക്ക് അവകാശമില്ല.

തന്റെ അമേരിക്കൻ പര്യടനത്തിൽനിന്നു ചിന്തനീയമായ പല പാഠങ്ങളും റോയ് നമുക്കു സമർപ്പിച്ചിട്ടുണ്ട്. മൂന്നാഴ്ചക്കാലം അദ്ദേഹം നേരിട്ടു കണ്ട സഖ്യരാഷ്ട്രസംഘടനയുടെ നടപടികൾ റോയിയെ അതീവ ഭഗ്നാശനാക്കി. അന്താരാഷ്ട്രീയമേഖലയിലേയ്ക്കു സമാധാനത്തിന്റെ കിരണങ്ങൾ എത്തിനോക്കുകപോലും ചെയ്യുന്നില്ല. അവിശ്വാസത്തിന്റെ മൂടുപടമിട്ട രാഷ്ട്രങ്ങൾ രംഗപ്രവേശം ചെയ്യുന്ന യു. എൻ. ക. ഒരു വെറും പ്രഹസനമാണെന്നുവരെ അദ്ദേഹത്തിനഭിപ്രായമുണ്ട്.

ബങ്കാളിലെ കോൺഗ്രസ്സ് സംഘടനയുടെ ഭാഗധേയം നിർണ്ണയിക്കേണ്ട ഭാരം പലപ്പോഴും ബി. സി. റോയിയുടെ കൈകളിലേയ്ക്കു വന്നുചെട്ടിട്ടുണ്ട്. ഇതാ ഈയിടെ വീണ്ടും താത്ക്കാലികമായ ഒരവസരം നേരിട്ടു. പ്രഫുല്ലചന്ദ്രഘോഷിനു പകരം ബിധൻചന്ദ്രനെ പശ്ചിമബങ്കാൾ കോൺഗ്രസ്സ് നിയമസഭാപാർട്ടി തിരഞ്ഞെടുത്തിരിക്കുകയാണ്.

ബി. സി. റോയിയുടെ മന്ത്രിസഭ അവിടെ ഭരണസാരഥ്യ മേറ്റെടുത്തിട്ട രണ്ടു കൊല്ലത്തോളം കഴിഞ്ഞു. സ്വതേ അധികാരസ്ഥാനങ്ങളുടെ നേരെ അദ്ദേഹം പരാങ്മുഖനാണെങ്കിലും താനറിയാതെ തന്നിലടിച്ചേൽപ്പിക്കപ്പെട്ട ഈ ഭാരിച്ച ഉത്തരവാദിത്വം നിറവേറേണ്ട ചുമതല തികച്ചും ധാർമ്മികമാണെന്ന വിശ്വാസം അദ്ദേഹത്തിനുണ്ട്. നെടുനീണ്ട 40 കൊല്ലം കേവലം ഒരു വൈദ്യസേവകന്റെ ഉദ്യോഗം വഹിച്ച റോയിക്കു രാജ്യഭരണത്തിന്റെ യാതനകൾ പരിചിതമല്ലെങ്കിലും അദ്ദേഹത്തിന്റെ അസൂയാർഹമായ കഴിവുകൾ ഇവിടേയും പ്രകാശിക്കുമെന്നതിനെപ്പറ്റി സംശയമില്ല.

പുറത്തു് അഭിമാനവും അകത്തു സമാധാനവും പുലർത്തലായിരിക്കും തന്റെ ഭരണനയത്തിന്റെ സവിശേഷതയെന്നു റോയ് അമേരിക്കയിൽനിന്നു മടങ്ങുംവഴി ഒരു പത്രപ്രതിനിധിയോടു പ്രസ്താവിച്ചു. അതേ നയംതന്നെ പശ്ചിമബങ്കാൾ പ്രധാനമന്ത്രി എന്ന നിലയ്ക്കും അദ്ദേഹം പ്രദർശിപ്പിക്കുന്നു. എന്തായാലും ശരി, ഇന്ത്യൻ എക്സ്പ്രസ്സ് ഒരു മുഖപ്രസംഗത്തിലഭിപ്രായപ്പെട്ടപോലെ, ഇന്ത്യയിലെ പൌരോഭാഗ്യം തീണ്ടാത്ത നിലവാരം വന്ന ഒരു ബുദ്ധിശക്തിയാണു് റോയിയുടേതെന്നു് ആർക്കും സമ്മതിക്കാതെ തരമില്ല.

ചിത്തരഞ്ജൻദാസിന്റെ നിര്യാണത്തിനുശേഷം ബങ്കാളിന്റെ അനിഷേധ്യനേതൃത്വം ആർക്കും കൈവന്നിട്ടില്ല. ദാസിന്റെ അഭാവം സുഭാസ് ചന്ദ്രബോസിനേയും സൻഹ്രഷ്ടയേയും രണ്ടു ചേരികളിലേയ്ക്കു് അകറ്റി. അ

താണ് 1925 മുതൽക്ക് അവിടെ പിരിമുറുക്കിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയമായ വടംവലികളുടെ കരേകരടിസ്ഥാനം. മാറിമാറി ഇരുകക്ഷികളുടേയും സ്വാധീനശക്തിയ്ക്കു മുൻകൈ കിട്ടിയിട്ടുണ്ട്. ഇന്നും ആ ആഭ്യന്തരസമരം നിർബ്ബാധം തുടർന്നുവരുന്നു. സെൻഗ്രപ്പാകക്ഷിയുടെ ഇന്നത്തെ നേതാവാണ് പ്രധാനമന്ത്രി ബി. സി. റോയി. തുല്യബലം അവകാശപ്പെടാവുന്നതാകുന്നു ബോസിന്റെ കക്ഷിയും. ഏതു കക്ഷിയുടെ പക്ഷത്തിലായിരിക്കും ഭാവി അണിനിരക്കുകയെന്നു പ്രവചിക്കാവുന്നതല്ല. വംഗദേശത്തിന്റെ അന്തരീക്ഷത്തിനു കറേക്കാലമായിട്ട് എന്തോ ഗ്രഡാലോചനയ്ക്കു വട്ടംകൂട്ടുന്ന മട്ടുണ്ട്. പൊട്ടിത്തെറി നടക്കുന്ന തിയ്യതി മാത്രമാണ് അനിശ്ചിതം.



ജഗജ്ജീവൻ റാം.

ജഗജ്ജീവൻറാം

ഇന്ത്യയിലെ ഹരിജനങ്ങളുടെ യഥാർത്ഥപ്രശ്നങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ടു വ്യക്തമായും സുശക്തമായും വാദിച്ച ഒരു ഹരിജനനേതാവിനെപ്പറ്റി ക്യാബിനറ്റ് മിഷനിലെ ഒരു പ്രമുഖാംഗമായ സ്റ്റാഫോർഡ് ക്രിപ്സ് പ്രസ്താവിച്ചില്ലേ? അദ്ദേഹംതന്നെയാണ് ഇന്നത്തെ കേന്ദ്രമന്ത്രിസഭയിലെ തൊഴിൽകായ്മെമ്പർ.

ജഗജ്ജീവൻറാം. മറ്റു ചില ഹരിജൻനേതാക്കളെപ്പോലെ വളരെയേറെ ബഹളംകൂട്ടിയ ഒരു പാരമ്പര്യം ആ നാമധേയത്തിനില്ല. സംഭവവിരളമായ ഒരു ജീവിതം. ആർഭാടത്തിൻെറ കാറോറാറിട്ടില്ലാത്ത, സേവനനിരതവും ശബ്ദരഹിതവുമായ പ്രവർത്തനപരിപാടികൾ. ഇടക്കാലഗവർമ്മേണ്ടിൻെറ രൂപവല്ക്കരണംവരെ അദ്ദേഹം അഖിലേന്ത്യാവിഖ്യാതനാകാഞ്ഞതിൻെറ കാരണം ഈ സ്വഭാവവിശേഷംതന്നെയാണ്. പക്ഷേ ത്യാഗസുരഭിലമായ നിരവധി ജീവിതാധ്യായങ്ങളുൾക്കൊള്ളുന്ന ഒരു ചരിത്രം അതിൻെറ പിന്നിലുണ്ട്.

മലയാളികൾക്കു സ്വന്തം സോദരിയെപ്പോലെ സുപരിചിതയായ മഹാകവി കുമാരനാശാൻെറ മാതംഗിയില്ലേ? അവളുടെ തറവാട്ടിൻെറ വീരസന്താനമാണ് ജഗജ്ജീവൻ. ഒരു ചാമർനായകൻതൻെറ കിടാത്തനെന്നത്ഥം. 1908 ാമാണ്ടിലാണ് ജനനം. ജന്മദേശമായ ചാൻഡവ എന്ന ഗ്രാമം ബീഹാർസംസ്ഥാനത്തിലെ ആർറാ എന്ന പട്ടണത്തിനരികെ സ്ഥിതിചെയ്യുന്നു. ഇ

ന്നത്തെ കേന്ദ്രമന്ത്രിസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മെമ്പറാണ് ജഗജ്ജീവനെന്ന സംഗതിക്കൂടി ഇവിടെ പ്രത്യേകം സ്മരണീയമാണ്.

ചെറുപ്പത്തന്നെതന്നെ ഡോക്ടർ ബി. സി. റോയി, ശരച്ചന്ദ്രബാബു മുതലായ മഹാരഥന്മാരുടെ സമ്പർക്കവും സൌഹാർദ്ദവും ജഗജ്ജീവൻ സമ്പാദിച്ചു. പരിചയപ്പെട്ടവരുടെയെല്ലാം അകമഴിഞ്ഞ മതിപ്പാഴ്ജിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. കല്ക്കത്താസർവ്വകലാശാലയിൽ നിന്നു ബി. എസ്സ്സി. ബിരുദം നേടി. അതോടുകൂടി ജഗജ്ജീവന്റെ വിദ്യാഭ്യാസകാലം പര്യവസാനിച്ചു. അന്നുമുതൽക്കിന്നേവരെ രാഷ്ട്രീയരംഗത്തിൽനിന്നു തലയൂരിയ സന്ദർഭമുണ്ടായിട്ടില്ല. പ്രക്ഷോഭണങ്ങളുടെയെല്ലാം മുനണിയിലദ്ദേഹം പ്രത്യക്ഷീഭവിച്ചിട്ടുണ്ട്.

1932 ആഗസ്റ്റ് 16-ാംനു. അന്നായിരുന്നുവല്ലോ ബ്രിട്ടീഷ് പ്രധാനമന്ത്രി റാംസെ മേക്ഡോനാൾഡിന്റെ ചരിത്രപ്രസിദ്ധമായ 'കമ്മ്യൂണൽ അവാർഡ്' പ്രഖ്യാപനം. സിക്കുകാർ, കൃസ്ത്യാനികൾ, ആംഗ്ലോ-ഇന്ത്യക്കാർ, മുഹമ്മദീയർ, യൂറോപ്യന്മാർ, അധഃകൃതർ എന്നീ ജനവിഭാഗങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം നിയോജകമണ്ഡലങ്ങൾ കല്പിച്ചുകൂട്ടിയ ആ വ്യവസ്ഥ, ഭാരതത്തിന്റെ അഖണ്ഡതയിലും ആന്തരമായ ഐക്യത്തിലും ദൃഢവിശ്വാസമിയന്നവരുടെയെല്ലാം ഹൃദയത്തെ വല്ലാതെ മുറിപ്പെടുത്തി. നാട്ടിലെങ്ങും പ്രതിഷേധസ്വരം മുഴങ്ങി. ഹൈന്ദവസമുദായത്തിൽനിന്ന് ആട്ടിയകറ്റി ഹരിജനങ്ങളെ കൂറുതിരിച്ചു കൊണ്ടുപോകുന്ന ഈ കൂട

തന്ത്രം ഗാന്ധിജിയ്ക്കു സംഭിച്ചില്ല. മഹാത്മാവു നിരാഹാരവ്രതം തുടങ്ങി. ദിവസേനയെന്നോണം ക്ഷയോന്മുഖമായിക്കൊണ്ടിരുന്ന ഗാന്ധിജിയുടെ ആരോഗ്യം ഭാരതത്തിലങ്ങോളം ആശങ്കാകുലമായ കരന്തരീക്ഷമുളവാക്കി. കരു ഹരിജനനേതാവിൻറെ പരിശ്രമങ്ങൾം അങ്ങേയറ്റംവരെ കൊടുമ്പിരിക്കൊള്ളുണ്ട ഗൌരവാവഹമായ കരു പശ്ചാത്തലം. അതാ, ജഗജ്ജീവൻ മുന്നണിയിലുണ്ട്! ഹരിജനമദ്ധ്യത്തിനു നല്കിയ ദൈവശിക്ഷയാണ് ബീഹാർ ഭ്രകമ്പമെന്നവരെ സിദ്ധാന്തിച്ച ഗാന്ധിജിയുടെ ജീവനെ മൃത്യുവക്ത്രത്തിൽനിന്നു രക്ഷിക്കേണ്ട ചുമതല തനേറതാണെന്നു ജഗജ്ജീവൻ കണ്ടു. സംഭവവികാസത്തെ പുനഃപാക്കോളമെത്തിച്ചു നിരാഹാരവ്രതം നിത്തൽചെയ്യുന്നതിനു് ഇദ്ദേഹം ചെയ്ത പരിശ്രമങ്ങളെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല.

ജഗജ്ജീവൻറെ വ്യക്തിമാഹാത്മ്യത്തോട്ട കണക്കിലേറെ കട്ടിച്ചേർന്നുനില്ക്കുന്ന കരു ഘടകമാണ് അഖിലേന്ത്യാ അധഃകൃതലീഗ്. അധഃകൃതലീഗിൻറെ ചരിത്രവും ജഗജ്ജീവൻറെ ജീവിതവും അന്യോന്യം കെട്ടിപ്പിണഞ്ഞുകിടക്കുന്നു. ഹരിജനസമുദായത്തിൻറെ വിവിധതുറകളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന ഇന്ത്യയിലെ 8 കോടി ദരിദ്രനാരായണന്മാരുടെ സ്വരം രാഷ്ട്രീയകേന്ദ്രങ്ങളിലെല്ലാം മാറ്റൊലിക്കൊള്ളിച്ചിട്ടുണ്ട്. ഇതിൻറെ ഇന്നത്തെ പ്രസിഡണ്ട് ജഗജ്ജീവനാണ്.

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് കരു വലിയ പരമാർത്ഥം വെളിക്കു കൊണ്ടുവന്നിട്ടുണ്ട്. അധഃകൃതസമുദായത്തിൻറെ കട്ടാകെ പ്രാതിനിധ്യമുണ്ടെന്ന പട്ടികജാതിഫെ

ഡഃറഷന്റെ വാദത്തെ അതു കടപുഴക്കിക്കളഞ്ഞു. മൂന്നു സ്ഥാനം മാത്രം ഫെഡറേഷന്റെ കൈപ്പിടിയിലടങ്ങി. ബാക്കി 148 സ്ഥാനങ്ങളിലും അധഃകൃതലീഗിന്റെ പ്രതിനിധികൾ വെന്നിക്കൊടി പാറിച്ചു. അധഃകൃതലീഗിന്റെ ഈ മികച്ച വിജയത്തിനു ജഗജ്ജീവന്റെ കനത്ത സേവനങ്ങളേറ്റേ വല്ലാത്ത കടപ്പാടുണ്ട്. ജഗജ്ജീവന്റെ ആത്മാവാണ് അധഃകൃതലീഗ്. അധഃകൃതലീഗിന്റെ ആത്മാവു ജഗജ്ജീവനും.

1937-ൽ കോൺഗ്രസ്സ് രാജ്യഭരണത്തിന്റെ സൂത്രധാരത്വം കയ്യേറതോടുകൂടി ജഗജ്ജീവന്റെ പ്രവർത്തനരംഗം അങ്ങോട്ടു മാറി—ബീഹാർസംസ്ഥാനത്തിലെ ഡെവലപ്പ്മെൻറ് വകുപ്പിന്റെ പാർലിമെൻററി സിക്രട്ടറി സ്ഥാനത്തേയ്ക്ക്. സിക്രട്ടറിയെന്ന നിലയ്ക്കു ജഗജ്ജീവൻ പ്രദർശിപ്പിച്ച അന്യാദൃശമായ തൻേറടം കോൺഗ്രസ്സിന്റെ കേന്ദ്രമണ്ഡലങ്ങളിലെല്ലാം ഇദ്ദേഹത്തെ പ്രശസ്തനാക്കി. തദനന്തരം 1940-ലെ വ്യക്തിസത്യാഗ്രഹത്തിലും ജഗജ്ജീവൻ പങ്കുകൊണ്ടു. കാരാഗൃഹവിമുക്തനായശേഷം സംസ്ഥാനകോൺഗ്രസ്സ് കമ്മിററിയുടെ സിക്രട്ടറിയെന്ന നിലയ്ക്ക് ഇദ്ദേഹം ചെയ്ത പ്രവർത്തനങ്ങളും ഗണനീയം തന്നെ.

ഇന്ത്യാചരിത്രത്തിന്റെ വഴിയ ഏടുകൾ പിച്ചിച്ചീന്തിയ 1942 ജഗജ്ജീവന്റെ ജാതകവും തിരുത്തിയെഴുതി. ആഗസ്റ്റ് പ്രക്ഷോഭത്തിന്റെ കൊടുങ്കാറ് നാടുനീളെ അലറിവീശിയതോടുകൂടി ജഗജ്ജീവനും കർമ്മക്ഷേത്രത്തിന്റെ കർത്തവ്യവിലേയ്ക്കു വന്നു. തിളച്ചുമറിയുന്ന ജനകീയാവേശത്തിനു മറവിലിരുന്നു വഴികാട്ടുകയായിരുന്നു അ

ദ്ദേഹം കൈക്കൊണ്ട ജോലി. സമരത്തിൻെറ പടത്തലവനായി നിന്ന ജഗജ്ജീവനെ സാമ്രാജ്യത്വശക്തികൾക്കുണ്ടായ ക്ഷീണനഷ്ടങ്ങൾക്കു പകരം വീട്ടുന്നതിനുള്ള ഉപകരണമാക്കി 1943-ൻെറ അവസാനംവരെ തടങ്കലിലിട്ടു.

1946 സപ്തംബർ 2-ാംതീയതി മുതലുണ്ടായ ജഗജ്ജീവൻെറ സ്ഥാനം നെഹ്റു പട്ടേൽ മുതലായ മഹാരഥന്മാരുടെ നിരപ്പിലേയ്ക്കുയർന്നുകഴിഞ്ഞിരിയ്ക്കുന്നു — ഇടക്കാലഗവൺമെണ്ടിലെ തൊഴിലാളിമെമ്പർ. സംസ്ഥാനങ്ങളിലെ തൊഴിലാളിമന്ത്രിമാരുടെ സംയുക്തസമ്മേളനത്തിൽവെച്ച് ഈയിടെ ജഗജ്ജീവൻ നിർദ്ദേശിച്ച പരിപാടികളെ കുറച്ചു പരിശോധിച്ചുനോക്കുക. ഇന്ത്യയിലെ പിടിപ്പുകെടിയുമില്ലാത്ത പട്ടിണിപ്പാവങ്ങൾക്ക് അദ്ദേഹത്തിലുണ്ടായിട്ടുള്ള പ്രതീക്ഷ അസ്ഥാനത്തല്ലെന്നു വിളംബരംചെയ്യുന്നതാണ് അവയോരോന്നും.


അധഃകൃതരുടെ രക്ഷാമാർഗ്ഗം ദേശീയതത്വത്തിൻെറ ചേരിയിലാണെന്നു ജഗജ്ജീവൻ പരിപൂർണ്ണമായും വിശ്വസിയ്ക്കുന്നു. ഉദ്യോഗപ്രലോഭത്തിൻെറ മധുരപലഹാരം കാണിച്ചു ചൈസ്രായി ജഗജ്ജീവനെ കുറേ തവണ മാടിവിളിച്ചു. പക്ഷേ, ബ്രിട്ടീഷ് ഭരണത്തിൻെറ ആണിക്കല്ലായ 'ഭിന്നിപ്പിച്ചു ഭരിയ്ക്കൽ'നയത്തെപ്പാറി പൂർണ്ണബോധ്യമുള്ള നമ്മുടെ തൊഴിൽകാര്യമെമ്പറുണ്ടോ അടിപതറുന്നു!

ജഗജ്ജീവൻറാമിൻെറ പൊതുജീവിതം ആരംഭിച്ചിട്ടേയുള്ളൂ. സ്വതന്ത്ര ഇന്ത്യയിൽ അദ്ദേഹം മഹത്തായ ഒരു ശക്തിയായിരിയ്ക്കുമെന്നതിനെസ്സംബന്ധിച്ചേടത്തോളം യാതൊരു സംശയവുമില്ല.

കമലാദേവി

ഭാരതീയാചാരങ്ങൾ സ്ത്രീകൾക്ക് കാര്യവും വെളിച്ചവും നിഷേധിച്ച് അടുക്കളയിലടച്ചിട്ടിരിക്കയാണെന്ന ആക്ഷേപം പ്രചരിച്ചുകാണുന്നു. ചരിത്രമോ പുരാണമോ തപ്പുന്നവർക്ക് അതിന്റെ നാരായവേരു കാണുവാനെളുപ്പമല്ല. അഴുക്കുചാൽ ഇൻസ്പെക്ടരുടെ വീക്ഷണഗതിയോടുകൂടി ഇന്ത്യയെ ചികഞ്ഞു പരിശോധിച്ച വൈദേശികലേഖകന്മാരാണ് ഈ ആക്ഷേപത്തിന്റെ വക്താക്കളത്രേറെയും. ജീവിതത്തിന്റെ എല്ലാ തുറകളിലും മുന്നിട്ടിറങ്ങി പ്രവർത്തിച്ചു വെന്നിക്കൊടിനാട്ടിയ പല മഹതികളും ഭാരതീയസ്ത്രീകളുടെ മധ്യത്തിലുണ്ട്. ഭൌതികപരിഷ്കാരം മാനം മുട്ടിനില്ക്കുന്ന പശ്ചാത്യരാജ്യങ്ങളിലെ വനിതകൾക്കുകൂടി നമ്മുടെ സ്ത്രീകളെപ്പോലെ അത്ര ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ അലങ്കരിച്ചു കാണാനില്ല. സരോജിനീനായിഡു, രാജകുമാരി അമൃതകൌർ, വിജയലക്ഷ്മി പണ്ഡിറ്റ്, അരുണാ ആസഫ് അലി, കമലാദേവിചട്ടോപാധ്യായ എന്നീ ആധുനികകാലഘട്ടത്തിലെ സ്ത്രീരത്നങ്ങൾതന്നെ ഭാരതീയവനിതകളുടെ മുന്നേറ്റത്തെ വേണ്ടുവോളം പ്രത്യാപിക്കുന്നുണ്ട്.

ആ പംക്തിയിൽപ്പെട്ട സരോജിനീനായിഡുവാണ് കാലേ രാഷ്ട്രീയരംഗത്തിലേയ്ക്കിറങ്ങി ആരുടേയുംകണ്ണഞ്ചിപ്പിക്കത്തക്ക പ്രാഗത്ഭ്യത്തോടുകൂടി പ്രവർത്തിച്ച രാഷ്ട്രത്തിന്റെ മുതലെടുപ്പു വർദ്ധിപ്പിച്ച മഹിളാമണി. ആ പാരമ്പര്യത്തോട് ബന്ധപ്പെട്ട വളരുകയും വികസിക്കുക



കമലാദേവി.

യും ചെയ്ത മറ്റൊരു ധീരവനിതയാകുന്നു കമലാദേവിച തോപാധ്യായ. രാഷ്ട്രീയവും വ്യക്തിഗതവുമായ രണ്ടു ശക്തികൾ തമ്മിലുള്ള വടംവലിയായിരുന്നു അവരുടെ ജീവിതം. അവസാനം വ്യക്തിഗതമായ സുഖഭോഗങ്ങൾ രാഷ്ട്രീയോപാസനയ്ക്കുവേണ്ടി കമലാദേവി പരിത്യജിച്ചു. കുടുംബജീവിതത്തെസ്സംബന്ധിച്ചിടത്തോളം കമലാദേവി പ്രദർശിപ്പിച്ച ആ ത്യാഗബുദ്ധി അവരുടെ ഇതരപ്രവർത്തനങ്ങളിലും കളി വീശിയിട്ടുണ്ട്.

ഇന്ത്യാചരിത്രത്തിന്റെ മറ്റൊരു ഘട്ടത്തിലാണ് സരോജിനിനായിഡു ജീവിച്ചിരുന്നതെന്നു വരികിൽ മറ്റൊന്നിലും ശ്രദ്ധ ചെലുത്താതെ സങ്കല്പത്തിന്റെ വീണക്കമ്പികൾ മീട്ടി ആ കവികോകിലം കാലം കഴിക്കുമായിരുന്നുവെന്നു യൂസഫ് മെഹറാലി രേഖപ്പെടുത്തിക്കാണുന്നു. പരതന്ത്രഭാരതത്തിന്റെ പ്രശ്നങ്ങൾതന്നെയാണ് സൌഖ്യത്തിന്റെ പൂമെത്ത വിട്ട് അവരെ രാഷ്ട്രീയത്തിന്റെ മുൾപ്പടപ്പിലേയ്ക്കു നയിച്ച ശക്തി. കാലഘട്ടത്തിന്റേതായ ഈ പ്രേരണാബലം കമലാദേവിയുടെ ജീവിതത്തേയും സ്വാധീനിച്ചു. അതിന് ഒരു പുതുരൂപം നല്കി. അല്ലാത്തപക്ഷം പാണ്ഡിത്യസുകൃതങ്ങൾ ഉരുവിട്ട് ലോകചിന്തയെ ഉദ്ദീപിപ്പിക്കുന്ന ആധുനികയുഗത്തിലെ ഒരു മൈത്രേയി എന്ന പദവികൊണ്ടു തൃപ്തിപ്പെടുമായിരുന്നു അവർ.

ഒരു ജില്ലാകലക്ടരുടെ പുത്രിയായിട്ടാണ് കമലാദേവിയുടെ ജനനം. ദക്ഷിണകർണ്ണാടകത്തിന്റെ തലസ്ഥാനനഗരമായ മംഗലാപുരമാകുന്നു ജന്മദേശം. ഒരു ധനി

കപൂത്രിക്ക കൈവരാവുന്ന എല്ലാ സൌഭാഗ്യങ്ങളും കമല യ്ക്ക യഥേഷ്ടം സിദ്ധിച്ചു. പിതാവിൻെറ നിര്യാണംവരെ ക്ലേശമെന്താണെന്ന് അവക്ക് അറിയേണ്ടിവന്നില്ല. തദനന്തരം ചെലവിനങ്ങൾ കുറേ വെട്ടിച്ചുരുക്കേണ്ടിവന്നിട്ടുണ്ട്. മംഗലാപുരം, മദിരാശി എന്നീ സ്ഥലങ്ങളിൽനിന്നു കമല വിദ്യാഭ്യാസം പൂർത്തിയാക്കി. പലതുകൊണ്ടും അനുഭവസമ്പന്നമായിരുന്നു മദിരാശിയിലെ വിദ്യാഭ്യാസജീവിതം. കമലയുടെ ഭാവിജീവിതത്തെക്കൂടി സ്പർശിക്കുന്ന ഒരു രത്നഗാംഭീര്യം അതിനുണ്ട്.

മദിരാശിയിലെ വിദ്യാഭ്യാസജീവിതകാലത്തു കമലാദേവിയും സരോജിനീനായിഡുവും പരിചയപ്പെട്ടു. ആ പരിചയപ്പെടൽ ഒരുനിലയ്ക്കു സൌഭാഗ്യകരവും മറൊരു നിലയ്ക്കു ദൌർഭാഗ്യകരവുമായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. എങ്ങോട്ടെന്നില്ലാതെ ഒഴുകിക്കൊണ്ടിരുന്ന കമലാദേവിയുടെ ജീവിതത്തെ സരോജിനീനായിഡു സമ്മാന്യമായ ഒരു ലക്ഷ്യത്തിലേയ്ക്കു തിരിച്ചുവിട്ടു. അക്കാലംമുതല്ക്കാണ് അവരുടെ രാഷ്ട്രീയജീവിതത്തിൻെറ തുടക്കം. അതോടൊപ്പം കമലയും അവരുടെ ഭാവിഭർത്താവായ ഹരീന്ദ്രനാഥചതോപാധ്യായയും തമ്മിലുണ്ടായ പ്രണയത്തിൻെറ വളർച്ചയ്ക്കും ആ സമ്പർക്കം കാരണമാക്കി. കവി, കഥാകൃത്ത്, നടൻ എന്നീ പല നിലകളിലും പ്രശസ്തനായിരുന്ന സരോജിനിയുടെ സഹോദരനായ ഹരീന്ദ്രനാഥൻ. വമ്പിച്ച പ്രത്യാശകളോടുകൂടി സ്മാരംഭിച്ച ആ പ്രണയബന്ധം വിവാഹത്തിലെത്തി മുടിചൂടിയെങ്കിലും വിളംബംവിനാ വിവാഹമോചനത്തിലേയ്ക്കു നീങ്ങി.

വിവാഹത്തിനുശേഷം ആ നവദമ്പതിമാർ കുറച്ചു പ്രസംഗവേദികളിലും നാടകമണ്ഡപങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ നാനാഭാഗങ്ങളും അവർ സന്ദർശിച്ചു. ഹരീന്ദ്രനാഥന്റെ സ്വാധീനശക്തിനിമിത്തം കലാംശത്തിനായിരുന്നു അക്കാലമത്രയും കമലയുടെ ജീവിതത്തിലെ മുൻകൈ. അവർ രണ്ടുപേരും കൂടെത്തൊരുമിച്ചു തദനന്തരം ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെട്ടു. അവിടെ എത്തിയശേഷം വിദ്യാഭ്യാസപരമായ അഭ്യുന്നതിക്കുവേണ്ടി കമലാദേവി അവരുടെ സമയം വിനിയോഗിച്ചു. ഇംഗ്ലണ്ടിലെ 'സെഡ്ഫോർഡ്' കോളേജിലായിരുന്നു അവരുടെ വിദ്യാഭ്യാസം.

വിദേശവിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം കമലാദേവി സ്വരാജ്യത്തേയ്ക്കു മടങ്ങി. അതിനുശേഷം കമലയും ഹരീന്ദ്രനാഥനും തമ്മിലുള്ള ബന്ധം സൌഹൃദപരമായിരുന്നില്ല. സമയത്തിന്റെ നൂശതമാനവും രാഷ്ട്രീയപ്രവർത്തനത്തിനു നീക്കിവെയ്ക്കണമെന്ന കമലയുടെ ദൃഢപ്രതിജ്ഞയാണത്രേ അതിന്റെ അടിസ്ഥാനഹേതു. കുലോപാസനയ്ക്കുവേണ്ടി ജീവിതം സമർപ്പിക്കണമെന്നു ഹരീന്ദ്രനാഥൻ നിശ്ചയിച്ചു. അതോടുകൂടി പ്രണയബന്ധത്തിനു ശൈഥില്യവും സംഭവിച്ചു. വിവാഹബന്ധം ഒരു സ്വാതന്ത്ര്യമാണെന്നു കമലാദേവിക്കു തോന്നി. അവസാനം കോടതിയിൽവെച്ച് അഭിവന്ദ്യരായ ആ ദമ്പതിമാരുടെ വൈവാഹികബന്ധം വിച്ഛേദിക്കപ്പെട്ടു.

1926-ലെ ബൽഗാംകോൺഗ്രസ്സ് സമ്മേളനത്തോടുകൂടി കമലാദേവിയുടെ രാഷ്ട്രീയജീവിതം തുടങ്ങുന്നു. മ

ഫാത്മജിയായിരുന്നു ബൽഗാംകോൺഗ്രസ്സിന്റെ അദ്ധ്യക്ഷൻ. ആ സമ്മേളനം കമലാദേവിയുടെ ജീവിതത്തിലെ ഒരു പരിവർത്തനഘട്ടം കുറിക്കുന്നു. രാഷ്ട്രീയപ്രവർത്തനം ജീവിതത്തിന്റെ മാർഗ്ഗവും ലക്ഷ്യവുമെന്നാനിലയ്ക്ക് അവർ അവിടെവെച്ചംഗീകരിച്ചു. അധികം താമസിയാതെ കമലാദേവി കോൺഗ്രസ്സ് പ്രവർത്തകസമിതിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു. സരോജിനീനായിഡു, സുചേതാകൃപലാനി എന്നിവരാണ് ആ മഹനീയസ്ഥാനം അലങ്കരിച്ച മറ്റുസ്ത്രീകൾ. ഉപ്പുസത്യാഗ്രഹം കമലാദേവിയെ സമരരംഗത്തിലേയ്ക്കു നയിച്ചു. അറസ്റ്റ്, കാരാഗൃഹവാസം എന്നിവയും അവർ മുറയ്ക്കു വരിച്ചിട്ടുണ്ട്.

കോൺഗ്രസ്സ് പ്രവർത്തനങ്ങളോടൊപ്പം കമലാദേവിയുടെ ശ്രദ്ധയെ ആകർഷിച്ച മറ്റൊരു മണ്ഡലമാണ് സമസ്തന്ത്യാമഹിളാസമാജം. ലേഡീ രാമറാവു, അനസൂയാഭായ്കലെ എന്നിവരെപ്പോലെത്തന്നെ നെടുനാൾ മഹിളാസമാജത്തിന്റെ നെടുംതൂണായിരുന്നു അവർ. അതിന്റെ സിക്രട്ടറിയായും പ്രസിഡണ്ടായും കമലാദേവി അമൂല്യമായ സേവനം നിർവ്വഹിച്ചിട്ടുണ്ട്.

1933 മുതൽക്ക് ഒരു സോഷ്യലിസ്റ്റ്കാരിയാണ് കമലാദേവി. അഖിലേന്ത്യാ സോഷ്യലിസ്റ്റ് എക്സിക്യൂട്ടീവിലെ ഒരംഗമെന്ന നിലയ്ക്കു ജയപ്രകാശ്, അശോകമേത്ത എന്നിവരോടൊപ്പം സുപ്രധാനമായ ഒരു സ്ഥാനം കമലാദേവി അലങ്കരിക്കുന്നു. ഐ. എസ്സ്. പി. യുടെ ഭാവിയെപ്പറ്റി ആക്കും യാതൊന്നും പ്രവചിക്കാവുന്നതല്ല. ചക്കേ പാട്ടി വളർന്നാലും വളർന്നില്ലെങ്കിലും ശരി, അവരുടെ വ്യക്തിപ്രഭാവത്തിനു പകരം വിലയിടിയുമെന്നു തോന്നു

ന്നില്ല. കമലയ്ക്ക് സോഷ്യലിസ്റ്റ് പാർട്ടിയോടല്ല, സോഷ്യലിസ്റ്റ് പാർട്ടിക്ക് കമലയോടാണ് കൂടുതൽ കടപ്പാട്.

ഏകലോകം ഏകലോകമെന്ന ചില വനരോദനങ്ങൾ സങ്കുചിതമായ ദേശീയതാവും പ്രാദേശികസ്വാത്മയും മുറിനില്ക്കുന്ന ഈ കാലഘട്ടത്തിലും നാം കേട്ടുകൊണ്ടിരിക്കുന്നുണ്ട്. അന്താരാഷ്ട്രീയവീക്ഷണഗതിയോടുകൂടി ചിന്തിക്കുന്നവർ പുരുഷന്മാരാണ്. പക്ഷേ അന്താരാഷ്ട്രീയമനോഭാവം പുലർത്തിവരുന്ന ചില നേതാക്കന്മാർ ഇന്നും ഇന്ത്യയിലുണ്ടെന്ന് ഈയിടെ ബ്രെയിൽസ്ഫോർഡ് ചൂണ്ടിക്കാട്ടി. ആ വിഭാഗത്തിലുൾപ്പെട്ട ഒരു മാന്യമഹാരിയാണ് കമലാദേവി.

കമലാദേവിക്ക് 46 വയസ്സു പ്രായമായിരിക്കുന്നു. തളരാത്ത സിരകളോടും പതറാത്ത ബുദ്ധിയോടുംകൂടി അവർ രാഷ്ട്രീയപ്രവർത്തനം ഇന്നും നിർവ്വിഘ്നം നിർവ്വഹിച്ചുവരികയാണ്. പ്രസംഗകൻ, ലേഖനകർത്താ എന്നീ നിലകളിലുള്ള പ്രശസ്തി കമലാദേവിയുടെ രാഷ്ട്രീയജീവിതത്തിന്നു് എന്തെന്നില്ലാത്ത മാറ്റു കൂട്ടിയിട്ടുണ്ട്. അന്താരാഷ്ട്രീയസംഭവവികാസങ്ങൾ തികഞ്ഞ വൈഭവത്തോടുകൂടി വിശകലനം ചെയ്യുന്നതാണ് അവരുടെ ലേഖനങ്ങൾ. സുഗമസുന്ദരമായ കരിംഗ്ലിഷ് ഗദ്യശൈലി അവർക്ക് സ്വായത്തമായിട്ടുണ്ട്. പ്രസംഗകലയിലും കമലാദേവി നല്ല വാമാലത പ്രദർശിപ്പിക്കുന്നു. അമേരിക്കയിൽവെച്ച് അവർ നടത്തിയ പ്രസംഗപരമ്പര ഇവിടെ അനുസ്മരിക്കാതെ നിവൃത്തിയില്ല. ഭാരതത്തിന്റെ ഭാവിയിലേയ്ക്കു നീട്ടിക്കാണിച്ചിരിക്കുന്ന ഒരു വാശ്വാനമാണ് സോഷ്യലിസ്റ്റ് കമലാദേവി.

ഡോക്ടർ ജോൺ മത്തായി

ലക്ഷണം തികഞ്ഞ കേരളീയത്വംകൊണ്ടെന്നപോലെ അതിന്റെ സവിശേഷമായ അഭാവംകൊണ്ടും സ്മരണീയരായ അപൂർവ്വം ചില പ്രശസ്തകേരളീയരുണ്ട്. രണ്ടാമത്തെ തരക്കാർക്ക് ഉദാഹരണമാണ് ഡോക്ടർ ജോൺ മത്തായി. അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥത്തെസ്സംബന്ധിച്ചിടത്തോളം കോട്ടയത്തിനും അരണാട്ടുകരയ്ക്കും കോഴിക്കോടിനും സ്ഥാനമുണ്ടെന്നല്ലാതെ സ്വന്തം വ്യക്തിത്വപ്രഭാവൽക്കരണത്തിലോ സ്വഭാവഘടനയിലോ കേരളക്കര വലിയ കൈ ചെലുത്തിയിട്ടില്ല. പക്ഷേ അദ്ദേഹം കേരളത്തെ മറന്നാലും മറന്നില്ലെങ്കിലും ശരി, കേരളീയർ അദ്ദേഹത്തെ മറക്കുകയില്ല. കാരണം സഹ്യാദ്രിയുടെ സീമന്തരേഖകൾ മുറിച്ചു കടന്നു സമസ്തേന്ത്യയുടെ അഗ്രാസനങ്ങൾക്കുകൂടി അലങ്കാരഭൂതനായ ഒരു പ്രമുഖ മലയാളിയാണ് ഡോക്ടർ മത്തായി. തീച്ചൂയായും മലയാള രാജ്യത്തിനും ഭാരതത്തിന്റെ നേരേ സാഭിമാനം തൊട്ടുകാണിയ്ക്കാവുന്ന ഒരു നേട്ടംതന്നെയാണ് ആ ധനശാസ്ത്രജ്ഞനായ രാജ്യതന്ത്രജ്ഞൻ.

നെഹ്രുസക്കാരിന്റെ ഒരവിഭാജ്യഘടകമാണെങ്കിലും കോൺഗ്രസ്സുകാരനെന്ന ദേശസേവനപാരമ്പര്യം അദ്ദേഹത്തിനില്ല. പക്ഷേ മറ്റു ചിലരെപ്പോലെ സമുന്നതസ്ഥാനങ്ങൾ മോഹിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ചൊല്പടിക്കു നിന്ന് ദേശീയത്വത്തെ ഒറ്റിക്കൊടുത്ത ചരിത്രം മത്തായിയെ തീണ്ടിയിട്ടില്ല. നേരേമറിച്ചു പലപ്പോ



ഡോക്ടർ ജോൺ മത്തായി.

ഴം അദ്ദേഹം പ്രദർശിപ്പിച്ച തന്റേടം നിറഞ്ഞ അഭിപ്രായധീരത ഡൌണിങ്ങുതെരുവിനെ വിറളിപിടിപ്പിച്ചെന്നു വ്യക്തമാക്കുന്ന ഉപാന്തങ്ങളുണ്ട്.

താല്ക്കാലികവും പ്രക്ഷുബ്ധവുമായ വിജയങ്ങൾക്കുവേണ്ടി അദ്ദേഹം നാളിതുവരെ പെമ്പൽകൊണ്ടിട്ടില്ല. ബഹുജനസമ്പർക്കം കൂട്ടുതലാവശ്യപ്പെടുന്ന തിരഞ്ഞെടുപ്പു മത്സരങ്ങളിൽനിന്നെല്ലാമകന്നു തന്റേതായ കർമ്മപരിപാടികൾ അനുധ്യാനം ചെയ്ത് അദ്ദേഹം ജീവിച്ചു. സ്വതഃസിദ്ധമായ ഈ ആഭ്യന്തരാഹിത്യം മത്തായിയുടെ എല്ലാ പ്രവൃത്തികളിലും പ്രസ്താവനകളിലും നിഴലിടുന്നുണ്ട്. സാമ്രാജ്യനിയമസഭയിൽചെന്നു ജിന്നയുടെ നേരേ തൊടുത്ത മർമ്മസ്പർശിയും കാര്യമാത്രമധുരവുമായ മറുപടികൾതൊട്ടു മന്ത്രിസ്ഥാനം സ്വീകരിച്ചശേഷം ചെയ്ത പ്രസ്താവനകൾവരെ ഇതിനു് ഉദാഹരിക്കുവാനുതകുന്നവയാണു്.

കോട്ടയം സി. എം. എസ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ചള്ളിയിലെ മത്തായി ആശാന്റെ മകനാണു് ജോൺ മത്തായി. പുത്രന്റെ വിദ്യാഭ്യാസപുരോഗതിയിലും സ്വഭാവരൂപീകരണത്തിലും പിതാവു സൂക്ഷ്മമായ നിഷ്കർഷ ചെലുത്തി. എല്ലാം വ്യവസ്ഥാപിതമായ രീതി കായ്മചരിപ്പാടിയായിട്ടുകൂടി നിർവ്വഹിക്കണമെന്നു കണിശംചെയ്ത അദ്ദേഹം സ്വസന്താനത്തേയും ആ വഴിക്കു തിരിച്ചുവിട്ടതിലത്ഭുതമില്ല. ചെറുപ്പത്തിലേ ഭദ്രമായുറപ്പിച്ച ഈ സ്വഭാവദാർഢ്യം ജോൺ മത്തായിയുടെ ഭാവിശ്രേയസ്സിനു് അത്യന്തം അനുഗ്രഹമായ അടിത്തറ പാകി.

മേധാശക്തിയും പരിശ്രമശീലവും കൊണ്ടിണങ്ങിയ മത്തായിക്കു പരീക്ഷാവിജയങ്ങൾക്കു ക്ലേശിക്കേണ്ടിവന്നില്ല. കന്നാംക്ലാസ്സായും സംസ്ഥാനത്തിലൊന്നാമനായുമല്ലാതെ ഈ അനുഗൃഹീതവിദ്യാർത്ഥി യാതൊരു പരീക്ഷയും പാസ്സായിട്ടില്ല. മദിരാശിയിൽനിന്നു ബി. എ, ബി. എൽ. എന്നീ ബിരുദങ്ങൾ നേടിയ മത്തായി കാക്സ് ഫോർഡിൽനിന്നു ബി. ലിറ്റും ലണ്ടനിൽനിന്നു സി. എസ്. സി. യും നിഷ്പ്രയാസം സമ്പാദിച്ചു. ലണ്ടൻസർവ്വകലാശാലയിൽനിന്നു സഹായത്തമാക്കിയതാണ് അദ്ദേഹത്തിന്റെ ഡോക്ടർസ്ഥാനം. കേംബ്രിഡ്ജിലെ പ്രസിദ്ധശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ ജോജ്ജ് മത്തായിയും കൊച്ചിയിലെ വിദ്യാഭ്യാസമേലധ്യക്ഷനായിരുന്ന റാവു സാഹിബു് ചെറിയാൻ മത്തായിയും ഇദ്ദേഹത്തിന്റെ സഹോദരന്മാരാണ്.

മതപരമായ ചിന്തകൾക്കും വ്യക്തിപരമായ പരിഗണനകൾക്കും എത്തിപ്പിടിക്കാവുന്ന മേഖലയിലല്ല എന്നും മത്തായിയുടെ നിലപാട്. ജനനംകൊണ്ട് അദ്ദേഹം ഒരു പ്രോട്ടസ്റ്റന്റ് ക്രസ്ത്യാനിയാണെങ്കിലും ജേക്കോബൈറ് വിഭാഗത്തിലുൾപ്പെട്ടതാണ് അദ്ദേഹത്തിന്റെ ഭാര്യയായ അച്ചാമ്മ. സ്വന്തം സമുദായത്തിന്റെ പേരിലോ മതത്തിന്റെ പേരിലോ അദ്ദേഹം ഒരിക്കലും ശബ്ദമുയർത്തിയിട്ടില്ല. സാമ്പത്തികമായ കാഴ്ചപ്പാടിലൂടെ മാത്രമേ ആ ധനശാസ്ത്രവിദഗ്ദ്ധൻ സംഭവങ്ങൾ വിശകലനം ചെയ്തു.

ഔദ്യോഗികമണ്ഡലത്തിന്റെ വിവിധശാഖകളും മത്തായി മാറിമാറി പിടിച്ചിട്ടുണ്ട്. മദിരാശി ക്രസ്ത്യൻ കോളേജ് ട്യൂട്ടറെന്ന നിലയ്ക്കു രംഗപ്രവേശംചെയ്ത അദ്ദേഹം പ്രസിഡൻസി കോളേജിലെ പ്രൊഫസറായും മദിരാശിസർവ്വകലാശാലയുടെ ധനതത്ത്വശാസ്ത്രവിഭാഗത്തിന്റെ അധ്യക്ഷനായും ജോലിനോക്കി. അഭിഭാഷകവൃത്തിയോടു വിടവാങ്ങിപ്പിരിഞ്ഞ മത്തായി റെയിൽവേ ബോർഡ് മെമ്പർസ്ഥാനവും ടാരിഫ് ബോർഡ് പ്രസിഡണ്ടുസ്ഥാനവും സ്വീകരിച്ചു. അടുത്തുണ്ടായശേഷം കേന്ദ്രസർക്കാരിലേയ്ക്കു നിങ്ങുംവരെ ടാറ്റയുടെ സാമ്പത്തികോപദേഷ്ടാവായിരുന്നു അദ്ദേഹം.

ഇന്ത്യയുടെ ചരിത്രത്തിലേയ്ക്കെന്നപോലെ മത്തായിയുടെ ജീവിതത്തിലേയ്ക്കും ഒരു സുപ്രഭാതം കടന്നു വന്ന ദിവസമാണ് 1946 സെപ്തംബർ 2-ാംനു. അന്നേവരെ ഒരൊന്നാംകിടസാമ്പത്തികശാസ്ത്രപ്രമാണികനെന്ന നിലയ്ക്കായിരുന്ന അദ്ദേഹത്തിന്റെ പ്രശസ്തി—കെ. ടി. ഷാ, രാധാകമൽമുക്കർജി, സി. എൻ. വക്കീൽ എന്നിവരോടൊപ്പം തോളുരുമ്മിനിന്ന ഒരു ധനശാസ്ത്രജ്ഞൻ. ഇടക്കാലഗവർമ്മെണ്ടിന്റെ ആവിർഭാവംതൊട്ട രാജ്യഭരണത്തിനും മത്തായി അപ്രാപ്യനല്ലെന്നു പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്.

ഏല്പിക്കുന്ന ഉത്തരവാദിത്വം എത്ര കഴപ്പം പിടിച്ചതായാലും പ്രശംസാഹ്മായ കാര്യക്ഷമതയോടും വെടിപ്പോടുംകൂടി നിവ്വഹിക്കുന്നതാണ് കഴിവ് അദ്ദേഹത്തിനുണ്ട്. ആദ്യം ധനകാര്യമന്ത്രിസ്ഥാനത്തേയ്ക്കു നിയമിത

നായ മത്തായി തദനന്തരം റെയിൽവേ മന്ത്രിയുടെ ഭാരം വഹിച്ചു.

അച്ചടക്കവും ചിണ്ടുവിചാരവുമാണ് മത്തായിയുടെ രണ്ടു സവിശേഷതകൾ. പ്രസംഗത്തിലെന്നപോലെ സംഭാഷണത്തിലും ഔദ്യോഗികലോകത്തിലെന്നപോലെ വ്യക്തിജീവിതത്തിലും അവ മുന്തിനില്ക്കുന്നുണ്ട്. അത്മവൈശദ്യവും വിചാരസ്ഫുടതയും കതിരിട്ട അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആകത്തുക്കം നിണ്ണയിച്ച പദങ്ങളുടെ സുന്ദരസമ്മേളനമായിരിക്കും. ഒരു സാമ്പത്തികപ്രമേയമെന്നു നിലയ്ക്കു പാക്കിസ്ഥാൻവാദം അത്രയൊന്നും അപകടമില്ലെന്നു മത്തായി കാലേ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ദീഘ്ദർശിതത്വത്തിനു സാക്ഷ്യം വഹിക്കുന്നതാണ് ആ അഭിപ്രായം.

ചരിത്രം സൃഷ്ടിച്ച ബോംബേപ്ലാനിനെ അനുസ്മരിക്കാതെ മത്തായിയുടെ ജീവിതകഥ പൂർണ്ണമാവുകയില്ല. മൂന്നു പഞ്ചവത്സരത്തിനകം ഇന്ത്യക്കാരന്റെ സാമ്പത്തികസ്ഥിതിയെ സാമാന്യം ഭേദപ്പെട്ട ഒരു തോതോളമുയർത്താമെന്നു് ആ പദ്ധതി വിഭാവനം ചെയ്യുന്നു. പുരോഗമനപക്ഷത്തിൽനിന്നു കർശനമായ വിമർശനത്തിനു വിധേയമായിട്ടുണ്ടെങ്കിലും ആ പദ്ധതിയുൾക്കൊള്ളുന്ന മഹത്തായ സാമ്പത്തികപ്രവണതകളെ ആർക്കും നിഷേധിപ്പാനായിട്ടില്ല. ടാറ്റയ്ക്കും ബിർളയ്ക്കും പ്രസ്തുതപദ്ധതിയോടു നാമമാത്രമായ കടപ്പാടേയുള്ളൂ. മത്തായിയുടെ ചിന്തോജ്ജ്വലമായ വ്യക്തിത്വമാണ് അതിനു നിറപ്പകിട്ടു നല്കി പിറകേ വർത്തിക്കുന്ന ശക്തി.

പ്രതിഭാവിലാസത്തിന്റെ അധിത്യകയിലൂടെ സഞ്ചരിച്ചു പരിചയിച്ചവർക്ക് താഴ്വരയിലേയ്ക്കിറങ്ങി സാമാന്യജനങ്ങളോടൊപ്പം മുന്നോട്ടുപോകാനെളുതല്ല. ഏതനുലം നാലാംകിട ബുദ്ധിമാന്മാരാണ് രാഷ്ട്രീയത്തിലേയ്ക്ക് ആകൃഷ്ടരാവുന്നതെന്ന ആക്ഷേപം പണ്ടേയുണ്ട്. പ്രതിഭാസമ്പന്നനായ ഡോക്ടർ മത്തായിയും സജീവമായ രാഷ്ട്രീയ സേവനത്തിനു മുതിർന്നിട്ടില്ല. പക്ഷേ കേവലം സ്വയംസൃഷ്ടമായ ലോകത്തിന്റെ കുള്ളറകൾക്കകം ചുരുങ്ങിക്കൂടിയെന്നു പറയാനും വയ്യ. കുറേക്കാലം അന്താരാഷ്ട്രീയസംഘടനയായ വൈ. എം. സി. എ.യുടെ നേതൃത്വം അദ്ദേഹം വഹിച്ചിട്ടുണ്ട്.

നവീനഭാരതത്തിന്റെ ധനകാര്യമന്ത്രിയാണ് ജോൺ മത്തായി. ധനകാര്യമന്ത്രിയെന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ കാൽവെപ്പുകൾ സാവധാനമാണെങ്കിലും സുദൃഢമാണെന്ന വാസ്തവം നിഷേധിക്കാവുന്നതല്ല. അഭിനന്ദനീയമായ പ്രായോഗികബുദ്ധി അദ്ദേഹം പ്രദർശിപ്പിക്കുന്നുണ്ട്. ജനസമ്മതിക്കുവേണ്ടിമാത്രം നിരവേറ്റപ്പെടാത്ത വാഗ്ദാനങ്ങൾ അദ്ദേഹം കൊട്ടിഘോഷിക്കാറില്ല. സ്വതഃസിദ്ധമായ വിനയത്തോടും ആർജ്ജവത്തോടുംകൂടി അദ്ദേഹം രാജ്യതന്ത്രങ്ങൾ നിയന്ത്രിക്കുന്നു.

മൌലാനാ ആസാദ്

കന്നാമതു താനൊരു ഭാരതീയനും രണ്ടാമതുമാത്രം ഒരു മുസൽമാനുമാണെന്നു മൌലാനാ ആസാദ് ഒരു തവണ പ്രഖ്യാപിച്ചു. പ്രഖ്യാപിക്കുക മാത്രമല്ല സ്വജീവിതം കൊണ്ടു് അദ്ദേഹം അതു പ്രത്യക്ഷരം തെളിയിക്കുകയും ചെയ്തിട്ടുണ്ടു്. ആധുനികയുഗത്തിലെ ഏറ്റവും മഹാനായ മുസൽമാൻ അദ്ദേഹമാണെന്ന വസ്തുതയെ ആർക്കും നിഷേധിക്കാവുന്നതല്ല. ഇസ്ലാംധർമ്മത്തിന്റെ ആന്തരതത്ത്വങ്ങളും അദ്ദേഹം ആണ്ടിറങ്ങി പഠിച്ചിട്ടുണ്ടു്. ആ പാഠങ്ങൾ വിലമതിച്ചുകൊണ്ടു് അദ്ദേഹം മാതൃകാപരമായ ജീവിതം നയിക്കുന്നു. പക്ഷേ, മതഭക്തി ദേശീയപ്രസ്ഥാനങ്ങൾക്കു വിരുദ്ധമാണെന്ന തത്വം മാത്രം അദ്ദേഹം അഭ്യസിച്ചിട്ടില്ല.

ജനനം ഹിമാലയത്തിനിപ്പുറം കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഈ ഭൂവിഭാഗത്തിലാണെന്ന ചരിത്രയാഥാർത്ഥ്യത്തെ മുൻനിർത്തി ഭാരതീയരായവരാണു് നമ്മിലധികം പേരും. ആ മാനദണ്ഡമനുസരിച്ചു മൌലാനാ അബ്ദുൾ കലാം ആസാദ് ഇന്ത്യക്കാരനല്ല. പ്രവാചകന്റെ ജന്മഭൂമിയായ അറേബിയയിലാണു് അദ്ദേഹത്തിന്റെയും ജനനം. പക്ഷേ ഭാരതീയചൈതന്യത്തേയും സംസ്കാരമഹിമയേയും സാക്ഷാൽകരിച്ചിട്ടുള്ള അദ്ദേഹത്തിനു മറ്റാരേക്കാളുമേറെ ഭാരതീയതവും അവകാശപ്പെടാനുള്ള അർഹതയുണ്ടു്.



മൌലാനാ ആസാദ്.

ആകാരസൌഭാഗ്യംകൊണ്ടും പ്രഭാഷണചാതുര്യംകൊണ്ടും ആസാദിനെ അതിശയിക്കാവുന്ന സമസ്തന്ത്യാപ്രശസ്തനായ ഒരു നേതാവു് ഇന്നില്ല. സൌന്ദര്യത്തിന്റെ സാങ്കേതികലക്ഷണങ്ങളെല്ലാം അദ്ദേഹത്തിന്റെ ശരീരത്തെ അനുഗ്രഹിച്ചിട്ടുണ്ടു്: ദീർഘകായം, തേജസ്സോളം വെട്ടുന്ന നേത്രങ്ങൾ, വിശാലമായ നെറ്റിത്തടം. പ്രസംഗത്തിന്റെ സ്വരമാധുര്യം സവിശേഷം പ്രശംസനീയമാകുന്നു. വസന്തകാലത്തിലെ സുരഭിലസമീരണനെപ്പോലെ ആ ശാന്തഗംഭീരമായ ശബ്ദപ്രവാഹം നമ്മെ പുളകിതഗാത്രരും ആനന്ദമഗ്നരുമാക്കാതിരിക്കുകയില്ല. അടക്കും മുറയും ദീക്ഷിച്ചു് അണിനിരക്കുന്ന ആശയങ്ങൾ. ഭാഷാശുദ്ധിയുടെ മാതൃകകാണിക്കുന്ന പദസമൂഹങ്ങൾ. അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രോതാക്കളെ ഒരു ഭാവനാമേഖലയിലേയ്ക്കു് ആനയിക്കുന്നു. ഉർദു, പേഴ്സ്യൻ, അറബിക് എന്നീ മൂന്നു ഭാഷകളും ഒരുപോലെ അദ്ദേഹത്തിനു സ്വാധീനമാണു്. ഇംഗ്ലീഷുഭാഷ അദ്ദേഹം പ്രസംഗത്തിനു് ഉപയോഗിക്കാറില്ല.

പതിനേഴാംനൂറ്റാണ്ടിലെ സുപ്രസിദ്ധപണ്ഡിതനായ ശേകുഢാ മാലൂദ്ദീന്റെ വംശപരമ്പരയിലുൾപ്പെട്ട ദേഹമാകുന്നു ആസാദ്. അക്ഷയഭാസ്സോടുകൂടി ഇന്നും വർത്തിക്കുന്ന മുസ്ലീംധർമ്മശാസ്ത്രത്തിന്റെ ആചാര്യനാണു് ശേകുഢാ. ആസാദിന്റെ പിതാവായ ഖൈരുദ്ദീനും ഇസ്ലാമികലോകത്തിലാസകലം സുവർണ്ണമുദ്രപതിച്ച ഒരു വ്യക്തിയാണു്. അറബിയിലും പേഴ്സ്യനിലും അദ്ദേഹം പല കൃതികളും എഴുതീട്ടുണ്ടു്. ശിപ്പായിലഹളക്കാലത്തു

ചൈതന്യത്തിൻ ഇന്ത്യ വിട്ടു. അങ്ങിനെ അദ്ദേഹം മക്കയിലെത്തിത്താമസിക്കുമ്പോഴായിരുന്നു ആസാദിന്റെ ജനനം. ഒരറബിസ്ത്രീയാണ് മാതാവ്. തന്മൂലം ആസാദിന്റെ പിതൃഭാഷ ഉർദ്ദുവും മാതൃഭാഷ അറബിയുമാണെന്ന സംഗതി കൌതുകാവഹമാകുന്നു.

അൽഹസാർസവ്വകലാശാലയിൽനിന്ന് ആസാദ് വിദ്യാഭ്യാസം പൂർത്തിയാക്കി. അന്നു കേവലം പതിനാലു വയസ്സായ കുട്ടിയായിരുന്നു അദ്ദേഹം. സവ്വകലാശാലയിൽനിന്നു ലഭിച്ച സംഭാവനകളേക്കാളേറെ പണ്ഡിതനായ പിതാവിൽനിന്നു കരഗതമായ ശിക്ഷണമാണ് ആസാദിന്റെ വിജ്ഞാനത്തിന്നു് അടിത്തറപാകിയതെന്ന സംഗതി സവിശേഷം രേഖപ്പെടുത്താതെ നിവൃത്തിയില്ല.

തദനന്തരം അദ്ദേഹം പിതൃരാജ്യത്തിലേയ്ക്കു മടങ്ങി. അതിനുമുമ്പു് അദ്ദേഹം ഇന്ത്യയേയോ ഇന്ത്യ അദ്ദേഹത്തേയോ കാണുകയുണ്ടായിട്ടില്ല. ആസാദിനു് ഏറ്റവും അഭിമതമായ ഒരു തൊഴിലായിരുന്നു പത്രപ്രവർത്തനം. ധീരനായ ആ ബാലൻ 'ലീലാനൽസിദ്ധിക്' എന്ന ഒരു പത്രം തുടങ്ങി. ബാലിശമായ കൌതുകത്തിന്റേയോ സാഹസികബുദ്ധിയുടേയോ സന്താനമായിരുന്നില്ല ആ പത്രം. ആ കൊച്ചുപത്രാധിപരുടെ നിശിതമായ വിമർശനങ്ങളും സുന്ദരമായ ഭാഷാശൈലിയും ബഹുജനഹൃദയങ്ങളെ നിഷ്പ്രയാസം ആവർജ്ജിച്ചു. ഒരു പരിണതപ്രജ്ഞനായ സംസ്കാരസമ്പന്നന്റെ നിരീക്ഷണവൈഭവം വിളംബരംചെയ്യുന്നതായിരുന്നു ആ പത്രത്തിന്റെ ഏടുകൾ. സുപ്രസിദ്ധ ഉർദുമഹാകവിയായ ഹാലി ആ പ

ത്രത്തെ അകമഴിഞ്ഞു പ്രസംശിച്ചു. പത്രാധിപത്യം സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിനു സിദ്ധിച്ച പേരാണ് ആസാദ്. ആസാദ് എന്ന തൂലികാനാമം ഉപയോഗിച്ച പല ലേഖനങ്ങളും അദ്ദേഹം എഴുതീട്ടുണ്ട്. രാഷ്ട്രീയവും സാംസ്കാരികവുമായ പല കൊടുങ്കാറ്റുകളും ആഞ്ഞുവീശിയ കേന്ദ്രമായിരുന്നു, കൽക്കത്തയിൽനിന്ന് അദ്ദേഹം സമാരംഭിച്ച 'അൽഹിലാൽ'. അക്കാലത്തെ ഏറ്റവും മികച്ച പത്രമെന്നു ബഹുമതി അൽഹിലാൽ നിഷ്പ്രയാസം സമ്പാദിച്ചു. അതിന്റെ പുരോഗമനാത്മകമായ അഭിപ്രായങ്ങൾ മുസ്ലീംചിന്താമണ്ഡലത്തിലാകെ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തി. തൂലികകൊണ്ടു പയറ്റി മുസ്ലീംലോകത്തെ ഇരുത്തിയെ ആകർഷിച്ച മറ്റൊരു വ്യക്തി മഹാകവി ഇക്ബാൽ മാത്രമാകുന്നു. അൽഹിലാലിന്റെ വിപ്ലവാശയങ്ങൾ ഗവർമ്മെണ്ടിനു സഹിച്ചില്ല. പത്രമാരണനിയമങ്ങൾമുഖേന ഗവർമ്മെണ്ട് അതിന്റെ പ്രസിദ്ധീകരണം നിരോധിച്ചു. പക്ഷേ ധീരനായ ആസാദ് കൂസുങ്ങിയില്ല. അദ്ദേഹം മറ്റൊരു പത്രം തുടങ്ങി—അൽബലാഗ്. അമർഷം പൊറുക്കാനാവാതെ അധികൃതന്മാർ ആസാദിനെ ബംഗാളിൽനിന്നു നാടുകടത്തി. രാഷ്ട്രീയപ്രവർത്തനവും കാരാഗൃഹവാസവും നിമിത്തം ആസാദ് പത്രപ്രവർത്തനത്തിലേയ്ക്കു പിന്നീടു മടങ്ങിവന്നിട്ടില്ല.

രാഷ്ട്രീയചരിത്രത്തിന്റെ ഒരധ്യായമാണ് ആസാദിന്റെ അനന്തരജീവിതം. ദേശീയപ്രസ്ഥാനത്തിന്റെ അലമാലകൾക്കൊപ്പം അദ്ദേഹത്തിന്റെ ദിവസങ്ങൾ മു

ന്നോട്ടുനീങ്ങി. തുടരെത്തുടരെ പല ജന്മദിനങ്ങളും കാരാഗൃഹത്തിൽപെച്ച് അദ്ദേഹത്തെ എതിരേറ്റു. ഖിലാഫത്തു പ്രക്ഷോഭണമാണ് ആസാദിനെ ആദ്യം മുന്നണിയിലേയ്ക്കു നയിച്ച സംഭവം. ചെറുപ്പന്നേതന്നെ കോൺഗ്രസ്സിന്റെ അധ്യക്ഷസ്ഥാനം വഹിക്കുകയെന്ന ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. നേഷണൽ കോൺഗ്രസ്സിന്റെ ഏറ്റവും പ്രായംകുറഞ്ഞ അധ്യക്ഷൻ ആസാദായിരുന്നു. പിന്നീട് 1940 തൊട്ട 1946 വരേയും കോൺഗ്രസ്സിന്റെ അധ്യക്ഷൻ ആസാദായിരുന്നു. മുസ്ലീംലീഗിന്റെ ഉത്ഭവത്തിലും വളർച്ചയിലും മതാചാര്യനായ അദ്ദേഹം അനുഭാവം പ്രദർശിപ്പിച്ചെങ്കിലും അതിന്റെ ഗതി കാണുകയാണെ ദേശീയവിരുദ്ധമായതോടുകൂടി അദ്ദേഹം ലീഗിനോടുള്ള സർവ്വവിധമായ സഹകരണവും പിൻവലിച്ചു.

നിരാഡംബരമായ ജീവിതരീതി ആസാദിനു പുത്തനല്ല. ഉയർന്ന ജീവിതവും ഉയർന്ന ചിന്താഗതിയുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസപ്രമാണം. ഒന്നാംക്ലാസ്സിലായിരിക്കും എപ്പോഴും അദ്ദേഹത്തിന്റെ തീവണ്ടിയാത്ര. ചൈനയിലെ ചായിലയോട് വല്ലാത്ത ഭ്രമംതന്നെ അദ്ദേഹത്തിനുണ്ട്. സംസ്കാരംകൊണ്ടും സാഹചര്യംകൊണ്ടും ആസാദ് ഒരു സാഹിത്യനായകനോ മതാധികാരിയോ ആകുവാനായിരുന്നു ന്യായം. പക്ഷേ പാരമ്പര്യത്തിന്റെ മാർഗ്ഗത്തോട് വിടവാങ്ങി അദ്ദേഹം പുതിയ ഒരു ജീവിതസരണിയിലേയ്ക്കു പ്രവേശിച്ചു. സാഹിത്യപ്രേമമായ അദ്ദേഹത്തിന്റെ പെന്നിക്കൊടികളാകുന്നു, ഖുറാന്റെ വിവർത്തനവും ആത്മകഥയും.

ആധുനികകാലഘട്ടത്തിലെ പ്രാമാണികന്മാരായ രണ്ടു മുസ്ലീം നേതാക്കന്മാരാണ് ആസാദും ജിന്നയും. ജീവിതരീതികൊണ്ടും മനോഭാവംകൊണ്ടും ഇസ്ലാംധർമ്മത്തോട് കാര്യമായ യോജ്യത അവകാശപ്പെടാവുന്ന ആളല്ല ജിന്ന. പക്ഷേ അദ്ദേഹം മുസ്ലീംസമുദായത്തെ ചൊല്പടിയാക്കി. പാരമ്പര്യംകൊണ്ടും സംസ്കാരംകൊണ്ടും ഇസ്ലാംധർമ്മത്തോട് സാത്മ്യംപൂണ്ട ആസാദാകട്ടെ, സാമുദായികബോധത്തെ വെല്ലുവിളിച്ചു രാജ്യത്തിന്റെ പൊതുതാൽപര്യങ്ങൾക്കുവേണ്ടി പ്രയത്നിച്ചു.

ജവഹർലാൽ നെഹറു

മഹാത്മാഗാന്ധിക്കുശേഷം ജവഹർലാൽ നെഹറുവിനേപ്പോലെ അത്രയേറെ വ്യക്തവും സുദൃഢവുമായ പാദമുദ്ര ഇന്ത്യാചരിത്രത്തിൻെറ ഏടുകളിലില്ല. ആധുനികലോകം അദ്ദേഹത്തിലൂടെ നമ്മുടെ പൈതൃകസ്പന്ദമണ്ഡലത്തേയും അതിൻെറ നാഡീകേന്ദ്രമായ ഇന്ത്യയേയും ദർശിക്കുന്നു. ഇന്ത്യാചരിത്രത്തിൻെറ അഗാധതലങ്ങളിൽ കൂടി ബഹുദൂരം സഞ്ചരിച്ചു യഥാർത്ഥഭാരതത്തെ കണ്ടെത്തിയതാണ് ആ യുവചൈതന്യം തുളുമ്പുന്ന കണ്ണുകൾ. നമ്മുടെ രാജ്യത്തിൻെറ അഭിലാഷങ്ങളുടെ മാറ്റൊലിയാണ് അദ്ദേഹത്തിൻെറ ഹൃദയമിടിപ്പുകൾ. ഭാരതം പ്രാചീനമായ ഒരു രാജ്യമാണെങ്കിലും അഭിനവവും അദ്ഭുതപൂർവ്വവുമായ ഒരു ചൈതന്യം അതിനു കൈവന്നുകഴിഞ്ഞിട്ട് കാലമേറെ ചെന്നിട്ടില്ല. നമ്മുടെ രാജ്യത്തിൻെറ ആ സവിശേഷത തികച്ചും പ്രതിഫലിപ്പിക്കുന്നു വ്യക്തിയാണ് പ്രധാനമന്ത്രി ജവഹർലാൽ നെഹറു.

1949 നവമ്പർ 14-ാംനു- അദ്ദേഹത്തിന് അറുപതു വയസ്സു തികഞ്ഞിരിക്കുന്നു. ഒരു ഭാരതീയനെസ്സംബന്ധിച്ചിടത്തോളം അപരുതു വയസ്സ് ഗണനീയമായ ഒരായുർദൈർഘ്യമാണെന്നു പറയാതെ നിവൃത്തിയില്ല. അതേ അവസരം ജവഹർലാലിൻെറ ജീവചരിത്രരംഗങ്ങൾക്കു സാക്ഷ്യം വഹിച്ചുനില്ക്കുന്ന ഇന്നത്തെ തലമുറയ്ക്ക് വാർദ്ധക്യം ആ യുവചൈതന്യത്തെ സമീപിച്ചുവെന്നു ചിന്തിക്കുവാനേ പ്രയാസമാകുന്നു. യുവസഹജമായ ഔത്സുക്യവും



ജവഹർലാൽ നെഹറു.

സമരാവേശവും ഇന്നും അദ്ദേഹത്തിന്റെ രക്തസിരകൾക്കു ചൂടുപിടിപ്പിക്കുന്നുണ്ട്. കരുപടയാളിയുടെ വീരാരാട്ടം അച്ചടക്കത്തോടുംകൂടിയതാണ് അദ്ദേഹത്തിന്റെ കാൽവെപ്പുകൾ. ഋതുരാജനെന്നു ജവഹർലാലിനെ പ്രകീർത്തിച്ച മഹാകവി ടാഗോർ ആ വസ്തുത കാലേ മനസ്സിലാക്കി. താരുംതളിരുമണിഞ്ഞു പ്രസന്നഭാവം പൂണ്ടരുളുന്ന വസന്തത്തിന്റെ പ്രതീതി അദ്ദേഹം നമ്മിലുളവാക്കുന്നുണ്ട്. കാലത്തിന്റെ കൈപ്പാടുകൾ ആ ഭൌതികദേഹത്തെ ബാധിച്ചിരിക്കാമെങ്കിലും യുവചൈതന്യത്തിന്റെ ഭവ്യവേദിയാണ് അദ്ദേഹത്തിന്റെ ഹൃദയം.

അദ്ദേഹം പിന്നിട്ട ഭൂതകാലാധ്യായങ്ങൾ ആരെയാരെ പുളകം കൊള്ളിക്കുകയില്ല! രാജകീയമായ ആഭ്യന്തരങ്ങളുടേയും സുഖഭോഗങ്ങളുടേയും നടുവിലായിരുന്ന അദ്ദേഹത്തിന്റെ വളർച്ച. ജീവിതക്ലേശങ്ങളും ദാരുണരംഗങ്ങളും അദ്ദേഹത്തിനു കാണേണ്ടിവന്നിട്ടില്ല. ഈ അംശത്തെ സ്സംബന്ധിച്ചിടത്തോളം ജവഹർലാലിനു ശ്രീ. ബുദ്ധന്റെ ജീവിതത്തോടു സാദൃശ്യമുണ്ട്. യാതനകളുടെ സ്വാധീനവലയത്തിനപ്പുറം സ്ഥിതിചെയ്യുന്ന സുഖദസുന്ദരമായ കരു കൃത്രിമലോകം ഇരുവർക്കും സിദ്ധിച്ചു. പക്ഷേ അവർ സദാപി നാരകീയയാതനകളിലേയ്ക്കു ദൃഷ്ടി തിരിച്ചു് അസ്വതന്ത്രജനതയുടെ മുക്തിക്കുവേണ്ടി സ്വജീവിതങ്ങൾ സമർപ്പിച്ചു.

ഗാന്ധിജിയും ജവഹർലാലുമാണ് ഭാരതീയരുടെ ഭാവനയെ ഏറ്റവുമധികം വശീകരിച്ച അടുത്ത കാലത്തെ രണ്ടു നേതാക്കന്മാർ. ആധ്യാത്മികമായ പ്രവണതകൾ ഗാ

ന്ധിജിയുടെ ജനസ്വാധീനത്തിന്റെ വളരെയേറെ സംഭാവന ചെയ്തിട്ടുണ്ട്. ആധ്യാത്മചിന്തകൊണ്ടു മേമ്പൊടി പൂശാത്ത വ്യക്തിപ്രഭാവത്തെ സ്വതേ ഭാരതീയർ ബഹുമാനിക്കാറില്ല. ചിന്താഗതിയിലും ജീവിതരീതിയിലും നൂറു ശതമാനം ഭൌതികപക്ഷപാതിയായ നെഹറു ഇത്രയേറെ ഇന്ത്യൻജനതയുടെ പ്രീതിഭാജനമായെന്നു വസ്തുതയിദ്ദേശീയർക്ക് ഒരു മഹാത്ഭുതമാണ്. ആധ്യാത്മികപ്രഭത്തെ രാഷ്ട്രീയലോകത്തിൽക്കൂടി പ്രതിഷ്ഠിച്ച മഹാത്മജിയുടെ ശിഷ്യത്വം നെഹറുവും നെഹറുവിന്റെ ഗുരുസ്ഥാനം മഹാത്മജിയും എങ്ങിനെ സഹിച്ചുവെന്ന് ആശ്ചര്യപ്പെടാത്തവരില്ല. മതം കുടുംബത്തിലെ സ്ത്രീകളുടെ കാര്യം മാത്രമാണെന്നാകുന്നു നെഹറുവിന്റെ വിശ്വാസം. അങ്ങിനെ തികച്ചും ഭൌതികനാണ് ആത്മീയഭാരതത്തിന്റെ പ്രധാനമന്ത്രി. ഇപ്പോൾ ഇന്ത്യയിലെ പുതിയ തലമുറയുടെ മനോഭാവത്തിനു വന്ന പരിവർത്തനവും നെഹറുവിന്റെ സ്വഭാവഘടനയും നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഗാന്ധിജിതന്നെ പ്രസ്താവിച്ചതുപോലെ പളുങ്കിന്റെ നൈർമ്മല്യം സ്ഫുരിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ ആത്മാർത്ഥത. ത്യാഗത്തിന്റെ മഹാഭാരം പേറി എത്ര ദൂരം സഞ്ചരിക്കുവാനും അദ്ദേഹത്തിനു കരുത്തും കരളുറപ്പുമുണ്ട്. ഐക്യസംസ്ഥാനത്തിലെ കഷ്ടകജനതയെ സംഘടിപ്പിക്കുന്നതിനുവേണ്ടി എത്രയേറെ സേവകരെങ്ങാം പൊഴിച്ചതാണ് ആ നെറിത്തടം! തിരഞ്ഞെടുപ്പുകാലങ്ങളിലെല്ലാം കൊടുങ്കാറ്റിന്റെ ശീഘ്രതയോടുകൂടി കാശ്മീർതൊട്ട കന്യാകുമാരിവരെ അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്.

ജവഹർലാൽ മതത്തിന്റെ വക്താവല്ലെങ്കിലും ഇന്ത്യയുടെ ആധ്യാത്മികമഹത്വത്തേയും സാംസ്കാരികോൽക്കൃഷ്ടത്തേയും അകമഴിഞ്ഞു സ്നേഹിക്കുന്നു. ഭാരതീയസംസ്കാരത്തിന്റെ അന്തരാത്മാവിനോട് അദ്ദേഹം തന്റെ വിശേഷാത്തരഗ്രന്ഥങ്ങളിലൂടെ നമ്മസ്ക്കാരം ചെയ്തിട്ടുണ്ട്. ഹിമാലയത്തിന്റെ അത്യുന്നതശൃംഗങ്ങളിലൂടെ ഒരു തീർത്ഥാടനം നടത്തണമെന്ന ആഗ്രഹം ഇന്നും തനിക്കുണ്ടെന്നു ജവഹറിന്റെ ആത്മകഥ പ്രസ്താവിക്കുന്നു.

അദ്ദേഹത്തിന്റെ ജീവിതം ഉടനീളം പരിശോധിക്കുന്നവർക്ക് ഒരു വീരയോദ്ധാവിന്റെ സ്മരണ ജനിക്കുന്നു. രജപുത്രരക്തം ആ കാശ്മീർബ്രാഹ്മണന്റെ സിരകളിലാകെ കാളമടിക്കുന്നുണ്ട്. ആ ധീരോദാത്തന്റെ രക്തം എത്രയേറെ അരുണിമപൂണ്ടതാണെന്നു നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം പ്രസ്പഷ്ടമാക്കുന്നു. സമരവീര്യം മാത്രമല്ല, സമാധാനത്തിന്റെ നിലനില്പിനുവേണ്ട ഘടകങ്ങളുമുടി ആ യോദ്ധാവിലുണ്ട്. എന്നും അച്ചടക്കത്തെ അദ്ദേഹം പരമാവധിവരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. തന്റെ അനുയായികളുടെ ലഘുവായ അച്ചടക്കലംഘനത്തെക്കുടി അദ്ദേഹം പൊറുത്തിട്ടുമില്ല. ആ അച്ചടക്കബോധമാണ് പടവെട്ടാനെന്നപോലെ സമാധാനം പുലത്താനും അദ്ദേഹം പ്രാപ്തനാണെന്നു വരുത്തിയിരിയ്ക്കുന്നതിന്റെ പൊരുൾ. സമരത്തിലും സമാധാനത്തിലും ഒരുപോലെ തീക്ഷ്ണപ്രഭ ചിതറുന്ന നേതാക്കന്മാർ അധികമില്ല. ചൈനയുടെ രാഷ്ട്രപിതാവായ സൺയറ്റ്സൺ സ്വാതന്ത്ര്യസമരത്തെ പീ

റോട്ടം പൈതൃകത്തോടുകൂടി നയിച്ചു. പക്ഷേ സമാധാനപൂർവ്വം രാജ്യഭരണം നിർവ്വഹിക്കത്തക്ക തന്ത്രജ്ഞത അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഭരണകർത്താവെന്ന നിലയ്ക്ക് ഒരു പരാജയമായിരുന്നു അദ്ദേഹം. ഇന്ത്യയിലെ ചില വിഭാഗങ്ങൾ നെഹറുവിനേയും ച്യാങ്കായ്ഷേയേയും താരതമ്യപ്പെടുത്തിക്കേട്ടിട്ടുണ്ട്. ഭാവനാദരിദ്രനായ ച്യാങ്കായ്ഷേയോട് അദ്ദേഹത്തിന് ഒരു നിലയ്ക്കും സാധർമ്മ്യമില്ല. ഒരു ബുദ്ധിമാനും വിഡ്ഢിയും തമ്മിലുള്ള വ്യത്യാസമാണ് ജവഹർലാലും ച്യാങ്കായ്ഷേയും തമ്മിലുള്ള ബന്ധം.

പാശ്ചാത്യസംസ്കാരത്തിനേറെയും പൌരസ്ത്യസംസ്കാരത്തിനേറെയും സ്വാധീനശക്തി നെഹറുവിനെറ വ്യക്തിത്വത്തിലുണ്ട്. അദ്ദേഹത്തിനെറ ബുദ്ധി പാശ്ചാത്യപക്ഷത്തേയ്ക്കും ഹൃദയം പൌരസ്ത്യപക്ഷത്തേയ്ക്കും ചാഞ്ഞുനില്ക്കുന്നു. രണ്ടു ശക്തികളും അദ്ദേഹത്തെ രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും ബുദ്ധിയല്ല ഹൃദയമാണ് നെഹറുവിനെറ രാഷ്ട്രീയജീവിതത്തെ ഭരിച്ചിട്ടുള്ളതെന്ന് ആക്ഷം സമ്മതിക്കാതെ നിവൃത്തിയില്ല. നേരെമറിച്ചാണ് ഗാന്ധിജി. പാശ്ചാത്യവും ശാസ്ത്രീയവുമായ പ്രതിഭാസങ്ങൾക്കുകൂടി മഹാത്മാവു പൌരസ്ത്യചിന്തയുടെ ചായമിട്ടു. പക്ഷേ നമ്മുടെ തലമുറയ്ക്ക് ഗാന്ധിജിയുടെ വീക്ഷണഗതികൾ നെഹറുവിനെറ വ്യാഖ്യാനത്തോടുകൂടി വായിച്ചാലേ മനസ്സിലാവൂ എന്നായിട്ടുണ്ട്.

അല്മോഡാണ് നെഹറുവിനെറ ജന്മദേശം. അദ്ദേഹത്തിനെറ വസതിയും നാഷണൽ കോൺഗ്രസ്സിനെറ ഈറ്റില്ലവുമായ 'ആനന്ദഭവനം' അവിടെ സ്ഥിതിചെ

യുന്നു. അല്മോഡാടിനു സമീപമാണ് ഗംഗയും കാളിന്ദിയും പരസ്പരം കെട്ടിപ്പുണരുന്ന ത്രിവേണി. പട്ടാഭി സീതാരാമയ്യ പ്രസ്താവിച്ചതുപോലെ ജവഹറിനെപ്പറ്റി ചിന്തിക്കുമ്പോൾ ത്രിവേണിയെ അനുസ്മരിക്കാതെ നിവൃത്തിയില്ല. പാശ്ചാത്യവും പൌരസ്ത്യവുമായ രണ്ടു നീരുറവുകൾ സമ്മേളിക്കുന്ന ത്രിവേണിയാണ് അദ്ദേഹം. സാദൃശ്യം അതുകൊണ്ടവസാനിച്ചില്ല. സോഷ്യലിസത്തിന്റേയും ഗാന്ധിസത്തിന്റേയും സുമധുരമായ കരുചേർച്ചയാണ് അദ്ദേഹം. കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് വിഭാഗത്തെയും ഗാന്ധിസ്റ്റ് വിഭാഗത്തെയും അനുരഞ്ജിപ്പിച്ചു നിർത്തിയ കരുത്തുറ്റ ശൃംഖലയായിരുന്നു ജവഹർലാൽ.

നെഹ്റുവിന്റെ വ്യക്തിത്വത്തിലെ ആ വിഭിന്ന ഘടകങ്ങൾ അദ്ദേഹം നേരിട്ടു കൈകാര്യംചെയ്യുന്ന വിദേശകാര്യവകുപ്പിന്റെ നയത്തിലും പ്രതിഫലിക്കുന്നു. റഷ്യയോടും അമേരിക്കയോടും ഒരേസമയം മൈത്രീബന്ധം പുലർത്തണമെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. ലോകസമാധാനത്തിന്റെ മാർഗ്ഗം അതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. മുറിമരുന്നുകൊണ്ടു കാര്യമില്ലെന്നും യുദ്ധത്തിന്റെ മൌലികകാരണങ്ങൾതന്നെ പിഴുതെറിയണമെന്നും അദ്ദേഹം അമേരിക്കയെ ഉപദേശിച്ചു.

കോൺഗ്രസ്സിന്റെ ഒരു സമ്മേളനത്തിൽവെച്ചു മോട്ടിലാൽ നെഹ്റു മിതവാദികളുടെ നയത്തെ ന്യായീകരിച്ചുകൊണ്ടു പ്രസംഗിക്കുകയായിരുന്നു. ഉടനെ ഹാളിന്റെ ഏതോ ഒരു കോണിൽനിന്നു പ്രതിഷേധശബ്ദം പൊങ്ങിക്കേട്ടു. പഴയ തലമുറയുടെ യാഥാസ്ഥിതികത്വ

ത്തിനെതിരെ പുതിയ തലമുറ തൊട്ടത്ത ഒരു വെല്ലുവിളി യായിരുന്നു അതു്. ആ പ്രതിഷേധശബ്ദത്തിന്റെ ഉടമസ്ഥൻ മോട്ടിലാലിന്റെ പ്രിയപുത്രനായ ജവഹർലാലല്ലാതെ മറ്റാരുമായിരുന്നില്ല. ആ വെല്ലുവിളി പശ്ചാത്തലവ്യത്യാസത്തോടുകൂടി അദ്ദേഹത്തിന്റെ എല്ലാ ജീവിത മണ്ഡലങ്ങളിലും തെളിഞ്ഞുമിന്നിയിട്ടുണ്ട്. ചെറുപ്പന്നേ തന്നെ ലോകമാന്യതിലകന്റെ തീവ്രവാദത്തോടായിരുന്നു അദ്ദേഹത്തിനു് അനുഭാവം. നെഹറുവിന്റെ പരിശ്രമഫലമാണു് കോൺഗ്രസ്സിന്റെ സാമ്പത്തികലക്ഷ്യം പ്രഖ്യാപനംചെയ്യുന്ന പുരോഗമനോന്മുഖമായ കറാച്ചിപ്രമേയം. ജവഹർലാൽതന്നെയാണു് പരിപൂർണ്ണസ്വാതന്ത്ര്യം ആവശ്യപ്പെടുന്ന ലാഹോർപ്രമേയത്തിന്റെ പിന്നിലും മുന്നിലുമുള്ള പ്രേരണാശക്തി. അദ്ദേഹമായിരുന്നു ബ്രസ്സൽസ്സിൽവെച്ചു ചേർന്ന മർദ്ദിതരാഷ്ട്രങ്ങളുടെ സംയുക്തസമ്മേളനത്തിലെ ഇന്ത്യൻപ്രതിനിധി. മൂന്നുതവണ നെഹറു നാഷണൽ കോൺഗ്രസ്സിന്റെ അധ്യക്ഷസ്ഥാനം അലങ്കരിച്ചിട്ടുണ്ട്. നാടുവാഴിപ്രഭുത്വം കാളം വെട്ടുന്ന ഒരന്തരീക്ഷത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. പക്ഷേ ആ സംസ്കാരത്തോടുള്ള സുവ്യക്തമായ ഒരു വെല്ലുവിളിയാണു് നെഹറുവിന്റെ ജീവിതം. മൌലാന, പണ്ഡിറ്റ്, മിസ്റ്റർ എന്നീ ബഹുമാനപദങ്ങൾ ബൂഷ്വാമുദ്രകളാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹം എ. ഐ. സി. സി. സിക്രട്ടറിയായിരുന്ന കാലം മുതൽക്കു കോൺഗ്രസ്സ് ബഹുമാനപദങ്ങൾ വർജ്ജിച്ചിരിക്കയാണു്. ബഹുജനസമ്പർക്കത്തിൽനിന്നുള്ള അകൽച്ച

യാണ് ബൃഷ്ടാസംസ്കാരത്തിന്റെ മറൊരു ലക്ഷണം. നേരെ മറിച്ചു സാമാന്യജനങ്ങളോടുള്ള വേഴ്ച ജവഹർലാലിനെപ്പോലെ ഇഷ്ടപ്പെടുന്ന അഖിലേന്ത്യാനേതാവു വേറെ ഉണ്ടെന്നു തോന്നുന്നില്ല.

ലോകത്തിന്റെ പ്രത്യാശയും ഏഷ്യയുടെ ശക്തിയും ഇന്ത്യയുടെ അഭിമാനവുമാണ് ഇന്നത്തെ ജവഹർലാൽ നെഹറു.

ഗന്ധിജിയേയും സ്റ്റാലിനേയും താരതമ്യപ്പെടുത്തി ഈയിടെ പ്രശസ്ത അമേരിക്കൻഗ്രന്ഥകാരനായ ലൂയി ഫിഷർ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ലോകത്തിന്റെ രണ്ടു വ്യത്യസ്തധ്രുവങ്ങൾക്കു പ്രതിനിധീഭവിക്കുന്ന ആ വ്യക്തികൾക്കു സാധർമ്മ്യം ശകലംപോലുമില്ല, വൈധർമ്മ്യമാണ് മുഴുവനും. കരാൾ യഥാർത്ഥജനാധിപത്യത്തിന്റെ സുവർണ്ണമുദ്ര; മറേറയാൾ പരിപൂർണ്ണസേച്ഛാധിപത്യത്തിന്റെ പടവാൾ. അതിൻവിധം പ്രധാനമന്ത്രി നെഹറുവിനേയും ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ പട്ടേലിനേയും വകതിരിച്ചു വീക്ഷിക്കുന്ന ഒരു വിഭാഗം ഇന്നത്തെ ഇന്ത്യയിലുണ്ട്. അടുപ്പത്തേക്കാളേറെ അകൽച്ചയും ആനുകൂല്യത്തേക്കാളേറെ പ്രാതികൂല്യവും ഉൾക്കൊള്ളുന്നതാണെന്നു പറയുന്ന ഇരുനേതാക്കന്മാരുടേയും ആദർശവിശേഷങ്ങൾ.

ശരിയാണ്, തൊലിപ്പുറം വിട്ടു ചിന്തിക്കാത്തവർക്ക് അങ്ങനെയല്ലാതെ തോന്നാനവകാശമില്ല. ഹൃദയാവർജ്ജകമായ ഒരു നാടകീയതയും നവീനതയും നെഹറുവിനുണ്ട്. അദ്ദേഹത്തിന്റെ സ്വഭാവഘടനയിലെ ഏറ

യും മനുഷ്യനിലുണ്ടായിരുന്ന സവിശേഷതയായ ആ ഹൃദ്യമായ മനുഷ്യത്വം അത്രയേറെ മറ്റൊരു നേതാവിനും അവകാശപ്പെടാനാവില്ല. നേരെമറിച്ച് പട്ടേൽ സ്വതേ കരുത്തനായ മനുഷ്യനാണെന്നാണ് തോന്നുക. ആ പരുഷവശങ്ങൾ വികാരതരളിതമായ കരാർഹൃദയത്തിന്റെ ആവരണം മാത്രമാണെന്നു മൌണ്ട്ബാറ്റൻ പ്രഭു പറഞ്ഞെങ്കിലും എനിക്കും നിങ്ങൾക്കും വിശ്വാസം വന്നിട്ടില്ല. ബാഹ്യമായ വൈരുദ്ധ്യങ്ങൾ ആ അഭിവന്ദ്യന്മാരുടെ അടിത്തട്ടിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നുണ്ടോ എന്നതാണ് പ്രശ്നം. ഇന്ത്യയുടെ വഴിത്തിരിവിലെ രണ്ടു വ്യത്യസ്തചിഹ്നങ്ങളല്ല നെഹ്രുവും പട്ടേലും. രണ്ടു തേജഃപുഞ്ജത്തിന്റെ നിഴലും വെളിച്ചവുമാണവർ.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
000025 29
LR R12